SINCE 1976

# ഐക്യദീപം

വില 10 രൂപ 2022 ജനുവരി – ഫെബ്രുവരി





മിന്നും വിജയം

interview

## സഭകളും സഭൈക്യ പ്രാർത്ഥനാവാരവും

## സഭൈക്യപ്രസ്ഥാനങ്ങളുടെ തുടക്കവും തുടർച്ചയും

## മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യം

## വർത്തമാനകാല ജീവിതസത്യങ്ങൾ

LEARN
GERMAN
LANGUAGE

Courses Offerd

- A1
- A2
- B1
- B2



# CARDIOT LANGUAGE ACADEMY

**An institute for making students eligible with language efficiency in German Language**

**Onsite or online classes**

**Native German teachers straight from Germany and Indian teachers trained in Germany**

**Located in Tiruvalla and just One Kilometer away from Tiruvalla Center**

**Next Batch will be started on 17th January**

**Preparing students for Internationally recognized examinations**



**CARDIOT LANGUAGE ACADEMY**
Owned and Managed by the
Cardiot Medical Services Pvt. Ltd.
Near Revenue Tower, Kacheripady
Tiruvalla. Phone: 9496721983
Email: cardiotgerman@gmail.com
www.cardiotlanguageacademy.com

# ഉള്ളടക്കം
contents


4 എഡിറ്റോറിയൽ

6 ഇടയശബ്ദം



9 സഭൈക്യവാര പ്രാർത്ഥന : സഭൈക്യപ്രസ്ഥാനങ്ങളുടെ തുടക്കവും തുടർച്ചയും
ഫാ. രഞ്ജിത്ത് ആലുങ്കൽ




14 മിന്നും വിജയം



17 സഭകളും സഭൈക്യ പ്രാർത്ഥനാവാരവും
ഫാ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ



19 മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യം
ഫാ. ജോർജ് തേക്കടയിൽ



23 വർത്തമാനകാല ജീവിതസത്യങ്ങൾ
മീരാകൃഷ്ണ


## സ്ഥിരം പംക്തികൾ


25. ജാലകം
മെർലിൻ മേരി മാത്യു

27. സുറിയാനി സഭാ പാരമ്പര്യം
ഫാ. ജോസഫ് കളരിപ്പറമ്പിൽ

29. ആരോഗ്യം
ഡോ. മഞ്ജു ജോർജ് ഇലഞ്ഞിയ്ക്കൽ

32. മനഃശാസ്ത്രം
ഫാ. സ്റ്റാൻലി തെങ്ങുവേലിൽ

34. ബാലദീപം
പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

35. ഹോമിയോപ്പതി
ഡോ. സി. ഐറിൻ എസ്.ഐ.സി.

35. സുറിയാനി ഭാഷാ പഠനം
ഫാ. ഡോ. രാജു പറക്കോട്ട്

35. മല്പാനോടു ചോദിക്കാം

35. ഉള്ളതുപറഞ്ഞാൽ
അഡ്വ. വിനോദ് മാത്യു വിൽസൺ






ഐക്യദീപം
aikyadeepam

2022 ജനുവരി-ഫെബ്രുവരി
പുസ്തകം 53 ലക്കം 01

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

മാനേജർ
ഫാ. മാത്യു പുനക്കുളം

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗ്ഗീസ് ഐസക് തെക്കേടത്ത്

Annual Subscription Rs.120.00
Single Copy Rs. 10.00
Overseas: $40.00 or 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. UBIN0811017
SWIFT CODE: ANDBINBB

Printed at: Mangalam Webmedia
Kottayam

Desinged by : Greeshma Designs
Kottayam. Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor,
Aikyadeepam Monthly,
St. John's Metropolitan Cathedral,
Tiruvalla - 689 101.
Phone: 0469-2600626
E-mail: aikyadeepamtvla@gmail.com

# സഭൈക്യത്തിന്റെ വാതിലുകൾ തുറക്കാം



EDITORIAL



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ



“വാതിൽ തുറന്നു വരു സ്വച്ഛമായ ഭൂമികയിലേക്ക്... വിശാലമായ ആ പുൽമേട്ടിൽ ഐക്യത്തിനായി കാത്തിരിക്കുന്ന ഒരു ഇടയൻ ഉണ്ട്. ആ ഇടയന്റെ പ്രാർത്ഥന അവിടെ മുഴങ്ങുന്നുണ്ട്.”



ആരൊക്കെയോ അടച്ചിട്ട വാതിലുകൾ നമുക്ക് തുറന്നിടാം...
ജനാലകളിലെ പഴയ മാറാലകൾ ഒന്ന് തുടച്ചുനീക്കാം...
തെളിമ നഷ്ടപ്പെട്ടുപോയ ആ ചില്ലു ജാലകങ്ങൾ ഒരിക്കൽകൂടി
വൃത്തിയാക്കാം... പ്രകാശകിരണങ്ങൾ ഉള്ളിലേക്ക് വിരുന്ന് വരട്ടെ ...
പുറത്തെ കാഴ്ചകൾ കൂടുതൽ ഹരിതം ആകട്ടെ...
കണ്ണുകളിൽ ആഗ്രഹിക്കുന്ന കാഴ്ചകൾ നിറയട്ടെ.

നൂലിന്റെ ഇഴയടുപ്പം കുറഞ്ഞ് നേർത്തുനേർത്ത് മുറിഞ്ഞു പോകുന്നതുപോലെ സഭകൾ ഇന്ന് അകലുകയാണ്. ചരിത്രത്തിന്റെ മുറിവുകൾ ഇന്നും രക്തം ഉണങ്ങാതെ അവശേഷിക്കുമ്പോൾ സഭകൾ തമ്മിലുള്ള അകലങ്ങൾ വർദ്ധിക്കുകയാണ്, അനൈക്യത്തിന്റെ ചരിത്രം ഇനിയും നാം ആവർത്തിക്കണോ?. ഐക്യത്തിനുള്ള ചില പരിശ്രമങ്ങൾ നമുക്ക് ഇന്ന് ആവശ്യമാണ്. ജനുവരി 18 മുതൽ 25 വരെയുള്ള ദിവസങ്ങൾ സഭൈക്യത്തിന്റെ ധന്യ ദിനങ്ങളാണ്. വിഭാഗീയതകൾ മറന്ന് സ്വത്വബോധത്തോടെ ക്രൈസ്തവസഭകൾ ഒരുമിച്ചു പ്രാർത്ഥിക്കുന്ന ദിനങ്ങൾ. സഭൈക്യം എന്ന സ്വപ്നം നാം കാത്തിരിക്കുന്നതും സംഭവിക്കേണ്ടതുമായ യാഥാർത്ഥ്യമാണ്. 'റിലീജിയൻ' എന്ന വാക്കിന്റെ അർത്ഥം തന്നെ 'ബന്ധം' എന്നാണ്. എന്നാൽ ഇന്ന് മതങ്ങൾ തമ്മിൽ അകലുകയാണ്, സഭകൾ തമ്മിൽ അകലുകയാണ്, അകൽച്ചയുടെ കണ്ണികൾ വലുതാവുകയാണ്. ഇവിടെയാണ് ഈ സഭൈക്യവാരം പ്രസക്തമാകുന്നത്. സഭൈക്യവാരത്തിന്റെ തുടക്കവും ചരിത്രവും ലേഖനങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം 2022 ലെ സഭൈക്യ വിഷയവും ഈ ലക്കം ഐക്യദീപം ചർച്ച ചെയ്യുന്നു.

മരണത്തിൽനിന്ന് ജീവനിലേക്ക്, അന്ധതയിൽ നിന്ന് കാഴ്ചയിലേക്ക്, നിസ്സഹായതയിൽ നിന്ന് സ്വാധീനത്തിലേക്ക്, ബധിരതയിൽ നിന്ന് കേൾവിയിലേക്ക്, മൂകതയിൽ നിന്ന് വാചാലതയിലേക്ക്, ലോകത്തെ നയിച്ച സുവിശേഷമാണ് യേശുക്രിസ്തു... ആ സുവിശേഷത്തിന്റെ വക്താക്കൾക്ക് പ്രാർത്ഥനയുടെ കരങ്ങൾ ഒരുമിച്ച് ചേർത്ത് പിടിക്കാൻ സാധിക്കുമ്പോൾ മാത്രമാണ് സഭൈക്യം സാധ്യമാകുന്നത്.

വാതിൽ തുറന്നു വരൂ സ്വച്ഛമായ ഭൂമികയിലേക്ക്... വിശാലമായ ആ പുൽമേട്ടിൽ ഐക്യത്തിനായി കാത്തിരിക്കുന്ന ഒരു ഇടയൻ ഉണ്ട്. ആ ഇടയന്റെ പ്രാർത്ഥന അവിടെ മുഴങ്ങുന്നുണ്ട്. 'അവർ എല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചു എന്ന് ലോകമറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' (യോഹ 17:21).

**ചീഫ് എഡിറ്റർ**

“

**Oikon എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് എക്യുമെനിസം എന്ന വാക്ക് ഉത്ഭവിച്ചിരിക്കുന്നത്. ഈ വാക്ക് സൂചിപ്പിക്കുന്നതുപോലെ ലോകം മുഴുവനിലും വസിക്കുന്ന എല്ലാ ജനങ്ങളും ജീവജാലങ്ങളും ഒരു കുടുംബത്തിന്റെ ഭാഗമാണ്. ഭാരതീയ പാരമ്പര്യത്തിൽ വസുധൈവ കുടുംബകം എന്നും പറയുന്നു. ഐക്യത്തിന്റെ ഈ രഹസ്യം നമ്മിൽ വസിക്കുന്നുണ്ടെങ്കിൽ ഏതു പ്രതിസന്ധിയേയും വിപരീത ചിന്തകളെയും അതിജീവിച്ച് ഐക്യത്തിൽ എത്തുവാൻ നമുക്ക് സാധിക്കും.**

”

## ഇടയശബ്ദം



# ദൈവം പ്രസാദിക്കുന്ന ഒരുമ സഭയുടെ ലക്ഷണം

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)**

**അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു (യോഹ. 17: 21).**

ക്രിസ്തുവിന്റെ ഈ പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രതിഫലിച്ചെങ്കിൽ മാത്രമെ നമുക്കു ക്രിസ്തു ശിഷ്യരായിരിക്കുവാൻ സാധിക്കൂ. ഇതര മതങ്ങളിലും നന്മയുടെ സ്ഫുരണങ്ങൾ ഉണ്ട് എന്നു നാം അറിയണം. ക്രൈസ്തവ സഭാസമൂഹങ്ങളിൽ ആരാധനയുടെയും പാരമ്പര്യങ്ങളുടെയും വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അവരുമായി എന്നെ ബന്ധിപ്പിക്കുന്ന അടിസ്ഥാന സത്യങ്ങൾ ഉണ്ട് എന്ന് തിരിച്ചറിയുക; എന്നെ മറ്റുള്ളവരിലും മറ്റുള്ളവരെ എന്നിലും കാണാനുള്ള മനോഭാവം വളർത്തിയെടുക്കുക, കാരണം നമ്മൾ ദൈവ മക്കളാണ്.

പ്രതീക്ഷകളുടെ പുതിയ വർഷത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നു. സഭൈക്യത്തിന്റെ പ്രാധാന്യം മനസിലാക്കി നാം ഒരുമിച്ച് കൂടുന്ന അവസരമാണല്ലോ ജനുവരി മാസത്തിലെ അഷ്ടപ്രാർത്ഥനാദിനങ്ങൾ. പ്രാർത്ഥിക്കുവാനും ആത്മീക എക്യുമെനിക്കൽ പ്രവർത്തികളിൽ പങ്കാളികളാകുവാനുമുള്ള അവസരങ്ങളാണിത്. നമ്മൾ ക്രിസ്തുവിൽ ഒന്നാണ് എന്നത് പരമപ്രധാനമായ കാര്യമാണ്. ആദിമ സഭയിലെ പിതാക്കന്മാരും വിശ്വാസികളും വ്യത്യസ്തതയിലും ഒന്നിച്ചു നിന്നു എന്നത് നാം ഓർക്കണം. അതാണ് നമ്മുടെ ശക്തിയും നമ്മുടെ പാരമ്പര്യവും. “ലോകം മുഴുവനിലും വ്യാപിച്ചിരിക്കുന്നത്, ഭവനം” എന്നീ അർത്ഥം വരുന്ന

**Oikon** എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് എക്യുമെനിസം എന്ന വാക്ക് ഉത്ഭവിച്ചിരിക്കുന്നത്. ഈ വാക്ക് സൂചിപ്പിക്കുന്നതുപോലെ ലോകം മുഴുവനിലും വസിക്കുന്ന എല്ലാ ജനങ്ങളും ജീവജാലങ്ങളും ഒരു കുടുംബത്തിന്റെ ഭാഗമാണ്. ഭാരതീയ പാരമ്പര്യത്തിൽ വസുദൈവ കുടുംബകം എന്നും പറയുന്നു. ഐക്യത്തിന്റെ ഈ രഹസ്യം നമ്മിൽ വസിക്കുന്നുണ്ടെങ്കിൽ ഏതു പ്രതിസന്ധിയേയും വിപരീത ചിന്തകളെയും അതിജീവിച്ച് ഐക്യത്തിൽ എത്തുവാൻ നമുക്ക് സാധിക്കും.

രണ്ട് ചരിത്ര സംഭവങ്ങൾ ഐക്യത്തെകുറിച്ച് നമ്മെ അനുസ്മരിപ്പിക്കുന്നു: ജറുസലേമിൽ 1964 ജനുവരി മാസം 6-ാം തീയതി പോൾ ആറാമൻ മാർപാപ്പായും അത്തെനാഗോരസ് ഒന്നാമൻ പാത്രിയർക്കിസും പരസ്പരം കണ്ടുമുട്ടിയതും ആശ്ലേഷിച്ചതും; രണ്ടാമത് നമ്മുടെ ഈ കൊച്ചു കേരളത്തിൽ പുരൈക്യത്തിനുശേഷം ആദ്യമായി മലങ്കര കത്തോലിക്ക സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ, വിവിധ സഭകളുടെയും സമുദായപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മർത്തോമ മാത്യൂസ് ത്രിതീയൻ ബാവാതിരുമേനിക്ക് 2021 നവംബർ 26-ാം തീയതി തിരുവനന്തപുരം പട്ടം അരമനയിൽ നല്കിയ പ്രൗഢഗംഭീരമായ സ്വീകരണം. ചരിത്രത്തിലെ ഇതുപോലെയുള്ള ആശ്ലേഷണങ്ങൾ ആകസ്മികമായി സംഭവിക്കുന്നതല്ല, മറിച്ച് നിരന്തരമായ പ്രാർത്ഥനയുടെയും പുണ്യപിതാക്കന്മാരുടെ സമർപ്പണത്തിലൂടെയും സംഭവിക്കുന്നതാണ്.

സഭൈക്യത്തിന്റെ മാസം ആചരിക്കുമ്പോൾ അനുരഞ്ജനത്തിലേക്ക് നയിക്കുന്ന ചില അടിസ്ഥാന കാര്യങ്ങൾ നാം മനസിലാക്കേണ്ടതുണ്ട്.

### 1) നമുക്ക് പൊതുവായ ഒരു വ്യക്തിത്വമുണ്ട്:

വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നാണ് (ഗലാ. 3: 28). എന്നാൽ ഇതിന്റെ അർത്ഥം എല്ലാവരും ഒരേ രീതിയിൽ ചിന്തിക്കണം, പ്രവർത്തിക്കണം എന്നല്ല. മറിച്ച് ഓരോരുത്തരും തങ്ങൾക്ക് ലഭിച്ച ക്രിസ്താനുഭവം കാത്തുസൂക്ഷിച്ച് പൊതുവായ നന്മയ്ക്ക് പ്രവർത്തിക്കണം എന്നതാണ്. അത് മൂന്ന് കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്: 1) നാം ക്ഷമിക്കപ്പെട്ടവരാകുന്നു: ക്രിസ്തു കുരിശിൽ മരിച്ച് നമ്മുടെ പാപങ്ങൾ നമ്മോടുക്ഷമിച്ചു. ക്ഷമ ലഭിച്ചവർ എന്ന നിലയിൽ നാം മറ്റുള്ളവരോടും ക്ഷമിക്കുവാനും കടപ്പെട്ടിരിക്കുന്നു. കുറവുകളേക്കാൾ ദൈവമക്കൾ എന്ന സ്ഥാനത്തിന് അവിടുന്ന് കൂടുതൽ പ്രധാന്യം നല്കുന്നു. കുറവുകൾ മനുഷ്യസഹജമാണ്. ക്ഷമ ദൈവസഹജവും. ഐക്യത്തിന്റെ പാതയിൽ സഞ്ചരിക്കുവാൻ അവശ്യം വേണ്ട പുണ്യമാണ് ക്ഷമ. 2) നാം സ്നേഹിക്കപ്പെട്ടവരാകുന്നു: നിബന്ധനകളില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നു (സങ്കീ. 36: 5) ദൈവം സ്നേഹമാണ്. സ്നേഹം ദൈവത്തിന്റെ സ്വഭാവം ആണ്. അളവില്ലാതെ നമ്മെ സ്നേഹിക്കുന്നു. നമ്മുടെ യോഗ്യതകളല്ല, അവിടുത്തെ ഇഷ്ടമാണ് നമ്മെ സ്നേഹിക്കുവാൻ പ്രേരിപ്പിക്കുന്നത്. നാമാരും സ്വയം പൂർണ്ണരോ എല്ലാം തികഞ്ഞവരോ അല്ല. ആയതിനാൽ വ്യക്തികൾ എന്നനിലയിലും സഭ എന്ന നിലയിലും നാം പരിഗണിക്കപ്പെടുന്നത് ദൈവത്തിന്റെ കരുണകൊണ്ടാണ്. അല്ലാതെ നമ്മുടെ മേന്മ കൊണ്ടല്ല. 3) നാം വിളിക്കപ്പെട്ടവരാകുന്നു: ഇതിലൂടെ ദൈവം നമ്മുടെ ജീവിതലക്ഷ്യം വിവരിക്കുന്നു. നാം സ്വയമെ ഒരുമിച്ച് കൂടുന്നതല്ല സഭ. നാം കൂട്ടപ്പെടുന്നവരാണ്. അത് ദൈവത്തിന്റെ പ്രവർത്തിയാണ്. ആയതിനാൽ കൂട്ടപ്പെട്ടവരെല്ലാം കൂട്ടിയവനെ മുൻനിർത്തി ജീവിക്കുവാൻ യത്നിക്കേണ്ടതാണ്. ഇതാണ് യഥാർത്ഥ എക്യുമെനിസം. ശരീരത്തിൽ പല അവയവങ്ങളുണ്ട്; അവയ്ക്ക് ഒരേ ജോലിയോ ഒരേ രൂപമോ അല്ല. എല്ലാം ശരീരത്തിന്റെ അവിഭാജ്യ ഘടകങ്ങൾ- എല്ലാം പ്രസക്തവും പ്രയോജനപ്രദവും.



### 2) വ്യത്യസ്തതയെ ആശ്ലേഷിക്കുക:

നാം പരസ്പരം ബന്ധിതരും അന്യോന്യം ആവശ്യമുള്ളവരുമാണ്. നാം വളരുന്നത് മറ്റുള്ളവർ നമ്മെ വളർത്തുന്നതുകൊണ്ടാണ്. അപരൻ നമുക്കു നരകം അല്ല - മറിച്ച് നമ്മെ നാമാക്കുന്നത് അപരനാണ്. നമ്മുടെ സന്തോഷത്തിലും പ്രയാസങ്ങളിലും പങ്കുചേരാൻ. നമ്മുടെ കുറവുകൾ ചൂണ്ടി കാണിക്കുന്നതിന്, അതിനെ തിരുത്തുന്നതിനെ വളരുവാൻ സഹായിക്കാൻ, നമുക്ക് മറ്റുള്ളവരെ ആവശ്യമാണ്. അതുപോലെ, എതിർ ശബ്ദത്തെ കേൾക്കുവാനും അതിനോട് തുറന്ന മനസ്സോടെ സംവദിക്കാനും നമുക്ക് സാധിക്കണം. ഈ ബോധ്യങ്ങൾ നമ്മെ നയിച്ചാൽ നമുക്ക് പരസ്പരം വ്യത്യസ്തതയിൽ ആശ്ലേഷിക്കാൻ സാധിക്കും.

### 3) എളിമ

ഐക്യത്തെ കുറിച്ച് ചിന്തിക്കുമ്പോൾ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഏറെ പ്രസക്തമാണ്; ഫിലിപ്പി 2, 3-4 ൽ പറയുന്നു: "മാത്സര്യമോ വ്യർഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽപോരാ; മറിച്ച് മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം". വേദപുസ്തകത്തിൽ നാം നിരന്തരം കാണുന്ന ഒരു പദമാണ് എളിമ. കാലിത്തൊഴുത്തിൽ പിറക്കുന്ന ദൈവം, കീറ്റുശീലയിൽ പൊതിയപ്പെട്ട ശിശു, കഴുതപ്പുറത്ത് കയറിയ ക്രിസ്തു, ഇതാണ് നമ്മുടെ മാതൃക; പാപികളോടും ചുങ്കക്കാരോടും ഒപ്പം മേശ പങ്കുവച്ച ക്രിസ്തുവാണ് നമ്മുടെ മാതൃക. എനിക്ക് എന്റെ കുറവുകളെ കുറിച്ച് ബോധ്യമുണ്ടാകണം. മറ്റുള്ളവന്റെ കുറവുകളെ സ്വീകരിക്കാൻ സാധിക്കണം. ഏവരോടും എളിമയോട് പെരുമാറിയാൽ ആരെയും നേടാൻ നമുക്ക് സാധിക്കും. നാം തന്നെ നില്ക്കുമ്പോൾ അശക്തരും ഒന്നിച്ച് നിന്നാൽ കൂടുതൽ കെട്ടുറപ്പുള്ളവരും ശക്തരും ആയി മാറും. അത് പരസ്പരം വളരുവാൻ നമ്മളെ സഹായിക്കും.

### 4) ഉദ്ദേശശുദ്ധി പരിശോധിക്കുക

വ്യത്യസ്തങ്ങളായ കാഴ്ച്ചപ്പാടും അഭിപ്രായങ്ങളും വരുമ്പോൾ അത് ഏത് ഉദ്ദേശ്യത്തോടെയാണ് എന്ന് സ്വയം പരിശോധിക്കേണ്ടത് കൂട്ടായ്മയിൽ നിലനിൽക്കാൻ ആവശ്യമാണ്. നമ്മൾ ഏത് രീതിയിൽ പ്രതികരിക്കുന്നു എന്നത് പ്രധാനപ്പെട്ട കാര്യമാണ്. അവധാനതയോട് സമീപിക്കുക. തെറ്റുപറ്റിയവരെ ചേർത്ത് നിർത്തിയ ക്രിസ്തുവിന്റെ മനോഭാവം നമുക്ക് വേണം. ബന്ധങ്ങൾക്ക് അകൽച്ച ഉണ്ടാകുമ്പോൾ അത് കൂട്ടിച്ചേർക്കാനുള്ള പൗലോസ് ശ്ലീഹാ പറയുന്ന മനോഭാവം നമുക്ക് ഉണ്ടാകണം. നിരന്തരമായ പരിശ്രമം ഉണ്ടെങ്കിലേ ബന്ധങ്ങൾ ശക്തമാക്കാനും മറ്റുള്ളവരെ ചേർത്ത് നിർത്തുവാനും സാധിക്കൂ. പരസ്പരം കലഹിക്കുന്നതല്ല നമ്മുടെ ക്രിസ്തീയ സാക്ഷ്യം, മറിച്ച് ക്രിസ്തുവിനെ സ്നേഹത്തിൽ പകർന്ന് കൊടുക്കുന്ന ശൈലി ആയിരിക്കണം നമ്മുടേത്.




ഐക്യം മാനുഷികമായ ഒരു പദ്ധതിയല്ല. ദൈവീകമായ ദാനമാണ്. നമ്മുടെ ഉത്തരവാദിത്വം ഏതു സമയത്തും ഐക്യത്തിനുവേണ്ടി നിലകൊള്ളുക എന്നതാണ്. വിഘടനവും വേറിട്ടസ്വരങ്ങളും ഐക്യത്തെ തകർക്കുന്നതാവരുത്. ഇപ്പോൾ ക്രൈസ്തവസഭകളിലുള്ള ശൈലി ഐക്യപ്പെടുവാൻ പരിശ്രമിക്കുന്നതിനേക്കാൾ അകലാനായി തന്ത്രം മെനയുക എന്നതാണെന്ന് തോന്നുന്നു. ഒരുമിക്കുന്നതിനെക്കാൾ വേറിട്ടു നിൽക്കുന്നതിൽ താത്പര്യം കാണിക്കുന്നു. ഇവ തികച്ചും തിന്മയാണ്, പൈശാചികമാണ്. ഒരുമയിൽ എത്തുവാൻ പ്രത്യേകം താത്പര്യമെടുക്കണം, യത്നിക്കണം. ഒരുമയിലാണ് ദൈവം പ്രസാദിക്കുന്നത്. ●



## ഹൃദയപൂർവ്വം നന്ദി...

ഐക്യദീപം മാസികയുടെ ചീഫ് എഡിറ്ററായി കഴിഞ്ഞ മൂന്നു വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. ഐസക് പറപ്പള്ളി അച്ചനോടുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.



പരസ്പരം ഒന്നിക്കുവാൻ
ആദ്യം പരസ്പരം സ്നേഹിക്കണം.
പരസ്പരം സ്നേഹിക്കുവാൻ
നമ്മൾ പരസ്പരം അറിയണം.
പരസ്പരം അറിയുവാൻ നമ്മൾ
പരസ്പരം കണ്ടുമുട്ടണം.

കർദ്ദിനാൾ ജോസഫ് മിർസിയർ



# സഭൈക്യവാര പ്രാർത്ഥന : സഭൈക്യപ്രസ്ഥാനങ്ങളുടെ തുടക്കവും തുടർച്ചയും

സഭൈക്യശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളുടെ നേതൃത്വത്തിൽ ആഗോള തലത്തിൽ നടത്തുന്ന അഷ്ടദിന കൂട്ടായ്മയും പ്രാർത്ഥനയുമാണ് സഭൈക്യവാര പ്രാർത്ഥന. ദക്ഷിണാർദ്ധഗോള പ്രദേശങ്ങളിൽ സാധാരണയായി സ്വർഗ്ഗാരോഹണ പെരുന്നാൾ മുതൽ പെന്തിക്കൊസ്തി പെരുന്നാൾ വരെയുള്ള ദിവസങ്ങളിലും, ഉത്തരാർദ്ധഗോള പ്രദേശങ്ങളിൽ ജനുവരി 18 മുതൽ 25 വരെയും സഭൈക്യവാരാചരണം നടത്തപ്പെടുന്നു. സഭൈക്യത്തിനുവേണ്ടി 1948 ൽ സ്ഥാപിതമായ വിവിധ സഭാസമൂഹങ്ങളുടെ പൊതുവേദിയായ സഭകളുടെ ആഗോള കൗൺസിൽ (World Council of Churches) ആണ് ഈ പ്രാർത്ഥനാവാരത്തിന് നേതൃത്വം നല്കുന്നത്. സഭകളുടെ ആഗോള കൗൺസിലിലെ നിരീക്ഷക സ്ഥാനമലങ്കരിക്കുന്ന ആഗോള കത്തോലിക്കാ സഭയും, സഭൈക്യവാരം ആചരിക്കുന്നു. 1908 ൽ വിവിധ ക്രൈസ്തവ സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള അഷ്ടദിന (Octave) പ്രാർത്ഥനയായിട്ടാണ് സഭൈക്യവാര പ്രാർത്ഥനയുടെ തുടക്കം. Octave എന്ന പദം ലത്തീൻ ഭാഷയിൽ 'Octava', 'daes' എന്നീ വാക്കുകൾ ചേർന്ന് രൂപം കൊണ്ടതാണ്. ഈ വാക്കുകളുടെ അർത്ഥം യഥാക്രമം 'എട്ട്' എന്നും 'ദിവസം' എന്നുമാണ്. ജനുവരി മാസത്തിലെ മൂന്നാം ആഴ്ച്ചയിലെ ഈ ദിവസങ്ങൾ നിർദ്ദേശിച്ചത് എപ്പിസ്കോപ്പാലിയൻ സന്യാസസഭാംഗമായിരുന്ന ഫാ. പോൾ വാട്ട്സൺ ആണ്. അതിന് കാരണമായി അദ്ദേഹം കണ്ടെത്തിയത് ജനുവരി 18 ന് വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളായതുകൊണ്ടും, ജനുവരി 25 വി. പൗലോസ് ശ്ലീഹായുടെ മാനസാന്തരത്തിന്റെ തിരുനാളായതുകൊണ്ടുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപന തിരുനാൾ കത്തോലിക്കാസഭയുടെ ആരാധനക്രമ കലണ്ടറിൽനിന്ന് നീക്കം ചെയ്തെങ്കിലും, ആഗ്ലിക്കൻ സഭകൾ ഈ തിരുനാൾ ഇപ്പോഴും ആചരിക്കുന്നു.

### എഡിൻബർഗ് കോൺഫറൻസ്

ഇരുപതാം നൂറ്റാണ്ടിലെ സഭൈക്യപ്രസ്ഥാനത്തിന്റെ തുടക്കമായി കരുതപ്പെടുന്നത് 1910 ൽ എഡിൻ ബർഗിൽ നടന്ന ലോക മിഷനറി കോൺഫറൻസാണ്. ഈ കോൺഫറൻസാണ് സഭകളുടെ ആഗോള കൗൺസിലി



ഫാ. രഞ്ജിത്ത് ആലുങ്കൽ
റെക്ടർ, ഇൻഫന്റ് മേരീസ്
മൈനർ സെമിനാരി, തിരുവല്ല

ലേക്ക് നയിച്ച 2 പ്രസ്ഥാനങ്ങളായ Life and Work, Faith and Order എന്നിവയ്ക്കു പ്രചോദനം നൽകിയത്. എഡിൻ ബർഗ് കോൺഫറൻസിന്റെ അനന്യതയായി വിശേഷിപ്പിക്കാവുന്നത് ഒരേ സമയം സഭൈക്യവും സഭയുടെ മിഷൻ ചൈതന്യവും ഈ കോൺഫറൻസ് വിളിച്ചോതി എന്നതാണ്. സഭൈക്യ ശുശ്രൂഷയും മിഷനറി ശുശ്രൂഷയും സഭയുടെ അടിസ്ഥാനപരമായ ഇരട്ട ദൗത്യങ്ങളാണ്. ഈ രണ്ടു ദൗത്യങ്ങളും ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷത്തിന്റെ പരിമളവും ഐക്യത്തിന്റെ ശുശ്രൂഷയും നിർവഹിക്കാൻ സഭയെ നിരന്തരം നിർബന്ധിക്കുന്നു. വിവിധ കാലഘട്ടങ്ങളിൽ സഭയിൽ ഉടലെടുത്ത വിഭജനത്തിന്റെ മുറിവുകളെ ഉണക്കാനും വിവിധ സഭാസമൂഹങ്ങൾ തമ്മിൽ അനുരഞ്ജനം സാധ്യമാക്കാനും സഭൈക്യശുശ്രൂഷകൾ പ്രേരിപ്പിക്കുന്നു. സുവിശേഷത്തിന്റെ പ്രകാശം ഇനിയും എത്തപ്പെടാത്ത ഇടങ്ങളിലെ ഇരുട്ടകറ്റാൻ മിഷൻ ചൈതന്യം വിവിധ ക്രൈസ്തവ സഭകളോട് ആവശ്യപ്പെടുന്നു.

## എഡിൻബർഗ് കോൺഫറൻസിനു മുൻപുള്ള സഭൈക്യകൂട്ടായ്മകൾ

സഭൈക്യപ്രസ്ഥാനത്തിന്റെ വേരുകൾ എഡിൻബർഗ് കോൺഫറൻസിനു മുന്നേ തന്നെ പടരാൻ തുടങ്ങിയിരുന്നു. 'Society of Friar and Sisters of the Atomenent in Graymoor' എന്ന ഫ്രാൻസിസ്ക്കൻ സന്യാസ സഭയുടെ സഹസ്ഥാപകനായ ഫാ. പോൾ വാട്സൺ എഡിൻ ബർഗ് കോൺഫറൻസിന് നൂറ് വർഷങ്ങൾക്കു മുമ്പ് സഭൈക്യത്തിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനാകൂട്ടായ്മക്കു ന്യൂയോർക്കിൽ തുടക്കം കുറിച്ചു. 1908 ജനുവരി 18 മുതൽ 25 വരെയാണ് ആദ്യമായി ഈ പ്രാർത്ഥനാവാരം നടത്തപ്പെട്ടത്. 19-ാം നൂറ്റാണ്ടിന്റെ പകുതിയിൽ ആരംഭം കുറിച്ച Oxford Movement, World Evangelical Alliance, World Day of Prayer എന്നീ പ്രസ്ഥാനങ്ങൾ സഭകളുടെ ഐക്യത്തിനുവേണ്ടി തീക്ഷ്ണമായി ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സഭകളിലെ യുവജനങ്ങളുടെ കൂട്ടായ്മയ്ക്കായി 1844 ജൂൺ 6 ന് സർ ജോർജ് വില്ല്യംസ് ലണ്ടനിൽ തുടക്കം കുറിച്ച YMCA പ്രസ്ഥാനവും, 1855 ൽ മേരി ജയിനും എം.ആർ. റോബർട്ട്സും ചേർന്നു തുടക്കം കുറിച്ച YWCA പ്രസ്ഥാനവും 18-ാം നൂറ്റാണ്ടുമുതൽ സഭൈക്യ ശുശ്രൂഷകളിൽ നിസ്തുല സംഭാവനകൾ നൽകിയിട്ടുണ്ട്.

എക്യുമെനിക്കൽ പാത്രിയർക്കീസ് ജോവാക്കീം മൂന്നാമൻ 1902 ൽ എല്ലാ ഓർത്തഡോക്സ് സഭകൾക്കുമായി പുറത്തിറക്കിയ പ്രമാണ രേഖയും 1920 ൽ എല്ലാ സഭാസമൂഹങ്ങളെയും സഭകളുടെ കൂട്ടായ്മയിലേക്കു ക്ഷണിച്ചു കൊണ്ട് പുറത്തിറക്കിയ പ്രമാണരേഖയും സഭൈക്യ ശുശ്രൂഷകളെ ബലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രമാണ രേഖയിൽ അദ്ദേഹം 'കൊയ്ണോണിയ' (കൂട്ടായ്മ) എന്ന പദം ഉപയോഗിക്കുകയും എല്ലാ സഭകളുടെയും നിരന്തര പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ആത്യന്തിക ലക്ഷ്യം വിവിധ സഭാസമൂഹങ്ങൾ തമ്മിലുള്ള ഐക്യത്തിനും യോജിപ്പിനും വേണ്ടിയായിരിക്കണം എന്നു ഉദ്ബോധിപ്പിക്കുകയും ചെയ്തു. കത്തോലിക്കാസഭ സഭൈക്യ ശുശ്രൂഷകളിൽ രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി കൂടുതൽ സജീവമാവുകയും സഭൈക്യത്തിനുവേണ്ടിയുള്ള പ്രമാണരേഖയായ ഐക്യത്തിന്റെ പുനഃസ്ഥാപനം (Unitatis Redintegratio) എന്ന പ്രമാണരേഖ പുറത്തിറക്കുകയും ചെയ്തു. 1895 ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ പെന്തിക്കൊസ്തി പെരുന്നാളിനു തൊട്ടു മുമ്പായി ഒരാഴ്ചത്തെ സഭൈക്യ പ്രാർത്ഥനയ്ക്കു ആഹ്വാനം നൽകിയിരുന്നു. Society of the Atonment എന്ന പ്രസ്ഥാനം 1909 ൽ കത്തോലിക്കാ കൂട്ടായ്മയിൽ പ്രവേശിച്ചപ്പോൾ 10-ാം പീയൂസ് മാർപാപ്പ ജനുവരിയിലുള്ള സഭൈക്യവാര പ്രാർത്ഥനയ്ക്കു അനുഗ്രഹാശിസുകൾ നൽകി ബനഡിക്ട് 15-ാമൻ മാർപാപ്പ സഭൈക്യവാര പ്രാർത്ഥനയ്ക്ക് കത്തോലിക്കാസഭയിൽ ഔദ്യോഗികമായി തുടക്കം കുറിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1959 ജനുവരി 25 ന് സഭൈക്യവാരത്തിന്റെ അവസാനദിനത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനം





നടത്തി സഭൈക്യ ശുശ്രൂഷകളിൽ കത്തോലിക്കാസഭയുടെ താല്പര്യം കൂടുതൽ വ്യക്തമാക്കി. ഫ്രാൻസിലെ ലിയോണിൽ താമസിച്ചിരുന്ന പോൾ കുട്രിയർ എന്ന സന്യാസവര്യൻ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ സഭൈക്യവാര പ്രാർത്ഥന എന്നതിനെ എല്ലാ ക്രിസ്ത്യാനികളുടെയും ഐക്യത്തിനുവേണ്ടിയുള്ള ആഗോള പ്രാർത്ഥനാവാരം (Universal Week of Prayer for the Unity of Christians) എന്നു പുനർനാമകരണം ചെയ്തുകൊണ്ട് സഭൈക്യവാര പ്രാർത്ഥനയ്ക്കു പുതിയൊരു ദിശാബോധം നൽകി.

## സഭൈക്യവാര പ്രാർത്ഥനയുടെ ലക്ഷ്യം

ക്രിസ്തു ആഗ്രഹിക്കുന്നതുപോലെയും, അവിടുന്ന് ആഗ്രഹിക്കുന്ന വഴികളിലൂടെയുള്ള കൂട്ടായ്മയാണ് സഭൈക്യവാര പ്രാർത്ഥന ലക്ഷ്യം വയ്ക്കുന്നത്. പീഡാസഹനത്തിനുമുമ്പ് ക്രിസ്തു നടത്തിയ പ്രാർത്ഥന സഭൈക്യ ശുശ്രൂഷകളുടെ മുഴുവൻ അടിസ്ഥാനമാണ്. “അവരെല്ലാം ഒന്നായിരിക്കാൻവേണ്ടി പിതാവെ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിലായിരിക്കുന്നതിനും അങ്ങനെ അവിടുന്നെന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കേണ്ടതിന് അങ്ങെനിക്കു നൽകിയിരിക്കുന്ന മഹത്ത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു” (യോഹ. 17:21-22). സഭകളുടെ ഐക്യവും കൂട്ടായ്മയും മാനുഷീകമായ ഒരു നേട്ടമല്ല. മറിച്ച് പരിശുദ്ധാത്മാവിന്റെ ദാനവും രഹസ്യവുമാണ്. എവിടെ, എപ്പോൾ, എങ്ങനെ ഈ കൂട്ടായ്മ സാധ്യമാകും എന്നത് ദൈവീക പദ്ധതിയാണ്. ആ കൂട്ടായ്മയ്ക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കാനും സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും ആത്മാർത്ഥമായി ഉൾച്ചേരാനും പരിശുദ്ധാത്മാവ് എല്ലാ സഭാസമൂഹങ്ങളെയും നിരന്തരം പ്രചോദിപ്പിക്കുന്നു. ഏകശരീരമായിരുന്ന സഭയിൽ സംഭവിച്ച വിഭജനങ്ങൾ സൃഷ്ടിച്ച ഇടർച്ചകളെ തിരിച്ചറിയാനും ഐക്യത്തിനും കൂട്ടായ്മയ്ക്കും വേണ്ടി ദാഹത്തോടെ പ്രവർത്തിക്കാനും ആംഗ്ലിക്കൻ, ഇവാഞ്ചലിക്കൽ, ഓർത്തഡോക്സ്, കത്തോലിക്കാ വിഭാഗങ്ങളിൽ ഉടലെടുത്ത സഭൈക്യപ്രസ്ഥാനങ്ങൾ ലോകമെമ്പാടും വ്യാപിക്കാൻ കാരണമായി.


ക്രിസ്തു ആഗ്രഹിക്കുന്ന ഐക്യത്തിന്റെ പൂർണ്ണത കൈവരാൻ, പരിശുദ്ധാരൂപിയുടെ പ്രസാദവരത്തിന്റെ പ്രേരണയാൽ പ്രാർത്ഥന, പ്രസംഗം, പ്രവർത്തനം എന്നിവ മുഖേന വളരെയധികം സംരംഭങ്ങൾ ലോകമെങ്ങും ആരംഭമായിട്ടുണ്ട് (UR4). സഭയുടെ വിവിധ ആവശ്യങ്ങളും കാലാനുസൃതമായ അവസരങ്ങളും മുൻനിർത്തി ക്രൈസ്തവ ഐക്യം വളർത്താനും, പ്രോത്സാഹിപ്പിക്കാനും അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും സഭൈക്യപ്രസ്ഥാനത്തിന്റെ ഭാഗമാണ്. യേശു തന്റെ കുരിശുമരണത്തിനും, ഉത്ഥാനത്തിനും ശേഷം വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാരൂപിയെ ലോകത്തിലേക്കയച്ചു. പരിശുദ്ധാരൂപി വഴി അവിടുന്നു വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും ഐക്യത്തിലേക്ക് സഭയാകുന്ന പുതിയ ഉടമ്പടിയിലെ തന്റെ ജനതയെ വിളിക്കുകയും അവരെ ഒരുമിപ്പിക്കുകയും ചെയ്തു. “ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. കാരണം, നിങ്ങളെല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു” (ഗലാ. 3:28). ആന്തരിക പരിവർത്തനം കൂടാതെയുള്ള എക്യുമെനിസം ‘സഭൈക്യം’ എന്ന പേരിന് അർഹമല്ല. ഐക്യത്തിന് വേണ്ടിയുള്ള ദാഹം നാമ്പെടുക്കുകയും പക്വത പ്രാപിക്കുകയും ചെയ്യുന്നത് മനസ്സിന്റെ നവീകരണത്തിൽനിന്നും, സ്വയം പരിത്യാഗത്തിൽനിന്നും, സ്നേഹത്തിന്റെ ഉദാരമായ അർപ്പണത്തിൽനിന്നുമാണ്. ക്രൈസ്തവ ഐക്യത്തിനായുള്ള രഹസ്യവും പരസ്യവുമായ പ്രാർത്ഥനകളും ഹൃദയ പരിവർത്തനവും ജീവിത വിശുദ്ധിയും, സഭൈക്യ പ്രസ്ഥാനത്തിന്റെ അന്തരാത്മാവാണ് (UR7). കാലത്തിന്റെ വളർച്ചക്കൊത്ത് തന്റെ ശരീരവും വളരണമെന്ന ക്രിസ്തുവിന്റെ അഭിലാഷ പൂർത്തീകരണം സാധ്യമാക്കാൻ സഭൈക്യ പ്രാർത്ഥനാ വാരത്തിന് നിർണ്ണായക പങ്കുണ്ട്.

## സഭൈക്യവാര പ്രാർത്ഥന : 2022 ലെ പ്രമേയം

സഭൈക്യവാര പ്രാർത്ഥനയുടെ 2022 ലെ പ്രമേയമായി എടുത്തിരിക്കുന്നത് “ഞങ്ങൾ കിഴക്ക്

അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്" (മത്തായി2:2) എന്ന സുവിശേഷവാക്യമാണ്.

ലെബനോനിലെ ബെയ്റൂട്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന Middle East Council for Churches (MECC) എന്ന സഭൈക്യപ്രസ്ഥാനമാണ് ഈ പഠന വിഷയം തിരഞ്ഞെടുത്തത്. 1974 ൽ പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ഇവാഞ്ചലിക്കൽ, ഓർത്തഡോക്സ്, കത്തോലിക്കാ വിഭാഗങ്ങൾക്കിടയിൽ സഭൈക്യ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും, ക്രൈസ്തവ-മുസ്ലീം ബന്ധം ഈ പ്രദേശങ്ങളിൽ ഊഷ്മളമാക്കുന്നതിനും സ്ഥാപിക്കപ്പെട്ടതാണ് The Middle East Council of Churches. ഈ പഠന വിഷയം തിരഞ്ഞെടുത്തതിലൂടെ ജനനപെരുന്നാളിന് പൗരസ്ത്യ സഭകൾ നല്കുന്ന അർത്ഥവും പ്രാധാന്യവും വെളിവാക്കുന്നതോടൊപ്പം, സൃഷ്ടികൾക്കിടയിൽ ക്രിസ്തു ആഗ്രഹിക്കുന്ന കൂട്ടായ്മയും സൂചിപ്പിക്കുന്നു. ഉണ്ണിയേശുവിന് കാഴ്ച്ചദ്രവ്യങ്ങളുമായി മദ്ധ്യപൂർവ്വദേശത്തുനിന്ന് കടന്ന് വന്ന പൂജരാജാക്കന്മാർ ലോകത്തിൽ മതങ്ങൾക്കിടയിലും, സംസ്ക്കാരങ്ങൾക്കിടയിലും നിലനിൽക്കുന്ന നാനാത്വത്തിന്റെ അടയാളങ്ങളാണ്. വ്യത്യസ്ത രാജ്യങ്ങളിൽനിന്നും, സംസ്ക്കാരങ്ങളിൽനിന്നും കടന്ന് വന്ന ഇവർ, നയിക്കപ്പെട്ടത് ലോകരക്ഷകനെ കാണാനുള്ള ഉൽക്കടമായ അഭിവാഞ്ജയാലാണ്.



ക്രൈസ്തവ കൂട്ടായ്മക്കുള്ള വലിയ പ്രചോദനം പൂജരാജാക്കന്മാരുടെ സന്ദർശനത്തിൽ പ്രകടമാണ്. ഇവരെപ്പോലെ വിവിധ ക്രൈസ്തവ വിഭാഗങ്ങൾ ക്രിസ്തുവിനെ അറിയാനും, ആരാധിക്കാനും, സാക്ഷ്യപ്പെടുത്താനും നടത്തുന്ന പരിശ്രമങ്ങൾ, കൂട്ടായ്മക്കും, അനീതിക്കെതിരായ പ്രവർത്തനങ്ങൾക്കും കരുത്തു പകരും. പൂജരാജാക്കന്മാരുടെ പ്രമേയം പല ഇരുണ്ട ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, പ്രത്യേകിച്ചും രോഷാകുലനായ ഹേറോദേസ് ബേത്‌ലഹേമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ആളയച്ച് വധിക്കുന്ന സംഭവം (മത്തായി 2:16). മധ്യപൂർവേഷ്യൻ പ്രദേശത്ത് ക്രൈസ്തവർ ഇന്ന് നേരിടുന്ന മതപീഡനങ്ങളുടെ ചരിത്രവുമായി ഹേറോദേസ് രാജാവിന്റെ ക്രൂരതകൾ അനുരണനപ്പെട്ടിരിക്കുന്നു. മധ്യപൂർവേഷ്യയിലാണ് ദൈവവചനം മുളയെടുത്തതും നൂറുമേനിയും, അറുപത് മേനിയും, മുപ്പത് മേനിയും ഫലം പുറപ്പെടുവിച്ചതും. ഇവിടെ നിന്നാണ് അപ്പസ്തോലന്മാർ ലോകാതിർത്തികൾ വരെയുള്ള തങ്ങളുടെ പ്രേഷിതയാത്രക്ക് തുടക്കം കുറിച്ചത്. ആയിരകണക്കിന് ക്രൈസ്തവ രക്തസാക്ഷികളുടെ ചുടുനിണം വീണ സ്ഥലമാണിത്. എന്നിട്ടും, ഈ പ്രദേശത്ത് ഇന്ന് ജീവിക്കുന്ന ക്രൈസ്തവരുടെ അസ്ഥിത്വവും ജീവനും വലിയ ഭീഷണികൾ നേരിടുകയും, പലായനം ചെയ്യേണ്ട അവസ്ഥയിലുമാണ്.

കോവിഡ് 19 എന്ന മഹാമാരി സാമൂഹിക-സാമ്പത്തിക മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളും അത് പരിഹരിക്കാൻ ലോകരാഷ്ട്രങ്ങൾക്കുണ്ടായ പരാജയവും കോടികണക്കിനാളുകളുടെ ജീവിതം ദാരുണമാക്കിയിരിക്കുകയാണ്. ഈ പശ്ചാതലത്തിൽ കിഴക്കുദിച്ച നക്ഷത്രത്തിന്റെ പ്രകാശം ഒളിമങ്ങിയ അനേകരുടെ ജീവിതത്തിൽ പ്രകാശിപ്പിക്കേണ്ട സമയമാണിത്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് വാനിലുദിച്ച ആ നക്ഷത്രം ഇന്നും നമ്മെ ക്രിസ്തു ജനിച്ച ഇടത്തിലേക്ക് നയിക്കുന്നു.

ഉണ്ണിയേശുവിനെ കണ്ട്, ഒന്നിച്ച് ആരാധിച്ച ശേഷം പൂജരാജാക്കന്മാർ സ്വപ്നത്തിൽ മാലാഖ അറിയിച്ച പ്രകാരം മറ്റൊരു വഴിയെ സ്വദേശത്തേക്ക് മടങ്ങുന്നു. വിവിധ ക്രൈസ്തവ സഭകൾ തങ്ങളുടെ പ്രാർത്ഥനകളിലും ആരാധനയിലും അനുഭവിക്കുന്ന കൂട്ടായ്മ പുതിയ വഴികളിലൂടെ സഭകളുടെ കൂട്ടായ്മയിലേക്ക് മടങ്ങാൻ ദൈവാത്മാവിനാൽ പ്രചോദിപ്പിക്കുന്നു. പ്രായോഗികതലത്തിൽ ദൈവവചന സാക്ഷ്യത്തിലേക്കും നിരാലംബരുടെയും പാർശ്വവ

ത്കരിക്കപ്പെട്ടവരുടെയും ഇരുളടഞ്ഞ ജീവിതങ്ങളിൽ പ്രകാശമായി മാറാനും ക്രൈസ്തവ സഭകൾക്ക് ഈ കാലഘട്ടത്തിൽ കഴിയണം. സമാധാനത്തിലും, നീതിയിലും, സ്നേഹത്തിലും അധിഷ്ഠിതമായി ദൈവത്തിന്റെ ഹൃദയത്തിന് അനുരൂപമായ പുതിയൊരു ലോകം കെട്ടിപടുക്കാൻ ആധുനിക സാഹചര്യങ്ങൾ വിവിധ ക്രൈസ്തവ സഭകളെ പ്രേരിപ്പിക്കുന്നു.

## ഉപസംഹാരം


കഴിഞ്ഞ ഏതാണ്ട് 110 വർഷങ്ങളിൽ സഭൈക്യ പ്രസ്ഥാനം ഗുണപരമായ വളർച്ചയും നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ സഭൈക്യ പ്രസ്ഥാനങ്ങളുടെ ഏറ്റവും വലിയ നേട്ടം വിവിധ സഭാസമൂഹങ്ങളുടെ സാഹോദര്യം വീണ്ടും കണ്ടെത്തിയെന്നതാണ്. സഭൈക്യ ശുശ്രൂഷകളുടെ ആത്യന്തിക ലക്ഷ്യമായ പരിപൂർണ കൂട്ടായ്മയിൽ എത്തിച്ചേർന്നിട്ടില്ലെങ്കിലും പുതിയൊരു അന്തരീക്ഷവും സഭകളുടെ സൗഹൃദവലയവും ലോകമെമ്പാടും രൂപപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യത്തിനും നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങളിലൂടെ വാക്കുകൾക്കതീതമായി പ്രവർത്തികളിലൂടെ ലോകത്തിന്റെ പല ഭാഗങ്ങളിലും ഒന്നിച്ചുള്ള സാക്ഷ്യം വിവിധ സഭാസമൂഹങ്ങൾ നൽകി പോരുന്നു. സഭൈക്യ ശുശ്രൂഷകളുടെ ഹൃദയം പ്രാർത്ഥനയാണ്. പീഡാസഹനത്തിന് മുമ്പ് യേശു നടത്തിയ പ്രാർത്ഥനയാണ് സഭൈക്യ ശുശ്രൂഷകളുടെ അടിസ്ഥാനവും ലക്ഷ്യവും. അന്ത്യത്താഴ സമയത്ത്, യേശു നടത്തിയ മഹാപുരോഹിത പ്രാർത്ഥന "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്, അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അവിടുന്ന് കാത്തുക്കൊള്ളേണമേ" (യോഹ. 17:11). ക്രിസ്തുവിൽ എല്ലാം ഒന്നിപ്പിക്കുക എന്ന ദൈവത്തിന്റെ ആത്യന്തിക പദ്ധതിയോട് സർവാത്മനാ സഹകരിക്കാൻ എല്ലാ സഭകൾക്കും കടമയുണ്ട്. ഒരു ഇടയനും ഒരു തൊഴുത്തും (യോഹ. 10:16) എന്ന ക്രിസ്തുവിന്റെ സ്വപ്നത്തിലേക്കു നടന്നടുക്കാൻ കൂട്ടായ പ്രാർത്ഥനയും പരിശ്രമവും നിരന്തരം ആവശ്യമാണ്. ഇന്നത്തെ ആഗോളവത്ക്കരിക്കപ്പെട്ട ലോകത്തിൽ വളരെയധികം വെല്ലുവിളികൾ ക്രൈസ്തവ വിശ്വാസത്തിനു നേരെ ഉയരുമ്പോൾ ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്. കർദ്ദിനാൾ ജോസഫ് മിർസിയറിന്റെ വാക്കുകളിൽ, 'പരസ്പരം ഒന്നിക്കുവാൻ ആദ്യം പരസ്പരം സ്നേഹിക്കണം. പരസ്പരം സ്നേഹിക്കുവാൻ നമ്മൾ പരസ്പരം അറിയണം. പരസ്പരം അറിയുവാൻ നമ്മൾ പരസ്പരം കണ്ടുമുട്ടണം'. യേശുവിന്റെ കൂട്ടായ്മയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയോട് ഹൃദയങ്ങൾ ചേർത്തു വയ്ക്കാനും വിവിധ സഭാസമൂഹങ്ങൾ തമ്മിലുള്ള ബന്ധം വളർത്താനും സഭൈക്യവാര പ്രാർത്ഥന സഹായിക്കുന്നു.

●

## പ്രഥമ ദിവ്യകാരുണ്യ സ്വീകരണം



**ഗ്ലോറി ഭവനിൽ സാം ഡേവിഡ് മാത്യുവിന്റെയും ജീനാ സാമിന്റെയും മകൻ ആൽഫി സാമിന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം ചീക്കനാൽ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ 2021 ഡിസംബർ 12–ാം തീയതി റവ. ഡോ. തോമസ് കുഴിനാപ്പുറത്ത് അച്ചന്റെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.**



# മിന്നും വിജയം

interview

**ഐ.എ.എസ്. പരീക്ഷയിൽ 150–ാം റാങ്ക് ജേതാവ് മിന്നു പി.എം.**

**സിവിൽ സർവീസ് എന്ന വലിയ സ്വപ്നത്തിലേക്കുള്ള പ്രചോദനം എന്തായിരുന്നു?**

പ്രചോദനമെന്നു പറയുമ്പോൾ രണ്ടു തരത്തിലാണ്. ഒന്ന്, വ്യക്തിപരവും രണ്ട്, തൊഴിൽപരവും. വ്യക്തിപരമായിട്ടു പറഞ്ഞാൽ, എന്റെ അച്ഛൻ ഒരു സർക്കാരുദ്യോഗസ്ഥനായിരുന്നതുകൊണ്ട് വളരെ ചെറുപ്പം മുതലേ സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിച്ചാണ് ഞങ്ങൾ ജീവിച്ചത്. ഞാൻ സർക്കാർ സ്കൂളിലും കോളേജിലും ഒക്കെയാണ് പഠിച്ചത്. ഗവൺമെന്റ് ആനുകൂല്യങ്ങൾ സ്വീകരിച്ച് പഠിച്ചതിനാൽ തിരിച്ച് ജനങ്ങൾക്ക് നല്ല രീതിയിൽ ഒരു സർവ്വീസ് ചെയ്യണം എന്നതാണ് എന്റെ വ്യക്തിപരമായ പ്രചോദനം.

തൊഴിൽപരമായി പറഞ്ഞാൽ, ഞാനൊരു ക്ലർക്ക് ആയിരുന്നു. ക്ലർക്ക് ആയിരുന്നപ്പോൾ ചെയ്യാൻ സാധിക്കുന്നത് 500, 600 ഫയലാണ്. അതും എനിക്ക് യാതൊരു അധികാര പരിധിയുമില്ലാത്ത കാര്യങ്ങളാണ് ചെയ്തുകൊണ്ടിരുന്നത്. പക്ഷേ, ഐ.എ.എസ്. ആകുമ്പോൾ കുറച്ചുകൂടി വലിയ കാര്യങ്ങൾ ചെയ്യാം എന്നതാണ് എന്റെ തൊഴിൽപരമായ പ്രചോദനം.

**സിവിൽ സർവീസ് പരീക്ഷയ്ക്കുള്ള ഒരുക്കം എങ്ങനെയായിരുന്നു? ഒന്ന് പങ്കുവയ്ക്കാമോ?**

5 വർഷം തയ്യാറെടുത്തു. 6 ശ്രമം നടത്തി. ശരിക്കും ഒന്ന് ട്രാക്കിലായിതിനു ശേഷം എന്റെ തയ്യാറെടുപ്പ് എന്നു പറയുന്നത് ഒരു ശരിയായ തന്ത്രപരമായ പദ്ധതിയോടുകൂടി മുന്നോട്ടുപോകുക എന്നതായിരുന്നു. പരീക്ഷ മുന്നിൽ കണ്ടുകൊണ്ട് അതിനുവേണ്ടി വ്യക്തമായ ഒരു രൂപരേഖ തയ്യാറാക്കി ദിവസവും ഓരോ ടൈംടേബിൾ വച്ച് പഠിക്കുക എന്നതായിരുന്നു എന്റെ രീതി. പരീക്ഷയ്ക്ക് 3 ഘട്ടങ്ങൾ ഉണ്ട്. ഓരോ ഘട്ടവും അർഹിക്കുന്ന രീതിക്കായിരുന്നു എന്റെ തയ്യാറെടുപ്പുകൾ.

**ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് കുടുംബാംഗങ്ങളുടെ പിന്തുണ എത്രമാത്രം ലഭിച്ചിരുന്നു?**

കുടുംബാംഗങ്ങളുടെ വലിയ പിന്തുണയുണ്ടായിരുന്നു. കാരണം, 5 വർഷത്തോളം പഠിക്കുക, അതും എനിക്കൊരു കുഞ്ഞുണ്ട്, ജോലിയുണ്ട്, ഒരുപാട് ഉത്തരവാദിത്വങ്ങളിൽനിന്നുകൊണ്ട് പഠിക്കുന്നതിന് വീട്ടുകാരുടെ പിന്തുണ വളരെ അനിവാര്യതയായിരുന്നു. ആ കാലയളവിൽ എന്നെ എല്ലാവരും സഹായിച്ചിട്ടുണ്ട്. എന്റെ ഭർത്താവ്, അദ്ദേഹത്തിന്റെ അച്ഛനും അമ്മയും, എന്തിനേറെ പറയുന്നു എന്റെ മകൻ പോലും, അവൻ തന്നെ ഒരുപാട് വിട്ടുവീഴ്ചകൾ പഠിക്കുന്ന കാര്യത്തിൽ ചെയ്തിട്ടുണ്ട്.

Desire
Decision
Determination

**മിന്നുവിന്റെ ദൈവാനുഭവം വിവരിക്കാമോ?**

എന്റെ ദൈവാനുഭവം, വേറിട്ട അനുഭവമായി പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത് എനിക്ക് ഇത് കിട്ടിയതിനു പിന്നിൽ ദൈവത്തിന്റെ അദൃശ്യമായ കരം പ്രവർത്തിച്ചിട്ടുണ്ടെന്നാണ്. കാരണം, എന്നേക്കാളും മാർക്ക് ഉള്ള ധാരാളം പേർ ഈ പരീക്ഷയിൽനിന്ന്



പിന്തള്ളപ്പെട്ടപ്പോൾ ഏഴയും പാപിയുമായ എനിക്ക് ഇതിൽ ഒരവസരം കിട്ടുക എന്നുള്ളത് ദൈവം എനിക്ക് നല്കിയ അനുഗ്രഹവും കൃപയുമായിട്ട് കാണുകയാണ്. സർവ്വോപരി ദൈവാനുഭവമെന്നു ഞാൻ വിചാരിക്കുന്നത് എനിക്ക് ദൈവം സഹായിച്ച് ഒരു മുട്ടും അറിയുന്നില്ല. പ്രത്യേകിച്ച് ഒരു അല്ലലും അറിയുന്നില്ല. ദിവസവും ഞാൻ ജീവിച്ചുപോകുന്നു. സമയാസമയങ്ങളിൽ ഭക്ഷണം കിട്ടുന്നു, വസ്ത്രം ആവശ്യത്തിന്, എല്ലാ കാര്യവും എനിക്കുണ്ട്. ഞാൻ എന്ത് ആഗ്രഹിച്ചാലും വളരെ പെട്ടെന്ന് അത് കിട്ടും. കൂട്ടുകാർ എപ്പോഴും പറയും, മിന്നു വളരെ ഭാഗ്യവതിയാണെന്ന്. ആഗ്രഹിക്കുന്നതൊക്കെ കിട്ടുന്നുണ്ടെന്ന്. ഞാൻ ആഗ്രഹിക്കുന്നതൊക്കെ സാധിച്ചുതരുന്നത് എന്റെ ദൈവമാണെന്നാണ് കരുതുന്നത്. പിന്നെ, എനിക്ക് അച്ഛൻ ഇല്ല. അച്ഛനില്ലാത്ത വിഷമം ഒരു പരിധി വരെ മാറുന്നത്, എന്റെ സമാധാനം പിതാവ് മുകളിലുണ്ടല്ലോ എന്നതാണ്. എന്റെ അപ്പ ദൈവത്തിന്റെ അടുക്കലാണല്ലോ. അപ്പ ദൈവത്തെക്കൊണ്ട് ചെയ്യിച്ചിട്ടായിരിക്കും എനിക്ക് എല്ലാ സൗകര്യങ്ങളും കിട്ടുന്നത് എന്ന ചിന്ത എപ്പോഴുമുണ്ട്. അതാണ് എന്റെ ദൈവാനുഭവം.

**"എന്നേക്കാളും മാർക്ക് ഉള്ള ധാരാളം പേർ ഈ പരീക്ഷയിൽനിന്ന് പിന്തള്ളപ്പെട്ടപ്പോൾ ഏഴയും പാപിയുമായ എനിക്ക് ഇതിൽ ഒരവസരം കിട്ടുക എന്നുള്ളത് ദൈവം എനിക്ക് നല്കിയ അനുഗ്രഹവും കൃപയുമായിട്ട് കാണുകയാണ്."**



*മിന്നുവും കുടുംബവും മേരിഗിരി അരമന കൃഷിത്തോട്ടം സന്ദർശിച്ചപ്പോൾ*

### പരാജയങ്ങൾ ഉണ്ടായപ്പോൾ ഈ സ്വപ്നം എപ്പോഴെങ്കിലും വേണ്ടാ എന്ന് തോന്നിയോ?

പരാജയങ്ങൾ ഉണ്ടായപ്പോൾ പലപ്പോഴും ഈ സ്വപ്നം വേണ്ടാ എന്നു വച്ചിട്ടുണ്ട്. എന്നിൽ വിശ്വാസമുള്ള, എന്നെ വളരെയധികം സ്നേഹിക്കുന്ന എന്റെ ഭർത്താവും, എന്റെ ഉറ്റസുഹൃത്തുക്കളും, എന്റെ കുടുംബത്തിലുള്ള ഒരുപാട് പേർ എന്നെ പിന്തുണച്ചിട്ടുണ്ട്. അതുകൊണ്ടാണ് പരാജയങ്ങൾ വന്നപ്പോഴും ഈ സ്വപ്നം വേണ്ടാ എന്നുവച്ചപ്പോഴും ഒക്കെ എനിക്ക് അതിൽനിന്ന് പിന്മാറേണ്ടി വന്നിട്ടില്ല. എന്നെ സ്നേഹിക്കുന്ന ഒരുപാട് പേർ ഇക്കാര്യത്തിൽ പിന്തുണ തന്നിട്ടുണ്ട്.

### മിന്നുവിന്റെ പഠനരീതികൾ എങ്ങനെയായിരുന്നു?

നേരത്തെ പറഞ്ഞതുപോലെ ടൈംടേബിൾ തന്നെയാണ് പ്രധാനം. കാരണം ചിട്ടയായ ജീവിതമാണ് വിജയത്തിലേക്കുള്ള ആദ്യത്തെ വഴി എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെപ്പോലെയുള്ള ഒരു വ്യക്തിയെ സംബന്ധിച്ച് ഒരു കൃത്യമായ രൂപരേഖയോടുകൂടി അല്ലാതെ പഠിത്തം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കില്ല. കാരണം, ഒരുപാട് കാര്യങ്ങൾ

ഒരുമിച്ച് കൈകാര്യം ചെയ്ത് കൊണ്ടുപോകണം എന്നുള്ളതുകൊണ്ടാണ്. So I made time table and followed it and that's my preparation strategy.

interview



"If you truely desire something the whole universe will conspire us to succeed in it"

- Paulo Coelho

**സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന കുട്ടികളോട് മിന്നുവിന് പറയാനുള്ള സന്ദേശം എന്താണ്?**

സിവിൽ സർവ്വീസ് പരീക്ഷ എന്നു മാത്രമല്ല, ഏതൊരു പരീക്ഷ അല്ലെങ്കിൽ ഏതൊരു കാര്യം ആഗ്രഹിക്കുകയും ചെയ്യുന്നവരോട് 3 കാര്യങ്ങളാണ് പറയാനുള്ളത്. ഒന്നാമതായി, Desire - നമ്മുടെ ആഗ്രഹം. നമ്മുടെ ആഗ്രഹത്തിനോടുള്ള നമ്മുടെ ആത്മാർത്ഥത. അത് വളരെ പ്രധാനപ്പെട്ടതാണ്. നമ്മൾ വെറുതെ ആഗ്രഹിച്ചാൽ മാത്രം പോര, അതിന് ആത്മാർത്ഥമായ ആഗ്രഹം വേണം. പൗലോ കൊയ്ലൊ പറഞ്ഞതുപോലെ "If you truely desire something the whole universe will conspire us to succeed in it" എന്നു പറയാറുണ്ട്. അപ്പോൾ നമ്മുടെ ആഗ്രഹത്തിലുള്ള ആത്മാർത്ഥതയാണ് ഏറ്റവും പ്രധാനം. രണ്ടാമതായി, Decission - ഒരാഗ്രഹം ഉണ്ടെങ്കിൽ അതിനു പുറത്ത് ഒരു തീരുമാനം എടുക്കുക എന്നതാണ്. Desire leads to decision. നമ്മൾ ഈ പരീക്ഷ എഴുതാൻ തീരുമാനിക്കുന്നു എന്നുള്ള ഒരു കാര്യമുണ്ടല്ലോ. അല്ലാതെ എഴുതണോ, വേണ്ടയോ? ഞാൻ ജയിക്കുമോ, ഇല്ലയോ? എന്നുള്ള ആശങ്ക വച്ചിട്ടല്ല. മറിച്ച് I am going to do it എന്നുള്ള തീരുമാനമാണ് പ്രധാനം. മൂന്നാമതായി, Determination - നമ്മൾ വെറുതെ ആഗ്രഹിച്ചാലും തീരുമാനം എടുക്കാൻ പോകുന്നില്ല. നമ്മൾ ദൃഢനിശ്ചയത്തോടുകൂടി ഉറച്ചുനില്ക്കുകയും അതിനുവേണ്ടി ഒരുപാട് പ്രയത്നിക്കുകയും വേണം. We have to do a lot of hardwork. ഒരുകാര്യവും ഈ ലോകത്തിൽ നമുക്ക് വളരെ എളുപ്പത്തിൽ കിട്ടുകയില്ല. ആത്മാർത്ഥമായി പരിശ്രമിച്ചാലെ കിട്ടുകയുള്ളൂ. ഓരോരുത്തരും അവരവരുടെ വ്യക്തിത്വം മനസ്സിലാക്കുക. എല്ലാവരും ഒരു സ്വയം വിലയിരുത്തൽ നടത്തുക. നമ്മൾ ആരാണ്? നമ്മുടെ കഴിവുകൾ എന്താണ്? നമ്മുടെ കുറവ് എന്താണ്? നമ്മുടെ വെല്ലുവിളികൾ എന്തൊക്കെയാണ്? നമുക്ക് എന്തൊക്കെ അവസരങ്ങൾ ഉണ്ട്? അങ്ങനെയൊരു സ്വയം വിലയിരുത്തൽ നടത്തിയിട്ട്, അത്തരം വിലയിരുത്തലിൽനിന്ന് നമുക്ക് മനസ്സിലാകും നാം എവിടെയൊക്കെയാണ് മെച്ചപ്പെടുത്തേണ്ടതെന്ന്. So, such self analysis you have to do and you have to realy work towords your goal.



*മിന്നുവും ഭർത്താവ് ജോഷിയും മകൻ ജെറമിയായും*

*മിന്നു പി. എം. കാര്യവട്ടം, സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമാണ്.* ●



ദൈവവുമായുള്ള അകലങ്ങളും പരസ്പരമുള്ള അകലങ്ങളും അലിഞ്ഞില്ലാതാവുന്നത് പ്രാർത്ഥനയിലാണ്. ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ പൂർത്തിയാകാൻ തീക്ഷ്ണമായ പ്രാർത്ഥനകൾ അത്യാവശ്യമാണ്.

# സഭകളും സഭൈക്യ പ്രാർത്ഥനാവാരവും



റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ

ജനുവരി മാസത്തിൽ വീണ്ടും ഒരു സഭൈക്യ പ്രാർത്ഥനാവാരത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കണമെന്നു" പിതാവായ ദൈവത്തോടു പ്രാർത്ഥിച്ച ഈശോ മിശിഹായുടെ പ്രാർത്ഥനാ ചൈതന്യത്തിലാണ് ക്രൈസ്തവസഭകൾ സഭൈക്യ പ്രാർത്ഥനാവാരത്തിലേക്കു പ്രവേശിക്കുന്നത്. ജനുവരി മാസം 18 മുതൽ 25 വരെ നീണ്ടു നില്ക്കുന്ന ഈ എട്ടുദിന പ്രാർത്ഥനകൾ എല്ലാ ഹൃദയങ്ങളെയും ഐക്യത്തിന്റെ ദാതാവായ ദൈവത്തിലേക്കു കേന്ദ്രീകരിക്കുന്നു. അത് വിശുദ്ധമായ ഐക്യത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

## പ്രാർത്ഥനയും സഭകളുടെ ഐക്യവും

തന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും തലേദിവസം ഈശോ പ്രാർത്ഥിച്ചു. അവരെല്ലാം ഒന്നായിരിക്കാൻ വേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്നു എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു (യോഹ. 17:21). ഈശോ തന്റെ അനുയായികളുടെ ഐക്യത്തിനുവേണ്ടിയുള്ള തിരുമനസ്സു വെളിവാക്കുന്നത് ഒരു കല്പനയായോ പഠനമായോ അല്ല എന്നതു ശ്രദ്ധേയമാണ്. പിതാവായ ദൈവത്തോടുള്ള ഒരു പ്രാർത്ഥനയായാണ് അതു കടന്നുവരുന്നത്. തന്റെ ശിഷ്യഗണം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയിൽ വളരണമെന്നാണ് ഈശോ തീക്ഷ്ണമായി പ്രാർത്ഥിച്ചത്. ഐക്യമെന്നത് ദൈവികദാനമാണെന്ന ഓർമ്മപ്പെടുത്തൽ അതു നമ്മൾക്കു നല്കുന്നു. സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളാകട്ടെ ഐക്യത്തിനുവേണ്ടിയുള്ള ഈശോയുടെ പ്രാർത്ഥനയിലുള്ള എളിയ പങ്കുചേരലാണ്.

## പ്രാർത്ഥനാവാര ചരിത്രം

1740 ൽ സ്കോട്ട്ലണ്ടിലെ ഒരു ക്രൈസ്തവ നവീകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തന പദ്ധതികളിൽ ക്രൈസ്തവസമൂഹങ്ങളുടെ ഐക്യത്തിനായിട്ടുള്ള

പ്രാർത്ഥനകൾക്കും ഒന്നിച്ചുള്ള പ്രവർത്തനങ്ങൾക്കും പ്രാധാന്യം നല്കിയിരുന്നു. സഭകളുടെ ഐക്യത്തിനായുള്ള പ്രാർത്ഥനകളുടെ ആദ്യരൂപമായി ഇതിനെ കാണാൻ കഴിയും. പരിശുദ്ധ ലിയോ പതിമൂന്നാമൻ മാർപാപ്പ പന്തക്കുസ്താ തിരുനാളിൽ അവസാനിക്കുന്ന വിധത്തിലുള്ള എട്ടുദിവസത്തെ സഭൈക്യ പ്രാർത്ഥനകളെ പ്രോത്സാഹിപ്പിച്ചിരുന്നു. കത്തോലിക്കാസഭയിൽ ഫാ. പോൾ വാട്സൺ (ഇപ്പോൾ ദൈവദാസൻ) 1908 ൽ കൃത്യമായ രൂപരേഖകളോടെ ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനകൾ ആരംഭിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഇതാകട്ടെ പത്രോസിന്റെ വിശ്വാസ പ്രഖ്യാപന തിരുനാൾ ആഘോഷിക്കുന്ന ജനുവരി 18 മുതൽ പൗലോസിന്റെ മാനസാന്തര തിരുനാൾ ആഘോഷിക്കുന്ന ജനുവരി 25 വരെയുള്ള ദിവസങ്ങളിലായാണ് ആസൂത്രണം ചെയ്തിരുന്നത്.



ഈ കാലയളവിൽ പ്രൊട്ടസ്റ്റന്റ് സഭകളിൽ പെന്തക്കുസ്താ തിരുനാൾ വരെയുള്ള എട്ടുദിവസങ്ങളിലായി സഭകളുടെ ഐക്യത്തിനായുള്ള പ്രാർത്ഥനകൾ രൂപം കൊണ്ടിരുന്നു. ഫ്രാൻസുകാരനായ പോൾ കോട്ടൂറിയർ (Paul Couturier) എന്ന വൈദികൻ ക്രൈസ്തവൈക്യത്തിനായി ആഗോള പ്രാർത്ഥനയുമായി മുന്നോട്ടുവന്നു. കത്തോലിക്കാസഭ അതു അംഗീകരിക്കുകയും ചെയ്തു. സഭകളുടെ ലോക കൗൺസിൽ രൂപംകൊണ്ടത് 1948 ൽ ആണ്. അതിനെ തുടർന്ന് സഭൈക്യ പ്രാർത്ഥനകൾക്ക് എല്ലാ സഭകളിലും പൊതുവിൽ സ്വീകാര്യത ലഭിച്ചു. സഭകളുടെ ലോകകൗൺസിലും വത്തിക്കാനിലെ സഭകളുടെ ഐക്യത്തിനായുള്ള കാര്യാലയവും ചേർന്ന് 1968 മുതൽ എല്ലാവർഷവും സഭൈക്യവാര പ്രാർത്ഥനകൾക്കു രൂപം നല്കി വരുന്നു.

സഭകളുടെ ഐക്യത്തിനായുള്ള പൊതുപ്രാർത്ഥനകളും സ്വകാര്യ പ്രാർത്ഥനകളും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ തന്നെ ഹൃദയമാണെന്നു പറയാം. ഇതിനെ ആദ്ധ്യാത്മിക എക്യുമെനിസം അഥവാ സ്പിരിച്ചൽ എക്യുമെനിസം എന്നാണു പറയുന്നത്. പ്രാർത്ഥനകൾ കൂട്ടായ്മ ശക്തിപ്പെടുത്തും. ഒപ്പം ധൈര്യത്തോടെ വേദനിപ്പിക്കുന്ന ഓർമ്മകളെയും മാനുഷിക ബലഹീനതകളെയും സാമൂഹ്യഭരണങ്ങളെയും അഭിമുഖീകരിക്കാൻ കെല്പുമുണ്ടാകും. വാസ്തവത്തിൽ ചരിത്രം പരിശോധിക്കുമ്പോൾ എല്ലായ്പ്പോഴും അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും പ്രചോദകരും പ്രവാചകന്മാരും ആയിരുന്നവർ പ്രാർത്ഥനയുടെയും യോഗാത്മക പ്രാർത്ഥനകളുടെയും വക്താക്കളായിരുന്നുവെന്നു കാണാം.

## 2022 ലെ പ്രാർത്ഥനകൾ

2022 ലെ സഭൈക്യപ്രാർത്ഥനകൾക്കു രൂപം നല്കിയിരിക്കുന്നത് മിഡിൽ ഈസ്റ്റിലെ സഭകൾ (മദ്ധ്യപൂർവ്വ ദേശങ്ങളിലെ സഭകൾ) എല്ലാം ചേർന്നു കൊണ്ടാണ്. നിരന്തരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ദേശങ്ങളിലെ ക്രൈസ്തവസഭകൾ ഒന്നുചേർന്ന് ധ്യാനപൂർവ്വം അനുസ്മരിക്കുന്നത്. "ഞങ്ങൾ കിഴക്ക് ഒരു നക്ഷത്രം കണ്ടു, ഞങ്ങൾ അവനെ ആരാധിക്കാൻ വന്നിരിക്കുന്നു" (മത്താ. 2:2) എന്ന സുവിശേഷ ഭാഗമാണ്. പ്രതിസന്ധികളിലും പ്രശ്നങ്ങളിലും പീഡനങ്ങളിലും പ്രത്യാശയുടെ സുവിശേഷമേകുവാൻ പ്രചോദിപ്പിക്കുന്ന ധ്യാനവിഷയങ്ങളാണ് ഈ വർഷത്തെ പ്രാർത്ഥനകൾക്ക് ആധാരം.

ഇരുപത്തിയേഴ് സഭകളുടെ കൂട്ടായ്മയാണ് മിഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചസ്. ഓറിയന്റൽ ഓർത്തഡോക്സ്, ഈസ്റ്റേൺ ഓർത്തഡോക്സ്, അസ്സീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ്, പ്രൊട്ടസ്റ്റന്റ് സഭകൾ, കത്തോലിക്കാ സഭകൾ എന്നിവയെല്ലാം ഇതിൽ അംഗങ്ങളാണ്. രാഷ്ട്രീയമായും, സാമ്പത്തികമായും, സാമൂഹ്യമായും, വിശ്വാസപരമായും നിഷ്ഠൂരമായ പീഡനങ്ങളാണ് ഈ സഭകൾ എപ്പോഴും നേരിട്ടുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി ഈ സഭകളിലെ നല്ല പങ്കു വിശ്വാസികളും മറ്റു രാജ്യങ്ങളിലേക്കു കുടിയേറുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് നിറഞ്ഞ പ്രത്യാശയോടെ ഈ ക്രൈസ്തവ സമൂഹം ലോകമെമ്പാടുമുള്ള ക്രൈസ്തവസഭകൾക്കായി ഇങ്ങനെ ഒരു സഭൈക്യ പ്രാർത്ഥനകൾക്കു രൂപം നല്കിയിരിക്കുന്നത്.

പ്രാർത്ഥനകൾ അകലങ്ങൾ ഇല്ലാതാക്കുന്നതാണെന്നു നമ്മൾക്കറിയാം. ദൈവവുമായുള്ള അകലങ്ങളും പരസ്പരമുള്ള അകലങ്ങളും അലിഞ്ഞില്ലാതാവുന്നത് പ്രാർത്ഥനയിലാണ്. ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള അഭിവാഞ്ജ പൂർത്തിയാകാൻ തീക്ഷ്ണമായ പ്രാർത്ഥനകൾ അത്യാവശ്യമാണ്. സഭൈക്യ പ്രാർത്ഥനകൾക്ക് അനുഗ്രഹപ്രദമായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. വിനയപൂർവ്വം വിശ്വാസത്തികവോടെ ഹൃദയ വിശുദ്ധിയോടെ തീക്ഷ്ണതാപൂർവ്വം നമ്മൾക്കെല്ലാവർക്കും ഒന്നുചേർന്ന് ഈ സഭൈക്യ പ്രാർത്ഥനാവാരത്തിൽ ക്രൈസ്തവ ഐക്യത്തിനായി പ്രാർത്ഥിക്കാം. ●



# മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യം

"ബാഹ്യമായ ചില എക്യുമെനിക്കൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുകൊണ്ട് സഭൈക്യം പൂർണ്ണതയിലാണെന്ന് പറയാനാവില്ല. ഓരോരുത്തരും അവരവരുടെ വിശ്വാസവും പാരമ്പര്യങ്ങളും ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും മാത്രമാണ് ശരി, മറ്റുള്ളതൊക്കെ തെറ്റാണെന്ന് വാശി പിടിച്ചിരുന്നാൽ അത് ക്രിസ്തു ആഗ്രഹിക്കുന്ന ഐക്യത്തിലേയ്ക്ക് സഭകളെ നയിക്കില്ല."




ഫാ. ജോർജ് തേക്കടയിൽ

(സെക്രട്ടറി, മലങ്കര സുറിയാനി കത്തോലിക്കാസഭ എക്യുമെനിക്കൽ കമ്മീഷൻ)


**ആമുഖം**

ക്രിസ്തുവിന്റെ സഭ വിവിധ സഭകളുടെ കൂട്ടായ്മയാണെന്നുള്ള അടിസ്ഥാന സഭാവിജ്ഞാനീയ ശൈലി വീണ്ടെടുത്തത് രണ്ടാം വത്തിക്കാൻ കൗൺസിലിലാണ്. അടുത്ത വർഷം റോമിൽ നടക്കുന്ന സിനഡിന്റെ ചർച്ചാവിഷയം "ഒന്നിച്ചു സഞ്ചരിക്കാം" (Synod on Synodality) എന്നതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കൂട്ടായ്മ ,ഭാവിജ്ഞാനീയത്തിന് ഈ സിനഡ് ജീവൻ വയ്പ്പിക്കും എന്ന് പ്രത്യാശിക്കാം.

സഭൈക്യത്തെക്കുറിച്ച് പറയുമ്പോൾ മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യത്തെക്കുറിച്ചു മാത്രം ഇവിടെ പ്രതിപാദിക്കുന്നത് എന്താണ് എന്ന ചോദ്യമുണ്ടാകാം. ആദ്യം സ്വന്തം കുടുംബത്തിൽ തന്നെ ഐക്യം ഉണ്ടാകുവാൻ ശ്രമിക്കുന്നതല്ലേ അഭികാമ്യം എന്ന മറുചോദ്യമാണ് ഇതിനുള്ള ഉത്തരം. സഭയുടെ സ്വഭാവം തന്നെ കൂട്ടായ്മയാണെന്ന കാര്യം നാം മറക്കരുത്. ഓരോ സഭകളും അവരവർക്കുള്ള ആളുകളെ ഒന്നിപ്പിച്ചാൽ മാത്രം കൂട്ടായ്മ അതിന്റെ പൂർത്തിയിലാകില്ല. യേശുക്രിസ്തു ഏക രക്ഷകനെന്ന് വിശ്വസിച്ച് ത്രിയേക ദൈവത്തിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച് പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോല സംഘത്തിന്റെ പിൻഗാമികളോട് ചേർന്നു ഒരേ വിശ്വാസത്തിലാകുന്ന സമൂഹമായി ക്രൈസ്തവരെല്ലാവരും മാറണം. അതിനു പകരം ബാഹ്യമായ ചില എക്യുമെനിക്കൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുകൊണ്ട് സഭൈക്യം പൂർണ്ണതയിലാണെന്ന് പറയാനാവില്ല. ഓരോരുത്തരും അവരവരുടെ വിശ്വാസവും പാരമ്പര്യങ്ങളും ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും മാത്രമാണ് ശരി, മറ്റുള്ളതൊക്കെ തെറ്റാണെന്ന് വാശി പിടിച്ചിരുന്നാൽ അത് ക്രിസ്തു ആഗ്രഹിക്കുന്ന ഐക്യത്തിലേയ്ക്ക് സഭകളെ നയിക്കില്ല.

**മാർത്തോമ്മാ നസ്രാണിസഭ : 17-ാം നൂറ്റാണ്ടിന് മുൻപും ശേഷവും**

ഭൂമിയിൽ മനുഷ്യരക്ഷയുടെ കൂദാശയായി സഭ സ്ഥാപിക്കപ്പെട്ട കാല

യളവിൽ തന്നെ ക്രൈസ്തവ വിശ്വാസം ക്രിസ്തുവിന്റെ അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹായാൽ പ്രഘോഷിക്കപ്പെട്ട നാടാണ് ഭാരതം. ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കുക എന്ന സഭയുടെ അടിസ്ഥാന ദൗത്യം ആരംഭകാലത്ത് തന്നെ സ്വീകരിച്ച ഭാരതത്തിന് ഈ ദൗത്യം വേണ്ടവിധം മുമ്പോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല എന്ന സത്യം ഇന്നും നിലനില്ക്കുന്നു. വിശ്വാസത്തിൽ ക്രൈസ്തവവും, സംസ്കാരത്തിൽ ഭാരതീയവും ആരാധനക്രമത്തിൽ പൗരസ്ത്യസുറിയാനിയും സ്വീകരിച്ച ക്രൈസ്തവ ജീവിതക്രമ 'മാർത്തോമ്മായുടെ മാർഗ്ഗം" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 17-ാം നൂറ്റാണ്ടിന്റെ പകുതി വരെയുള്ള കാലം മാർത്തോമ്മാ നസ്രാണികൾ പാലിച്ചു പോന്നിരുന്നത് ഈ ഒരു ജീവിതക്രമമായിരുന്നു. 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർച്ചുഗീസ് മിഷനറിമാരുടെ ആഗമനം മാർത്തോമ്മാ നസ്രാണി സഭകളുടെ വേർതിരിവിലേയ്ക്കാണ് നയിക്കപ്പെട്ടത്.

1599-ൽ നടന്ന ഉദയംപേരൂർ സൂന്നഹദോസ് മാർത്തോമ്മാ നസ്രാണികളുടെ ഐക്യത്തിനും സ്വത്വബോധത്തിനും ഭീഷണിയായി. 1653 ലെ കൂനൻ കുരിശുസത്യത്തോടെ മാർത്തോമ്മാ നസ്രാണികൾ രണ്ടു സമുദായങ്ങളായി പിരിഞ്ഞു. പിന്നീട് 1665 മുതൽ അന്ത്യോക്യൻ യാക്കോബായ സഭയിലെ മെത്രാന്മാരുടെ വരവും 19-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ആംഗ്ലിക്കൻ മിഷനറിമാരുടെ വരവും മറ്റും മാർത്തോമ്മാ നസ്രാണി സമുദായത്തെ വിവിധ ചേരികളിലാക്കി. ഇന്ന് കത്തോലിക്കാ ഓറിയന്റൽ ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് വിശ്വാസങ്ങളിലായി മാർത്തോമ്മാ നസ്രാണി സമുദായം ഏതാണ്ട് പത്തോളം സഭകളായി കഴിയുന്നു. അനേകായിരങ്ങൾ വിവിധ പെന്തക്കൊസ്തൽ ഗ്രൂപ്പുകളിലും സെക്ടുകളിലുമായി കഴിയുന്നു. മാനവകുലത്തെ പിതാവായ ദൈവവുമായി ഒന്നിപ്പിക്കാൻ വന്ന ക്രിസ്തുവിന്റെ അനുയായികൾ ഇന്ന് വിഭിന്ന ചേരികളിലായി കഴിഞ്ഞുകൊണ്ട് പ്രസംഗിക്കുന്ന സുവിശേഷം ഐക്യത്തിന്റേതാണോ അനൈക്യത്തിന്റേതാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

സാർവ്വത്രിക കത്തോലിക്കാസഭ, സഭയുടെ സിനഡാലിറ്റിയെക്കുറിച്ച് ചിന്തിക്കുന്ന ഈ കാലയളവിൽ സഭൈക്യം എന്ന സ്വപ്നസാക്ഷാൽക്കാരത്തിനു വേണ്ടി നമുക്ക് ഒന്നിച്ചു സഞ്ചരിക്കാൻ ഏതൊക്കെ മേഖലകളിൽ കഴിയും എന്ന് ചിന്തിക്കേണ്ടതുണ്ട്.

## സഭൈക്യം : ചില അടിസ്ഥാന ചിന്തകൾ

### 1. സഭ സുവിശേഷാധിഷ്ഠിതമാകണം

ക്രിസ്തുവിന്റെ മാർഗ്ഗം കൂട്ടായ്മയുടെ മാർഗ്ഗമാണ്. ബാബേൽ അനുഭവത്തിൽനിന്നും സെഹിയോൻ അനുഭവത്തിലേയ്ക്ക് സഭ കടന്നു വരണം. കേരളത്തിലെ ക്രൈസ്തവസഭ ഒരു തരം ബാബേൽ അനുഭവത്തിലാണെന്ന് പറഞ്ഞാൽ അതിനെ കുറ്റപ്പെടുത്താനാവില്ല. ഒരു സഭ പറയുന്നത് മറ്റൊരു സഭയ്ക്ക് മനസ്സിലാകുന്നില്ല സഭയ്ക്കുള്ളിൽ തന്നെ പലപ്പോഴും അസ്വസ്ഥതകളുണ്ടാകുന്നു. പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകാൻ ഒരേ ഒരു മാർഗ്ഗമെയുള്ളൂ; സഭ ക്രിസ്തുവിങ്കലേയ്ക്ക് തിരിയണം, ക്രിസ്തുവിനെ കേൾക്കണം, ക്രിസ്തുവിനെ അനുധാവനം ചെയ്യണം. അപ്പോൾ സഭകളിൽ ഐക്യമുണ്ടാകും.

### 2. അടിസ്ഥാന വിഷയങ്ങളിൽ ഐക്യം, ഐച്ഛീക വിഷയങ്ങളിൽ സ്വാതന്ത്ര്യം, എല്ലാ കാര്യങ്ങളിലും സ്നേഹം

ഈ തലക്കെട്ട് വി. അഗസ്തീനോസിന്റെ വാക്കുകളാണ്. സഭൈക്യം സാധ്യമാകണമെങ്കിൽ ഈ ഒരു സൂത്രവാക്യം എല്ലാ സഭകളും സ്വീകരിക്കണം. വിശ്വാസം, കൂദാശകൾ, ഹയരാർക്കി, ധാർമ്മിക പ്രബോധനങ്ങൾ തുടങ്ങിയവയൊക്കെയാണ് അടിസ്ഥാന വിഷയങ്ങൾ. ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ശിക്ഷണക്രമങ്ങൾ, പാരമ്പര്യങ്ങൾ തുടങ്ങിയ വിഷയങ്ങളിലൊക്കെ ഓരോ സഭയും അവരവരുടെ വ്യക്തിത്വം കാത്തു സൂക്ഷിക്കുക. ഏതു വിഷയങ്ങളിലും ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുക എന്ന ദൈവകല്പന മുന്നിൽ നിൽക്കണം. സഭൈക്യമെന്നാൽ എല്ലാ സഭകളും ഐകരൂപ്യത്തിലാകണമെന്നല്ല അർത്ഥമാക്കുന്നത്. ഓരോ സഭയും അവരവരുടെ വ്യക്തിത്വം കാത്തുസംരക്ഷിച്ചുകൊണ്ട്, പരസ്പരം മനസ്സിലാക്കിക്കൊണ്ട് ക്രിസ്തുവിന്റെ മനസ്സിനോടും സുവിശേഷ ചൈതന്യത്തോടും അനുരൂപപ്പെട്ട് മുന്നേറാൻ സാധിക്കുന്ന സ്നേഹത്തിന്റെ കൂട്ടായ്മയാകണം.



## 3. ക്രിസ്തുവിന്റെ സഭ ഒരു സംഘടനയല്ല

ക്രിസ്തുവിന്റെ സഭ ക്രിസ്തു സാക്ഷികളുടെ സമൂഹമാണ്, ക്രിസ്തുവിന്റെ മൗതീക ശരീരമാണ്, സ്വർഗ്ഗീയ ജറുശലേമിനെ ലക്ഷ്യം വച്ചുകൊണ്ട് മുന്നേറുന്ന തീർത്ഥാടക സമൂഹമാണ്. വി. പൗലോസ് ശ്ലീഹാ സഭയെ ഓർമ്മിപ്പിക്കുന്നു; "ഇനി മേൽ നിങ്ങൾ അന്യരൊ പരദേശികളൊ അല്ല; വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ട ഭവനമാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു. കർത്താവിൽ പരിശുദ്ധമായ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ. 2:19-22).

സഭയുടെ ആന്തരിക അർത്ഥം പലപ്പോഴും മനസ്സിലാക്കാതെ അതിനെ ഒരു സമുദായമായൊ, സംഘടനയായൊ കാണുന്ന പ്രവണത പലപ്പോഴുമുണ്ട്.



രാജ്യത്തിന്റെ നിയമമനുസരിച്ച് അങ്ങനെ കാണുന്നതിൽ തെറ്റില്ല. പക്ഷെ ക്രൈസ്തവ വിശ്വാസികൾ അങ്ങനെ കണ്ടാൽ അത് വലിയ അപകടത്തിലേയ്ക്ക് പോകും. "എന്റെ രാജ്യം ഐഹീകമല്ല" (യോഹ. 18:36) എന്ന് പ്രഖ്യാപിച്ചവന്റെ അനുയായികളാണ് ക്രൈസ്തവരെന്ന കാര്യം നാം മറക്കുന്നു.

## 4. സഭൈക്യമെന്നാൽ സഭകൾ തമ്മിലുള്ള ലയനമല്ല

രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ഒന്നിപ്പിനെ ലയനം എന്ന് പറയാറുണ്ട്. ചെറിയ പാർട്ടി വലിയ പാർട്ടിയിൽ ലയിച്ച്, സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്തുന്ന ശൈലി. ക്രിസ്തുസഭയിൽ ഐക്യത്തെ ഈ രീതിയിൽ കാണുന്നവരുണ്ട്. സഭയിൽ പ്രധാനം ഐക്യമാണ്, ഐക്യരൂപ്യമല്ല. ക്രിസ്തു ഏക സഭ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.അതാണ് മാതൃസഭ; ക്രിസ്തുവിന്റെ സഭ.

## 5. മുൻവിധികൾ, കുറ്റപ്പെടുത്തലുകൾ, ന്യായീകരണങ്ങൾ തുടങ്ങിയവ ഇല്ലാതാകണം

മാർത്തോമ്മാ നസ്രാണികളുടെ ചരിത്രത്തിൽ 16-ാം നൂറ്റാണ്ടിനുശേഷം സംഭവിക്കാൻ പാടില്ലാത്ത പല കാര്യങ്ങളും നടന്നിട്ടുണ്ട്. അതിന് ഇന്നത്തെ തലമുറ പഴയതലമുറകളെ കുറ്റപ്പെടുത്തിയതുകൊണ്ട് എന്തു നേടാനാണ്? നൂറ്റാണ്ടുകൾക്ക് മുൻപ് സമൂഹവും സഭയും ഇന്നത്തെ കാലത്തെ പോലെ ചിന്തിച്ചിരുന്നില്ല. സാമൂഹികജീവിതക്രമം തികച്ചും വ്യത്യസ്തമായിരുന്നു. പുറം ലോകത്തോടുള്ള തുറവി വളരെ കുറവായിരുന്നു. പേർഷ്യ, ചൈന തുടങ്ങി വളരെ കുറവ് നാടുകളുമായി മാത്രമെ വ്യാപാരബന്ധം ഉണ്ടായിരുന്നുള്ളൂ. യാത്രാ സൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. വാർത്താവിനിമയ സംവിധാനങ്ങൾ ഇല്ലായിരുന്നു എന്ന് വേണമെങ്കിൽ പറയാം.

ക്രൈസ്തവസഭകളുടെ വീക്ഷണങ്ങളിലും കുറവുകളുണ്ടായിരുന്നു. സുവിശേഷീകരണം അല്ലെങ്കിൽ മിഷൻ പ്രവർത്തനം എന്നാൽ എല്ലാ ജനതകളെയും മാമോദീസാ മുക്കി ക്രൈസ്തവ ജനസംഖ്യ കൂട്ടുക എന്ന രീതിയിൽ തെറ്റിദ്ധരിക്കപ്പെട്ടു. അതിന്റെ ഫലമായി പല നാടുകളുടെയും സാംസ്കാരിക പൈതൃകങ്ങൾ പലതും നശിപ്പിക്കപ്പെട്ടു. യൂറോപ്യൻ മിഷനറിമാർ സാമ്രാജ്യത്വ ശക്തികളുടെ സഹായത്തോടെ പുരാതന കാലം മുതൽ നിലനിന്നിരുന്ന ക്രൈസ്തവ സമൂഹങ്ങളെ തങ്ങളുടെ വരുതിയിലാക്കാനുള്ള ശ്രമങ്ങൾ നടത്തി. അത് പലപ്പോഴും പരമ്പരാഗത ക്രൈസ്തവ സമൂഹങ്ങളിൽ അസ്വസ്ഥതകൾക്ക് കാരണമായി.

വാർത്താവിനിമയ സംവിധാനങ്ങളും യാത്രാ സൗകര്യങ്ങളും കുറവായിരുന്ന കാലത്ത് മാർത്തോമ്മാ നസ്രാണി സമൂഹത്തിനും മറ്റ് അപ്പസ്തോലിക പൈതൃക സഭകളുമായി സംസർഗ്ഗമുണ്ടായിരുന്നു. എങ്കിലും ഇവിടുത്തെ സഭകളുടെ ആഭ്യന്തര വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നത് ഇവിടുത്തെ സഭാസംവിധാനങ്ങളനുസരിച്ചായിരുന്നു. വിശ്വാസവിഷയങ്ങൾ പരമ്പരാഗതമായി ലഭിച്ചവ കൈമോശം സംഭവിക്കാതെ കാത്തുസംരക്ഷിച്ചുപോന്നു. ഇന്നു നാം കാണുന്ന കണ്ണുകളിലൂടെ കഴിഞ്ഞ കാലങ്ങളിലെ സഭാത്മകജീവിതത്തെ നാം കാണാൻ ശ്രമിക്കരുത്. സഭാചരിത്രത്തിൽ കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച കെടുതികൾ ഇനിയും ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുക എന്നതാണ് പ്രധാനം.

മറ്റ് സഭകളെ മുൻവിധിയില്ലാതെയും കുറ്റപ്പെടുത്താതെയും കാണാൻ ശ്രമിച്ചാൽ അതുതന്നെ സഭൈക്യരംഗത്ത് ഒരു പുതിയ ഉണർവ് നല്കും. വിശ്വാസകാര്യങ്ങളിലും മറ്റ് അടിസ്ഥാന വിഷയങ്ങളിലുമുള്ള ഭിന്നതകൾ പരസ്പരം പഠനത്തിന്റെയും ചർച്ചകളുടെയും സംവാദങ്ങളുടെയും മാർഗ്ഗത്തിൽ ഇല്ലാതാക്കാനാവും. അതിന് കാലമെടുക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. സഭകളുടെ സ്വയം ന്യായീകരിക്കുന്ന മനോഭാവവും, വല്ല്യേട്ടൻ മനോഭാവവും മാറ്റി ക്രിസ്തു പഠിപ്പിച്ച എളിമയുടെ മനോഭാവത്തെ സ്വീകരിച്ചാൽ അത് സഭൈക്യരംഗത്ത് വലിയ മാറ്റമുണ്ടാക്കും. സഭാമൗലീകവാദം ഇക്കാലഘട്ടത്തിൽ കൂടി വരുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഞങ്ങളുടെ സഭയാണ് ശരിയായ വിശ്വാസം കാത്തു സംരക്ഷിക്കുന്നത്, ഞങ്ങളുടേതാണ് മെച്ചം, മറ്റുള്ളവർക്ക് കുറ്റങ്ങളും കുറവുകളും ഉണ്ട് എന്ന മനോഭാവം സഭൈക്യസംരംഭങ്ങൾക്ക് തടസ്സമാണ്. സഭൈക്യത്തെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളെ പ്രോത്സാഹിപ്പിക്കുകയും, സഭൈക്യത്തിന് വിഘാതം നില്ക്കുന്ന ഘടകങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക. സഭകളുടെ ഐക്യത്തെ ഇഷ്ടപ്പെടാത്തവരും, നിരുത്സാഹപ്പെടുത്തുന്നവരും എല്ലാ സഭകളിലുമുണ്ട്. അവർ ക്രിസ്തുവിന്റെ മനസ്സ് അറിഞ്ഞിട്ടില്ലാത്തവരാണെന്ന് പറയാതിരിക്കാൻ വയ്യ.

### 6. സഭൈക്യം : കാലഘട്ടത്തിന്റെ ആവശ്യം

മനുഷ്യ മനസ്സുകൾ എന്നും കലുഷിതമാണ്. മനുഷ്യകുലത്തെ തിന്മയിൽനിന്നും നന്മയിലേയ്ക്ക് നയിക്കുന്നതിനും ദൈവത്തിലേയ്ക്ക് ഒന്നിപ്പിക്കുന്നതിനും വേണ്ടിയാണ് കാലത്തിന്റെ പൂർണ്ണതയിൽ ദൈവപുത്രൻ മനുഷ്യവതാരം ചെയ്തത്. മനുഷ്യന്റെ സ്വാർത്ഥതയും അഹങ്കാരവും താൻപോരിമയും എല്ലാം മനുഷ്യരെ ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും ദേശത്തിന്റെയും ഭാഷയുടെയും രാഷ്ട്രീയത്തിന്റെയുമെല്ലാം പേരിൽ കലഹങ്ങളും അനൈക്യങ്ങളുമുണ്ടാക്കാൻ പ്രേരിപ്പിക്കുന്നു. ഒരുപക്ഷെ മതത്തിന്റെ പേരിലും ദൈവത്തിന്റെ പേരിലുമായിരിക്കും ചരിത്രത്തിൽ കൊലപാതകങ്ങൾ കൂടുതലായിട്ടും ഉണ്ടായിട്ടുള്ളത്.

ക്രിസ്തുവിനെ മനസ്സിലാക്കാനും അവിടുന്ന് പഠിപ്പിച്ച സ്നേഹത്തിന്റെ മതം ഉൾക്കൊള്ളാനും ഇന്നും നല്ലൊരു ഭാഗം ജനതയ്ക്കും സാധിച്ചിട്ടില്ല. അതിനാൽ തന്നെ ക്രൈസ്തവ ദർശനങ്ങളെ എതിർക്കുകയും ഇല്ലാതാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവർ അനേകരാണ്. കേരളത്തിൽ തന്നെ സഭകളുടെയുള്ളിലും സഭകൾ തമ്മിലുമുള്ള പടലപ്പിണക്കങ്ങൾ ശത്രുപക്ഷത്തുള്ളവരും സഭയുടെ നാശം കാണാൻ ആഗ്രഹിക്കുന്നവരും മുതലെടുക്കുന്നുണ്ട്. ക്രൈസ്തവ സമൂഹം ഒന്നിച്ചുനിന്ന് തിന്മയുടെ ശത്രുക്കൾക്കെതിരെ പോരാടിയില്ലെങ്കിൽ അത് സഭയെ ദുർബലമാക്കുമെന്ന് പറയേണ്ടതില്ലല്ലോ. തിന്മയെ എതിർക്കേണ്ട എന്നല്ല തിന്മയ്ക്കു പകരം തിന്മ ചെയ്യരുത് എന്നാണ് ക്രിസ്തു പറഞ്ഞത്. ക്രൈസ്തവ സഭകൾ ഐക്യത്തിലല്ലെങ്കിൽ കേരളസഭ അനതി വിദൂരഭാവിയിൽ ദുർബലമാക്കപ്പെടും എന്ന സത്യം മറക്കരുത്.

### സമാപനം

നമുക്ക് ഒന്നിച്ചു സഞ്ചരിക്കാം എന്ന് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിക്കുമ്പോൾ അത് സഭകളുടെ ഐക്യത്തിലേക്കുള്ള പാതയിലും ഒന്നിച്ചു മുന്നേറാം എന്നു തന്നെയാണ് അർത്ഥമാക്കുന്നത്. മാർത്തോമ്മാ നസ്രാണി സഭകൾക്ക് ഇനിയും 17-ാം നൂറ്റാണ്ടിന് മുൻപുള്ള ഐക്യരൂപ്യത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. വൈവിധ്യങ്ങളെ ഉൾക്കൊണ്ടും അവരവരുടെ വ്യക്തിത്വം സംരക്ഷിച്ചുകൊണ്ടുമെല്ലാം അടിസ്ഥാന ദൗത്യമായ സുവിശേഷ പ്രഘോഷണം സാധ്യമാക്കാമെന്നും, സഭയുടെ അടിസ്ഥാന ലക്ഷ്യമായ സ്വർഗ്ഗീയ ജറുശലേമിനെ ലക്ഷ്യം വച്ചു യാത്ര ചെയ്യാമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യ ശക്തിയ്ക്കും ബുദ്ധിയ്ക്കും അതീതമാണ് ദൈവത്തിന്റെ വഴികൾ. സഭകളുടെ ഐക്യം സാധ്യമാകണമെങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഇടപെടൽ അവശ്യഘടകമാണ്. അതിന് ക്രൈസ്തവസമൂഹം സ്വയം എളിമപ്പെട്ട് ക്രിസ്തുവിന്റെ മനസ്സ് മനസ്സിലാക്കി സുവിശേഷാധിഷ്ഠിത മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കേണ്ടതുണ്ട്.

●


സ്വാഗതം



റവ. ഫാ. മാത്യു പുനക്കുളം

ഐക്യദീപം മാനേജർ



# വർത്തമാനകാല ജീവിതസത്യങ്ങൾ

“

**ദൃശ്യമാധ്യമങ്ങൾ പ്രദർശിപ്പിക്കുന്ന കച്ചവടസംസ്കാരത്തിൽപെട്ടുഴലുകയാണ് നാം. ഭാഷ. വേഷം,വസ്ത്രം, ജീവിതശൈലി എല്ലാമെല്ലാം നമ്മൾ ആരിൽനിന്നോ കടമെടുക്കുന്നു. എന്തുകഴിക്കണം എങ്ങനെ ജീവിക്കണം എന്തു ധരിക്കണം എന്നു തീരുമാനിക്കുന്നത് മറ്റാരോ ആണ്.**

”



**മീരാകൃഷ്ണ**

കുടുംബജീവിതത്തിൽ സ്നേഹവും കരുതലും അത്യന്താപേക്ഷിതമാണ്. സ്നേഹം ഉള്ളിൽ പൊതിഞ്ഞു വെക്കേണ്ടതല്ല. പ്രകടിപ്പിക്കുന്ന സ്നേഹം പരസ്പരം മനസ്സിലാക്കൽ കൂടിയായിമാറുമ്പോൾ കുടുംബസന്തുഷ്ടി ഉടലെടുക്കുന്നു. ബന്ധങ്ങൾക്ക് കരുത്തേകുന്നു. വർത്തമാനകാലത്ത് കുടുംബജീവിതത്തിന്റെ ഇമ്പം നഷ്ടപ്പെടുന്നതെങ്ങനെ.? മാതാവും പിതാവും കുട്ടികളും വൃദ്ധരുമടങ്ങുന്ന പല കുടുംബങ്ങളിലും പരസ്പരബഹുമാനം നഷ്ടപ്പെട്ട അവസ്ഥ ഇന്ന് സംജാതമാവുന്നുണ്ട്. വാർദ്ധക്യം ഒരു ശാപമായി മാറുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുന്നു. കുടുംബത്തിൽ പ്രായമായ പിതാവിനോടൊ മാതാവിനോടോ സംസാരിക്കാൻ സമയമില്ല. പത്തുമക്കളെ പെറ്റുപോറ്റിവളർത്തിയിട്ടും അതിന്റെ മൂല്യമറിയാതെ, ആ മക്കൾ വൃദ്ധയായ അമ്മയെ പണത്തിനുവേണ്ടി അതിക്രൂരമായി ഉപദ്രവിക്കുന്നതുകണ്ടു. ത്യാഗപൂർണ്ണമായ മാതൃത്വത്തിന്റെ മഹനീയത മനസ്സിലാക്കാൻ കഴിയാത്ത നാടായി മാറുകയാണോ നമ്മുടെ കേരളം...?

കുടുംബത്തിൽ ആർക്കും പരസ്പരം സംസാരിക്കാൻ സമയമില്ല. മൊബൈൽഫോണുകൾ പോലെയുള്ള നവമാധ്യമങ്ങൾ കുടുംബജീവിതത്തിന്റെ സന്തുലനാവസ്ഥയെ തകിടംമറിക്കുകയാണ്. ഇന്റർനെറ്റിന്റെ അമിതമായ മാസ്മരികശക്തിയിൽ ഭ്രമാത്മകമായ ലോകത്താണ് എല്ലാവരും. ദൃശ്യമാധ്യമങ്ങൾ പ്രദർശിപ്പിക്കുന്ന കച്ചവടസംസ്കാരത്തിൽപെട്ടുഴലുകയാണ് നാം. ഭാഷ.വേഷം,വസ്ത്രം, ജീവിതശൈലി എല്ലാമെല്ലാം നമ്മൾ ആരിൽനിന്നോ കടമെടുക്കുന്നു. എന്തുകഴിക്കണം എങ്ങനെ ജീവിക്കണം എന്തു ധരിക്കണം എന്നു തീരുമാനിക്കുന്നത് മറ്റാരോ ആണ്. നമ്മുടെ പൈതൃകത്തെ നാം മറന്നു. ഗുരുപരമ്പരകളെ പുശ്ചിച്ചു. മതഗ്രന്ഥങ്ങളെ നിഷേധിച്ചു. എന്നിട്ട് നാം എന്തുനേടി?

ആർത്തി സംസ്കാരം നമ്മെ കീഴടക്കി. പണത്തിനോടുള്ള ആർത്തി

കുട്ടികളിൽ മുതൽ പ്രകടമാകുന്നു. അത് കൊണ്ടെത്തിക്കുന്നതോ ലഹരി മാഫിയാകളുടെ വലകളിലും. കേരളത്തിലുണ്ടാകുന്ന റോഡപകടങ്ങളിൽ മരണമടയുന്നതിൽ കൂടുതലും 30 വയസ്സിൽ താഴെയുള്ളവരാണ്എന്ന് 2021-ലെ ഒരു സർവ്വേയിൽ രേഖപ്പെടുത്തിയതായിക്കണ്ടു.. ലഹരിയുടെ അമിത ഉപയോഗവും കുടുംബത്തിലെ നിയന്ത്രണമില്ലായ്മയും മൊബൈൽഫോണുകളും, നിഷേധാത്മകമായ ചിന്തകളും, യൗവനത്തിന്റെ ചൂടും, ആരോഗ്യത്തിന്റെ അഹങ്കാരവും ആണ് കാരണങ്ങൾ. അന്തിയാകുമുമ്പ് അസ്തമിക്കുന്ന സൂര്യന്മാർ...!

പ്രണയപ്പകയിൽ എരിഞ്ഞടങ്ങുന്ന കൗമാരങ്ങൾ ഭയങ്കരമായപ്രണയത്തിന്റെ നോവറിവുകളാകുന്ന കെട്ടകാലം........!

പണ്ട് പണ്ട് പറഞ്ഞുകേട്ട ഒരു കഥയുണ്ട്. സന്താനലബ്ധിക്കായി തപസ്സനുഷ്ഠിച്ച ദമ്പതികളോട് ദൈവം പ്രത്യക്ഷപ്പെട്ടു ചോദിച്ചു. നൂറുവയസ്സുവരെ ജീവിക്കുന്ന മന്ദബുദ്ധിയും വിഡ്ഢിയുമായ ഒരുപുത്രനെവേണോ വെറും പതിനാറുവയസ്സുവരെമാത്രം ആയുസ്സുള്ള ബുദ്ധിമാനായ പുത്രനെവേണോ.? പതിനാറുവയസ്സുവരെ മാത്രം ആയുസ്സുള്ളെങ്കിലും ബുദ്ധിമാനായ മകനെയാണ് തങ്ങൾക്ക് വേണ്ടത് എന്നവർ പറഞ്ഞു. ദൈവം പുത്രനെ കൊടുത്തു. പക്ഷെ ധ്യാനത്താലും ബുദ്ധിശക്തിയാലും ആത്മശുദ്ധതയാലും അവൻ ദീർഘായുസ്സുനേടി അനശ്വരനായി എന്നാണു കഥ. ഇന്നത്തെ മാതാപിതാക്കളിൽ പലരോടും ഇതേചോദ്യം ദൈവം ചോദിച്ചാൽ അവർ ഒരുപക്ഷെ പറയുമായിരിക്കും ആയുസ്സു കുറഞ്ഞാലും സമ്പത്തുണ്ടായിരിക്കണമെന്ന്. കാരണം അത്രയ്ക്കുണ്ട് ഇന്നത്തെ ആർത്തിസംസ്കാരം. നല്ലവരുമാനമുള്ള പുതുതലമുറയ്ക്ക് പലപ്പോഴും സംതൃപ്തരാകാനോ സന്തോഷമായി ജീവിക്കുവാനോ സാധിക്കുന്നില്ല എന്നതാണ് സത്യം. സ്വപ്നം കാണാനാവാത്ത തരത്തിൽ കിട്ടുന്ന പണംപോലും ഒന്നിനും തികയാതെവരുന്നു. മാനസിക സമ്മർദ്ധം അതിലേറെയും. കുടുംബബന്ധങ്ങൾ തകരുന്നു. ആത്മഹത്യകളേറുന്നു. സമ്പന്നതയുടെ ആധിക്യം കൊണ്ടും തളർച്ച ബാധിക്കുന്ന യുവത്വം!

ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവ മനുഷ്യജീവിതത്തിലെ ശാസ്ത്രീയമായ നാലുഘട്ടങ്ങളാണ്. ആചാര്യൻമാരിൽക്കൂടെ ധർമ്മാധർമ്മപാഠങ്ങൾ പഠിക്കണം. ധർമ്മത്തിൽ ജീവിതം അടിയുറപ്പിക്കണം. ജീവിതത്തിന് അർത്ഥം (ധനം) ആവശ്യമുണ്ട്. അതിന്റെ സമ്പാദനവും വിനിയോഗവും ധർമ്മത്തിൽ അടിയുറച്ചതാകണം. ആഗ്രഹങ്ങൾ ധർമ്മത്തിലധിഷ്ഠിതമായിരിക്കണം. ധർമ്മത്തിലടിയുറച്ചജീവിതം എത്തിച്ചേരുന്ന ലക്ഷ്യമാണ് മോക്ഷം. ഇതാണ് മനുഷ്യന്റെ ജീവിതശാസ്ത്രം.

പണത്തിന്റെ സമ്പാദനത്തിലും വിനിയോഗത്തിലും വ്യക്തമായ അവബോധവും കൃത്യതയും പാലിക്കാൻ നാം ബാധ്യസ്ഥരാണ് എന്നുംകൂടി അറിയിക്കാനാണ് ഇത്രയും പറഞ്ഞത്. ശരാശരി ജീവിതത്തിൽനിന്ന് അവിശ്വസനീയമായ സമ്പന്നതയിലേക്ക് എടുത്തെറിയപ്പെടുന്ന ഓരോ വ്യക്തിക്കും അതുമായി പൊരുത്തപ്പെടാൻ കഴിയാത്തതിന്റെ പ്രധാനകാരണം സാമ്പത്തിക അച്ചടക്കവും എളിമയും ധാർമ്മികതയും ഇല്ലാത്തതാണ്. വിശുദ്ധഗ്രന്ഥങ്ങളെല്ലാം എളിമയെപ്പറ്റി നമ്മളെ പഠിപ്പിക്കുന്നുണ്ട്. ദൈവപുത്രന്റെ ജനനംതന്നെ എളിമയുടെ വലിയൊരു പാഠമാണല്ലോ. ദൈവം താണിറങ്ങിയ പുൽക്കൂട് എളിമയുടെ ഒരു മഹാസന്ദേശമല്ലേ ലോകത്തിനു പകർന്നു നൽകിയത്..!?

കച്ചവടവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ആസുരതയിൽ പിടയാതെ വരുംതലമുറയുടെ നന്മയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള തിരിച്ചറിവുകൾ കുടുംബത്തിൽനിന്നുതന്നെ തുടങ്ങുക. യുവതലമുറയ്ക്കു ലക്ഷ്യം തെറ്റുമ്പോൾ തകരുന്നത് ഒരു രാജ്യമാണ്, സംസ്കാരമാണ്. മഹാവ്യാധിയാലും പ്രപഞ്ചദുരിതങ്ങളാലും വിങ്ങിപ്പൊട്ടിനിൽക്കുന്ന ലോകാന്തരീക്ഷത്തിൽ രാജ്യത്തിന്റെ തകർച്ച മനസ്സിലാക്കി ഈ ഒരവസ്ഥയെ നെഞ്ചോടു ചേർത്തുപിടിച്ച് ആർത്തിസംസ്കാരത്തെ തള്ളിക്കളഞ്ഞ് എളിമപ്പെട്ട് ദാനധർമ്മപാഠങ്ങൾ ശീലിച്ച് ലോക നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുക. ലോകബോധവും മാനസികാരോഗ്യവുമാണ് ഒരുവന് സന്തുലിതവ്യക്തിത്വം നേടിക്കൊടുക്കുന്നത് എന്നതു വിസ്മരിക്കാതിരിക്കുക. സത്യസമത്വസങ്കല്പ്പങ്ങളിലുറച്ച ലോകം അതായിരിക്കട്ടെ ഈ പുതുവർഷത്തിൽ നമ്മുടെ ലക്ഷ്യം. ●

## ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കുറിയന്നൂർ**

ജാലകം

# വാതിലുകൾ അടയ്ക്കാത്ത ദൈവം



മെർലിൻ മേരി മാത്യു

നാലു ചുറ്റും പ്രതിസന്ധികളുള്ള ലോകത്തിൽ കൂടിയാണ് നമ്മളോരോരുത്തരും സഞ്ചരിക്കുന്നത്. പണ്ടൊക്കെ പറയുമായിരുന്നു, ചെകുത്താനും കടലിനും നടുവിലാണെന്ന്. എന്നാൽ ഇന്ന് ചെകുത്താനും കടലിനും മാത്രമല്ല, നാലു ചുറ്റും പ്രതിസന്ധികളാണ്. കോവിഡ്, ജോലി സാധ്യതകളുടെ ബുദ്ധിമുട്ട്, മഴ; അതിന്റെ കെടുതികൾ, മറ്റൊരു വശത്ത് സാമ്പത്തികമായ ബുദ്ധിമുട്ടുകൾ അങ്ങനെ ഒരുപാട് പ്രശ്നങ്ങൾ കൊണ്ട് ചുറ്റപ്പെട്ടിരിക്കുന്ന ഈ സമയത്തിൽ വാതിലുകളെല്ലാം അടഞ്ഞുപോയി എന്ന വലിയൊരു നിരാശ പലരുടെയും ജീവിതത്തെ വല്ലാതെ ദുഃഖത്തിലാഴ്ത്തുന്നുണ്ട്. ഒരിക്കൽ കാട്ടുതീ കാട്ടിൽ പടർന്നു പിടിച്ചു. ജീവജാലങ്ങളെല്ലാം ഓടുകയാണ്. ഓട്ടത്തിന്റെ നടുവിൽവച്ച് ഒരു പുഴക്കര എത്തിയപ്പോൾ ഒരു മാനിന് അതിഭയങ്കരമായ പ്രസവവേദന അനുഭവപ്പെട്ടു. മാൻ പെട്ടെന്നുതന്നെ ആ പുഴയുടെ കരയിലേക്ക് അമർന്നിരുന്നു. മറുവശത്തുള്ള കാട്ടുതീ ആ മാനിന് കാണാമായിരുന്നു. മാൻ

> “പ്രതിസന്ധിയുടെ നടുവിലും വിശ്വാസത്തിൽ പുറകോട്ട് പോകാതെ പ്രാർത്ഥനയിൽ മടുപ്പു തോന്നാതെ ഉറച്ചുനിന്ന ദാനിയേൽ, ദൈവത്തെ സ്നേഹിച്ചിട്ടും സിംഹക്കുഴിയിൽ എറിയപ്പെട്ടു. എന്നാൽ ആ സിംഹക്കുഴിയിൽ ഇറങ്ങി വന്ന ദൈവത്തെ കാണാൻ, മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കാൻ ദാനിയേലിനു സാധിച്ചു.”



അതിൽനിന്ന് തിരിഞ്ഞ് കാണാതെവണ്ണം ഇരുന്ന് തലയുയർത്തി നോക്കുമ്പോൾ കാണുന്നത് ദൂരെ ഒരു മരത്തിന്റെ മറവിൽനിന്ന് ഒരു വേടൻ തനിക്കു നേരെ അമ്പെയ്യുന്നതാണ്. എന്തു ചെയ്യണമെന്നറിയാതെ മാൻ ഇരിക്കുന്ന സ്ഥലമൊന്ന് മാറ്റാമെന്നോർത്ത് ഒന്ന് ചരിഞ്ഞപ്പോൾ കാണുന്നത് ദൂരെനിന്ന് ഒരു സിംഹം ഓടി വരുകയാണ്. അപ്പോൾ നാലുചുറ്റും മാനിന് പ്രതിസന്ധിയാണ്. വേദനകൊണ്ട് ഈ മാനിന് അനങ്ങാൻ വയ്യാ. എന്തുചെയ്യണമെന്നറിയാതെ തന്റെ കുഞ്ഞിന് ജന്മം കൊടുക്കുന്ന നിമിഷത്തിൽപോലും സഹിക്കാൻ വയ്യാത്ത വേദനയുടെ നടുവിലും, ഒരു വശത്ത് പുഴയും മറുവശത്ത് കാട്ടുതീയും എതിർവശത്ത് ഒരു വേടനും എന്നാൽ അതിന് എതിർവശത്തുനിന്ന് ഒരു സിംഹവും വന്നപ്പോൾ എന്ത് ചെയ്യണമെന്നറിയാത്ത ഒരു വലിയ പ്രതിസന്ധിയിലാണ് ഈ മാനിപ്പോൾ. മാൻ ഉയരങ്ങളിലേക്ക് നോക്കി കണ്ണുകൾ മുറുക്കിയടച്ചു. പെട്ടെന്ന് ഇടിവെട്ടുന്ന ഒരു ശബ്ദം മാൻ കേട്ടു, ഇടിവെട്ടുന്നതിനോടൊപ്പം ഒരു അലർച്ചയും. അലർച്ച കേട്ട വശത്തേക്ക് മാൻ നോക്കിയപ്പോൾ കാണുന്നത് ഓടി വന്ന സിംഹം വേടന്റെ അമ്പേറ്റ് പിടയുന്നതാണ്. കാരണം, ഇടിവെട്ടുന്ന ശബ്ദം കേട്ടപ്പോൾ വേടൻ പെട്ടെന്ന് ഞെട്ടി. ഉന്നം വച്ചിരിക്കുന്ന അമ്പ് ഉന്നം മാറി ആ സിംഹത്തിന്റെമേൽ പതിച്ചു. വേദനകൊണ്ട് പുളയുന്ന സിംഹം തന്നെ ഉപദ്രവിക്കുമോയെന്ന് പേടിച്ച് വേടൻ ഓടി പോവുകയും ചെയ്തു. വേദനകൊണ്ട്

സിംഹവും ഓടിപ്പോയി. എന്നാൽ ഇടിവെട്ടിയതിനോടൊപ്പംതന്നെ മഴയും പെയ്തു. മഴ പെയ്തപ്പോൾ കാട്ടുതീ ശമിച്ച് ഇല്ലാതെയായി. മാനിന് ചുറ്റും മൂന്നുവശത്തുമുള്ള പ്രതിസന്ധികൾ ഇവിടെ അവസാനിക്കുകയാണ്. മാൻ വളരെ സാവധാനത്തിൽ ക്ഷമയോടുകൂടി തന്റെ കുഞ്ഞിന് ജന്മം കൊടുക്കുന്നതാണ് ഈ കഥയുടെ അവസാനം.

പ്രിയമുള്ളവരെ ഇതുപോലെ നമ്മുടെ കുടുംബജീവിതത്തിലും പലപ്പോഴും നാലുചുറ്റും പ്രതിസന്ധികൾ ഉണ്ടാകും. ഒരിക്കലും അതിജീവിക്കാൻ പറ്റുകയില്ലെന്നോർത്ത് വളരെ പ്രശ്നങ്ങളിൽ കൂടിയായിരിക്കും പലരും കടന്നു പോകുന്നത്. എന്നാൽ ഇവിടെ ഏറ്റം ഒരു ബലഹീന മൃഗമായ മാനിനെ സംരക്ഷിച്ച ദൈവം എന്നെയും നിങ്ങളെയും ഏത് പ്രതിസന്ധിയിലും സംരക്ഷിക്കാൻ മതിയായവനാണ്. ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത അത്ഭുതങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നടക്കുവാൻ ചില ബുദ്ധിമുട്ടുകൾ അതിന് മുന്നോടിയായിട്ട് ഉണ്ടാകുന്നു എന്നുമാത്രം. ആയതുകൊണ്ട് ഏത് പ്രതിസന്ധിയെയും അതിജീവിക്കുവാൻ നല്ല ധൈര്യവും ആത്മസമർപ്പണവും അതിനുള്ള ഒരു വിശ്വാസവും ഉണ്ടാകുമ്പോൾ ദൈവം നമ്മെ സഹായിക്കും.

നാലുചുറ്റും പ്രതിസന്ധികൾ ഉള്ള ലോകത്തിൽ നാം ജീവിക്കുമ്പോഴും അതിനു ചുറ്റും വേലികെട്ടി കാക്കുന്ന ദൈവത്തെ പലപ്പോഴും നാം കാണാറുണ്ട്. പ്രതിസന്ധിയുടെ നടുവിലും വിശ്വാസത്തിൽ പുറകോട്ട് പോകാതെ പ്രാർത്ഥനയിൽ മടുപ്പു തോന്നാതെ ഉറച്ചുനിന്ന ദാനിയേൽ, ദൈവത്തെ സ്നേഹിച്ചിട്ടും സിംഹക്കുഴിയിൽ എറിയപ്പെട്ടു. എന്നാൽ ആ സിംഹക്കുഴിയിൽ ഇറങ്ങി വന്ന ദൈവത്തെ കാണാൻ, മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കാൻ ദാനിയേലിനു സാധിച്ചു.

നമ്മുടെ ജീവിതത്തിലെ ബുദ്ധിമുട്ടുകൾ എന്താണെങ്കിലും അതിൽ നാം നശിച്ചുപോകാതെ നമ്മെ വീണ്ടെടുക്കാൻ നമുക്കൊരു ദൈവമുണ്ട്. അനുഗ്രഹത്തിന്റെ വാതിൽ നമുക്കായി തുറക്കുന്ന ദൈവത്തിൽ നമുക്ക് ശരണപ്പെടാം.

●


## ഓർമ്മപ്പെരുന്നാൾ – ജനുവരി, ഫെബ്രുവരി

ജനുവരി 16



ഗീവർഗീസ് മാർ
ദിവന്നാസിയോസ് (2018)

ജനുവരി 18



മോറാൻ മോർ സിറിൽ
ബസേലിയോസ് കാതോലിക്കാബാവാ (2007)

ജനുവരി 18



ജോസഫ് മാർ
സേവേറിയോസ് (1955)

ഫെബ്രുവരി 22



അബി. തോമസ് മാർ
ദിയസ്കോറസ് (1943)



# സുറിയാനി സഭാപാരമ്പര്യം



ഫാ. ജോസഫ് കളരിപറമ്പിൽ

സുറിയാനി പാരമ്പര്യം പൗരസ്ത്യ ക്രിസ്തീയ സഭയുടെ (Eastern Christianity) ഒരു വ്യതിരിക്ത മായ ശാഖയെ പ്രതിനിധീകരിക്കുന്നു. അതിന്റെ ദൈവശാസ്ത്ര രചനകളും പരമ്പരാഗത ആരാധന ക്രമങ്ങളും അരമായ ഭാഷയുടെ വ്യതിയാനമായ സുറിയാനി ഭാഷയിൽ രൂപം കൊണ്ടിരിക്കുന്നു.

ഗ്രീക്ക്, ലത്തീൻ ഭാഷകൾക്കൊപ്പം ആദിമ സഭ യിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഷകളിൽ ഒന്നായി രുന്നു സുറിയാനി. ക്രിസ്തുമതത്തിൽ ഒരു വ്യതിരി ക്തമായ സഭാസമൂഹത്തിന്റെ വികാസത്തിന് സുറി യാനിഭാഷ കാരണമായി. ഈ സഭാസമൂഹം പുരാ തന കാലഘട്ടത്തിന്റെ അവസാനത്തിലും മധ്യകാല ഘട്ടത്തിന്റെ തുടക്കത്തിലും സമീപ കിഴക്കൻ പ്രദേ ശങ്ങളിലും ഏഷ്യയുടെ മറ്റ് ഭാഗങ്ങളിലും തഴച്ചുവ ളർന്ന് നിരവധി ആരാധനക്രമ സഭാപാരമ്പര്യങ്ങൾക്ക് കാരണമായി.

ഇന്ത്യയിലെ രണ്ട് പൗരസ്ത്യാരാധനക്രമ പാര മ്പര്യങ്ങളിലുമുള്ള തദ്ദേശീയ ക്രിസ്ത്യാനികളെ സുറി യാനി ക്രിസ്ത്യാനികൾ എന്നി വിളിക്കുന്നു. പൗരസ്ത്യ സുറിയാനി ആരാധനക്രമത്തെ (East Syriac Liturgy) പ്രതിനിധീകരിക്കുന്നത് സീറോ മല ബാർസഭയും കൽദായ സുറിയാനിസഭയുമാണ്. പാശ്ചാത്യ സുറിയാനി ആരാധനക്രമം (West Syriac Liturgy) 1653 ന് ശേഷമാണ് ഭാരതത്തിൽ പ്രചാര ത്തിലായത്. അതുമായി ബന്ധപ്പെട്ട സഭാസമൂഹത്തെ പ്രതിനിധീകരിക്കുന്നത് സീറോ മലങ്കര കത്തോലി ക്കാസഭ, യാക്കോബായ സുറിയാനിസഭ, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ, മലങ്കര മാർത്തോമ്മാ സുറിയാനിസഭ, മലബാർ സ്വതന്ത്ര സുറിയാനിസഭ എന്നിവയാണ്.

സുറിയാനി ഭാഷ മെസൊപ്പൊട്ടേമിയയിലെ എഡേസ്സായിൽ ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടി ലാണ് രൂപം പ്രാപിച്ചത്. ഇത് ഗലീലിയൻ ഭാഷയായ യേശു ഉപയോഗിച്ചിരുന്ന അരമായ ഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ സുറിയാനി ഭാഷയെ യേശുവിന്റെ ഭാഷയായും കണക്കാക്കുന്നു. അരമായ ഭാഷ സംസാരിക്കുന്ന ജൂതന്മാർക്കിടയിൽ ആരംഭിച്ച ക്രിസ്തുമതം താമസിയാതെ കിഴക്കൻ മെഡിറ്ററേനിയൻ തീരത്തുള്ള അരമായ ഭാഷ സംസാ രിക്കുന്ന സെമിറ്റിക് ജനങ്ങളിലേക്കും റോമൻ സാമ്രാ ജ്യത്തിന്റെ ഉൾനാടുകളിലേക്കും അതിനപ്പുറം പാർത്തിയൻ സാമ്രാജ്യത്തിലേക്കും പിന്നീട് മെസൊ പ്പൊട്ടേമിയ ഉൾപ്പെടെയുള്ള സസാനിയൻ സാമ്രാജ്യ ത്തിലേക്കും വ്യാപിച്ചു. അപ്രകാരം തുർക്കി, സിറിയ തുടങ്ങിയ പ്രദേശങ്ങളിലേക്ക് ക്രിസ്തുമതം എത്തി ച്ചേർന്നു. തുർക്കിയിലെ എഡേസ്സായിൽ ഉപയോഗി ച്ചിരുന്ന സുറിയാനി ഭാഷ അക്കാലത്ത് ക്രിസ്ത്യൻ രചനകളിൽ പ്രബലമായിരുന്നു. അതിനാൽ സുറി യാനി ആരാധനഭാഷയായി വളർന്നുവന്നു. അപ്ര കാരം സുറിയാനി ഭാഷയിലൂടെയാണ് മധ്യപൂർവ്വേ ഷ്യയിൽ ക്രിസ്തുമതം പ്രചരിക്കപ്പെട്ടത്.

## പൗരസ്ത്യ-പാശ്ചാത്യ സുറിയാനി സഭകളിലെ ദൈവശാസ്ത്രപരമായ വൈരുദ്ധ്യം

ക്രിസ്തുശാസ്ത്രസംബന്ധമായും പരിശുദ്ധാത്മ സംബന്ധമായും ദൈവശാസ്ത്രവിഷയങ്ങളെ ആധാരമാക്കി സുറിയാനിസഭയിൽ വിഭജനങ്ങൾ ഉണ്ടായിട്ടുണ്ട്. എ.ഡി. 431 ൽ, മൂന്നാമത്തെ സാർവ്വത്രിക സുന്നഹദോസായ എഫേസോസിൽ നെസ്തോറിയസിനെയും നെസ്തോറിയൻ പാഷണ്ഡതയെയും സഭ നിരാകരിച്ചു. അത് കൽദായ സുറിയാനി സഭയുടെ ജനനത്തിന് കാരണമായി ഭവിച്ചു. എ.ഡി. 451 ൽ, നാലാമത്തെ സാർവ്വത്രിക സുന്നഹദോസായ കാൽസിഡോണിൽ ഏകസ്വഭാവവാദത്തെ സഭ നിരസിച്ചു. തദ്ഫലമായി ഏകസ്വഭാവവാദക്കാർ ഒരുമിച്ച് യാക്കോബായസഭ രൂപം പ്രാപിച്ചു. കാൽസിഡോൺ സുന്നഹദോസിനെ അനുകൂലിച്ച സുറിയാനിസഭാസമൂഹം മെൽക്കൈറ്റുകൾ എന്നറിയപ്പെടുന്നു. അപ്രകാരം അഞ്ചാം നൂറ്റാണ്ടിൽ സുറിയാനി സഭാപാരമ്പര്യത്തിൽ മൂന്ന് പ്രബലമായ തിരിവുകൾ ഉണ്ടായി. പൗരസ്ത്യ സുറിയാനി സഭക്കാർ പൗരസ്ത്യ സുറിയാനി ലിപി (East Syriac Script) അവരുടെ രചനകൾക്ക് ഉപയോഗിച്ചപ്പോൾ പാശ്ചാത്യ സുറിയാനി സഭക്കാർ പാശ്ചാത്യ ലിപി (West Syriac Script) ഉപയോഗിച്ചു. ഇപ്രകാരമാണ് ഈ രണ്ട് സഭകൾക്കും അവയുടെ പേരുകൾ കൈവന്നത്.

പൗരസ്ത്യ-പാശ്ചാത്യ സുറിയാനിസഭകൾ (East and West Syriac Churches) തമ്മിലുള്ള ദൈവശാസ്ത്രപരമായ അകൽച്ച ഒരു നീണ്ട കിടമത്സരമായി നിലനിന്നുപ്പോന്നു. ഇരുപക്ഷവും തങ്ങളുടെ സിദ്ധാന്തങ്ങൾ പാഷണ്ഡതയല്ലെന്ന് അവകാശപ്പെട്ടു. മറുവശത്ത് മതവിരുദ്ധമായ പഠിപ്പിക്കലുകൾ ഉണ്ടെന്ന് ആരോപിച്ചു. ഈ ദൈവശാസ്ത്രപരമായ അകൽച്ച മധ്യകാലഘട്ടത്തിലും ആധുനിക കാലഘട്ടത്തിന്റെ തുടക്കത്തിലും വരെ തുർന്നുപ്പോന്നു.

പൗരസ്ത്യ-പാശ്ചാത്യ സുറിയാനി സഭകളുടെ ആരാധനക്രമങ്ങൾ തികച്ചും വ്യത്യസ്തമാണ്. പൗരസ്ത്യ സുറിയാനിസഭയുടെ ആരാധന പ്രത്യേകിച്ചും അദ്ദായിയുടെയും മാറിയുടെയും അനാഫൊറായാൽ ശ്രദ്ധേയമാണ്. പാശ്ചാത്യ സുറിയാനിസഭയുടെ അല്ലെങ്കിൽ അന്ത്യോക്യൻ സഭയുടെ ആരാധനക്രമം നമ്മുടെ കർത്താവിന്റെ സഹോദരനായ മാർ യാക്കോബിന്റെ അനാഫൊറായുടെ സുറിയാനി തർജ്ജമയെ അടിസ്ഥാനമാക്കി രൂപം കൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കിടയിൽ പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ് ആദ്യം ഉപയോഗിച്ചിരുന്നത്. എന്നാൽ, 17-ാം നൂറ്റാണ്ടിൽ അന്ത്യോക്യൻ സഭയുമായുള്ള ബന്ധം സ്ഥാപിച്ച പുത്തൻകൂറ്റുകാർ പാശ്ചാത്യ സുറിയാനി ആരാധനക്രമം കേരളത്തിൽ ഉപയോഗിക്കുവാൻ തുടങ്ങി.

1930 ൽ പുത്തൻകൂറ്റ് സഭാസമൂഹത്തിൽനിന്ന് കത്തോലിക്കാസഭയിലേക്ക് ഒരു വിഭാഗം കൂട്ടായ്മ സ്ഥാപിച്ചു. അപ്രകാരം മലങ്കര കത്തോലിക്കാസഭ പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിൽ അധിഷ്ഠിതമായി രൂപം കൊണ്ടു.

## പുസ്തക പ്രകാശനം




*തിരുവല്ല അതിരൂപതാ മുഖ്യ വികാരിജനറാൾ ബഹു. ഐസക് പറപ്പള്ളിയച്ചൻ എഡിറ്റ് ചെയ്ത് പുറത്തിറക്കിയ 'പൗലോസ് മാർ പീലക്സിനോസ് - സഭൈക്യത്തിന്റെ അപ്പസ്തോലൻ' എന്ന പുസ്തകം കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ബത്തേരി ഭദ്രാസന അദ്ധ്യക്ഷൻ ജോസഫ് മാർ തോമസ് പിതാവിനു നൽകി പ്രകാശനം ചെയ്യുന്നു*

## ആരോഗ്യം

ഏകദേശം രണ്ടുവർഷകാലയളവും ഇനി എത്രയെന്നറിയാത്ത നാളുകളിലും കോവിഡ് എന്ന മഹാമാരി നാനാവിധത്തിലുള്ള പ്രഹരങ്ങൾ മാനവകുലത്തിന് ഏൽപിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദുരന്തം സ്പർശിക്കാത്തതായി ഒരു മേഖലയും ഇന്ന് നമുക്കിടയിലില്ല. ഒരു പരിധിവരെ സുരക്ഷിതർ എന്ന് നാം കരുതി പോന്നത് നമ്മുടെ കുഞ്ഞുങ്ങളാണ്. തീർച്ചയായും കോവിഡിന്റെ പ്രഹരശേഷി ഏറ്റവും കുറഞ്ഞിരിക്കുന്നത് അവരിൽ തന്നെയാണ് - രോഗ തീവ്രതയുടെ കാര്യത്തിൽ ആണെന്നു മാത്രം. കുട്ടികളുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ ഏതൊരു മേഖലയെയും കോവിഡ് സാരമായി ബാധിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണ് കണക്കുകൾ



**ഡോ. മഞ്ജു ജോർജ് ഇലഞ്ഞിയ്ക്കൽ**
**പ്രതീക്ഷ C.D.C., പുഷ്പഗിരി, തിരുവല്ല**




# കോവിഡ് എന്ന അനശ്ചിതത്വവും കുട്ടികളുടെ ഭാവിയും

സൂചിപ്പിക്കുന്നത്. ലോകമെമ്പാടുമുള്ള കുട്ടികളുടെ ശതമാന കണക്കെടുക്കുകയാണെങ്കിൽ വികസിത രാജ്യങ്ങളിലുള്ള അവരുടെ ശതമാനം വളരെ കുറവാണ്, എന്നാൽ വികസനം തീരെ കുറവായ രാജ്യങ്ങളിലാണ് ലോകത്തിന്റെ ബഹുഭൂരിപക്ഷം പുത്തൻ തലമുറയും അധിവസിക്കുന്നത്. ആഫ്രിക്കയിൽ മാത്രം ഏകദേശം നാല്പതു ശതമാനത്തോളം അത് വരും. കുട്ടികളുടെ ജീവിതത്തിലെ പരമപ്രധാനമായ കാലയളവായ കലാലയ ജീവിതമാണ് കോവിഡ് തകർത്തെറിഞ്ഞത്; അത് ഏറ്റവും ചെറിയ ക്ലാസ്സു മുതൽ കോളേജ് തലം വരെ വ്യത്യസ്തങ്ങളായ പ്രശ്നങ്ങളും സൃഷ്ടിച്ചിരിക്കുന്നു.

### ഇവയെന്തൊക്കെയെന്നു ഒന്നു പരിശോധിച്ചു നോക്കാം:

**പ്രസവകാലം മുതൽ മൂന്ന് വയസ്സു വരെ -** ഗർഭിണികളിലെ അമിത ഉത്കണ്ഠ, പോഷകാഹാരകുറവ്, സമയാസമയത്തുള്ള ചെക്കപ്പുകളുടെ അഭാവം, ഗർഭിണിയായിരിക്കുമ്പോഴോ, മുലയൂട്ടുമ്പോഴോ ഉള്ള കോവിഡ് രോഗം എന്നിവ കൊണ്ട് ദൂരവ്യാപകമായ പല വിപത്തുകളും വൈദ്യശാസ്ത്രം മുന്നിൽ കാണുന്നുണ്ട്. അതിൽ മാസം തികയാതെയുള്ള ജനനം (prematurity) കൂടുതലായി സംഭവിക്കുന്നു എന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും ചെറുതല്ല.

ഏകദേശം 40 ലക്ഷത്തിനടുത്ത് കുട്ടികളുടെ പ്രതിരോധ കുത്തിവയ്പുകൾ മുടങ്ങി എന്നാണ് ബാലാരോഗ്യ സംഘടനയായ UNICEF വിലയിരുത്തുന്നത്. ശൈശവത്തിൽ പരിചയിക്കേണ്ടുന്ന പല വസ്തുതകളും കുഞ്ഞികുരുന്നുകൾക്ക് നിഷേധിക്കപ്പെട്ടു. സ്വന്തം ചുറ്റുപാടുകൾ തിരിച്ചറിയാനും പ്രായാനുസൃതമായ സാമൂഹിക അവബോധം കൈവരിക്കുവാനും അതിനാൽ തന്നെ ഈ കുരുന്നുകൾക്ക് കഴിയാതെ പോകുന്നു. ഇത് കൂടാതെയാണ് അച്ഛനമ്മമാരുടെ ജോലിസ്ഥലങ്ങളിലും മറ്റും കുടുങ്ങിപോയി നാടും

വീടും അറിയാതെപോയ പ്രവാസി ലോകത്തെ കുരുന്നുകൾ. മൊബൈൽ ഫോൺ, ടി.വി. മുതലായ നവ മാധ്യമങ്ങളുടെ അമിത ഉപയോഗവും മൂന്ന് വയസ്സിൽ താഴെയുള്ള ശിശുക്കളെ സാരമായി ബാധിക്കുന്നു. സംസാരശേഷി, ആശയവിനിമയം എന്നിവയിൽ ഈ കുഞ്ഞുങ്ങൾ ക്രമാതീതമായി പിന്നാക്കം നില്ക്കുന്നു. ഓട്ടിയം പോലെയുള്ള തീവ്രസ്വഭാവമുള്ള രോഗങ്ങളും അമിതബഹളം, ഉത്കണ്ഠ, വിഷാദം എന്നിങ്ങനെ പല പ്രശ്നങ്ങളിലേക്കാണ് ഇവർ നടന്നു നീങ്ങുന്നത്.

## മൂന്ന് വയസ്സു മുതൽ ഒമ്പതു വയസ്സുവരെ

ഒരു മനുഷ്യന്റെ ഭാവിയും അവന്റെ അനന്തര ജീവിതവും വ്യക്തിത്വം തന്നെയും രൂപപ്പെടുന്നതും പരുവപ്പെടുന്നതുമായ ഒരു സുപ്രധാന കാലഘട്ടമാണ് ബാല്യം. അവനാദ്യമായി ബാഹ്യലോകവുമായി ഇടപെടുന്നതും ആശയവിനിമയം നടത്തുന്നതും ബുദ്ധിപരമായി വസ്തുതകളെ തിരിച്ചറിയുന്നതും സ്വന്തം ശേഷിക്കനുസൃതമായി മുന്നിൽ വരുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ പഠിക്കുന്നതും എന്നുവേണ്ട അവന്റെ എല്ലാ ചേതനകളും സർഗശേഷിയും വാസനകളും ഉണരുന്നത് ഈ കാലഘട്ടത്തിലാണ്. കോവിഡെന്ന കത്രികപ്പൂട്ടിൽ ഇവയെല്ലാം അരിഞ്ഞു വീഴ്ത്തപ്പെട്ടു എന്ന് എഴുതാതെ തന്നെ ഇപ്പോൾ വ്യക്തമായിട്ടുണ്ടാവും. ലോകമെമ്പാടും ഏഴരക്കോടി കുഞ്ഞുങ്ങളാണ് പരസ്പരം കാണാതെ കഴിഞ്ഞത്. ഓൺലൈൻ പഠനം എന്ന പുത്തൻ മാതൃകയിലേക്ക് ഈ കുട്ടികളെല്ലാം തന്നെ യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ തള്ളപ്പെട്ടു. ടി.വി. യില്ലാത്ത വീടുകളിലെ പാവം കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം ഏകദേശം ഒരു വർഷത്തേക്കെങ്കിലും വിറങ്ങലിച്ചുനിന്നു. സ്കൂൾ പ്രവേശം നടക്കാതെ തന്നെ കുഞ്ഞുങ്ങൾ ഒന്നിലും രണ്ടിലും ഒക്കെ "പഠിച്ചു" കയറി. അംഗനവാടികൾ ഭക്ഷ്യവിതരണത്തിനു മാത്രമായി തുറക്കപ്പെട്ടു.

സാമൂഹികമായി ഉൾവലിയുവാൻ പ്രവണതയുള്ള കുട്ടികൾ, പഠനവൈകല്യമുള്ള കുട്ടികൾ, വിദ്യാഭ്യാസത്തിൽ പിന്നാക്കം നില്ക്കുന്ന മാതാപിതാക്കളുടെ കുട്ടികൾ, രാവും പകലും ജോലിയുള്ള ആരോഗ്യ പ്രവർത്തകരുടെ മക്കൾ, ഇവരൊക്കെ വിദ്യാഭ്യാസ മേഖലയിൽ പിന്നോട്ടുപോയി. നാലാം ക്ലാസ്സിനു താഴെയുള്ള കുട്ടികളുടെ വായനാമികവ്, കൈയ്യക്ഷരം, മാത്തമാറ്റിക്സ് എന്നിവ ഒരു ഗ്രേഡ് വച്ച് താഴേയ്ക്കു പോയി. ശ്രദ്ധക്കുറവ്, അമിതബഹളം, എടുത്തുചാട്ടം, ഉത്കണ്ഠ, നിഷേധാത്മകത എന്നിവ ക്രമാതീതമായി വർദ്ധിച്ചു. തിരികെ സ്കൂളുകളിൽ ചെന്നെത്തിയ കുട്ടികൾക്ക് ഇരിപ്പുറക്കായ്കയും, പിരിമുറുക്കവും അൽപനാളത്തേക്കെങ്കിലും കണ്ടുവരാം.

**കോവിഡ് സൃഷ്ടിച്ച അനിശ്ചിതത്വങ്ങളിൽ നിലകൊണ്ടുതന്നെ നാമിതിന് പ്രതിവിധി കണ്ടെത്തിയേ തീരൂ. പകച്ചുനിന്ന ആദ്യമാസങ്ങളെ അപേക്ഷിച്ച് ഇപ്പോൾ നാമെല്ലാവരും ഏറെക്കുറെ പുതിയ കാലത്തിലേയ്ക്കായി പരുവപ്പെട്ടു കഴിഞ്ഞു. അവധിക്കു വച്ചിരുന്നതും ഏറ്റം പ്രധാനപ്പെട്ടതുമാണ് കുട്ടികളുടെ വിദ്യാഭ്യാസത്തിനും മാനസികാരോഗ്യത്തിനും ഇനി അടിയന്തിര ശ്രദ്ധ നൽകണം.**



“

**കുട്ടികൾക്കുണ്ടായ ഈ വലിയ നഷ്ടം, അവരുടെ നിസ്സഹായത, പക്വതയില്ലായ്മ എന്നിവയെല്ലാം കണക്കിലെടുത്ത് മാത്രമേ ഈ കാലയളവിൽ പരിശീലനങ്ങളും മൂല്യനിർണ്ണയങ്ങളും നടത്താവൂ.**

”



## ഒമ്പതു മുതൽ പതിനാറു വരെ

ഈ പ്രായത്തിലുള്ള കുട്ടികളെ ചില്ലുഭരണികളോടാണ് ഉപമിക്കേണ്ടത്. സൂക്ഷിച്ചില്ലെങ്കിൽ ഉടഞ്ഞുപോകാവുന്നവർ. സംഘടനാ പ്രവർത്തനങ്ങൾ മനുഷ്യൻ ആദ്യമായി പരീക്ഷിക്കുന്നതും, വിജയാഹ്ലാദങ്ങൾ ആഘോഷിക്കുന്നതും, തോൽവികൾ ഏറ്റുവാങ്ങുന്നതും, പങ്കുവയ്ക്കുന്നതിൽ മുൻകൈയെടുക്കുന്നതുമൊക്കെ ഈ ഘട്ടത്തിലാണ്. ഈ പ്രായപരിധിക്കുള്ളിലാണ് അവൻ അല്ലെങ്കിൽ അവൾ കൗമാരത്തിലേയ്ക്കു കടക്കുന്നത്. അതിനാൽ തന്നെ വീടിനേക്കാൾ ഇവർ മുൻഗണന നൽകുന്നത് സ്കൂളിനും കൂട്ടുകെട്ടിനുമൊക്കെയാണ്. ലക്ഷ്യബോധവും സ്ഥിരോത്സാഹവും ഒക്കെ ഊട്ടിയുറപ്പിക്കേണ്ട ഈ പ്രായത്തിലാണ് കോവിഡ് ഇവരെ കൂട്ടിലടച്ചത്. ഇതിന്റെ പ്രത്യാഘാതവും വരും ദിനങ്ങളിൽ നമ്മെ വേട്ടയാടിയേക്കാം.

## എന്താണിതിനൊരു പ്രതിവിധി?

ഒരു കയറ്റത്തിനൊരിറക്കമുണ്ട്! കോവിഡിന്റെ കാര്യത്തിൽ നാം കയറി തുടങ്ങിയതേയുള്ളൂ എന്നതാണ് യഥാർത്ഥ വസ്തുത. “എല്ലാം പഴയപടി”യാവട്ടെ എന്നിനിയൊരിക്കലും നമുക്ക് ചിന്തിക്കാനാവില്ല. അതിനായി കാത്തിരിക്കുന്നതും വ്യർത്ഥമാണ്. കോവിഡ് സൃഷ്ടിച്ച അനശ്ചിതത്വങ്ങളിൽ നിലകൊണ്ടുതന്നെ നാമിതിന് പ്രതിവിധി കണ്ടെത്തിയേ തീരൂ. പകച്ചുനിന്ന ആദ്യമാസങ്ങളെ അപേക്ഷിച്ച് ഇപ്പോൾ നാമെല്ലാവരും ഏറെക്കുറെ പുതിയ കാലത്തിലേയ്ക്കായി പരുവപ്പെട്ടു കഴിഞ്ഞു. അവധിക്കുവച്ചിരുന്നതും ഏറ്റം പ്രധാനപ്പെട്ടതുമാണ് കുട്ടികളുടെ വിദ്യാഭ്യാസത്തിനും മാനസികാരോഗ്യത്തിനും ഇനി അടിയന്തിര ശ്രദ്ധ നൽകണം. ഇത് എല്ലാ തലങ്ങളിലും ഉണ്ടാവുകയും വേണം. കുടുംബങ്ങളിലും കൂട്ടായ്മകളിലും വിദ്യാലയങ്ങളിലും ഒരു “സങ്കരമാതൃക”യിൽ കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ പൂർവ്വാധികം താല്പര്യത്തോടെ നാം തുടങ്ങണം. അവരുടെ വൈകാരികവും സാമൂഹികവുമായ വളർച്ചയ്ക്ക് വേണ്ടുന്ന തരത്തിൽ നവമാധ്യമങ്ങൾ ഉപയോഗിക്കുവാൻ പ്രത്യേകം പരിശീലനവും കൈയ്യടക്കവും നല്കണം. നഷ്ടപ്പെട്ടുപോയ മാസങ്ങളിൽ താറുമാറായ വിദ്യാഭ്യാസ മികവ് പരിഹരിക്കുവാൻ പ്രത്യേകം തയ്യാറാക്കിയ മാതൃകയിൽ ശില്പശാലകളും പരിശീലനക്കളരികളും പ്രായത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കണം. പരീക്ഷാരീതികളിലും പുത്തൻ പരീക്ഷണങ്ങൾ നടത്തി പരമാവധി കുട്ടികളെ വിദ്യാഭ്യാസത്തിലേയ്ക്ക് മടക്കികൊണ്ടുവരണം. അദ്ധ്യാപകുടേയും മാതാപിതാക്കളുടേയും മനോഭാവത്തിലും ഗണ്യമായ മാറ്റം വരുത്തേണ്ടതുണ്ട്. കുട്ടികൾക്കുണ്ടായ ഈ വലിയ നഷ്ടം, അവരുടെ നിസ്സഹായത, പക്വതയില്ലായ്മ എന്നിവയെല്ലാം കണക്കിലെടുത്ത് മാത്രമേ ഈ കാലയളവിൽ പരിശീലനങ്ങളും മൂല്യനിർണ്ണയങ്ങളും നടത്താവൂ. പാഠ്യഭാഗങ്ങൾ മനഃപാഠമാക്കി പരീക്ഷാപേപ്പറിൽ ചൊരിഞ്ഞിടുന്നതിനപ്പുറം വായിക്കുവാനും എഴുതുവാനും അടിസ്ഥാന അരിത്ത്മെറ്റിക്ക് ചെയ്യുവാനുമുള്ള കുട്ടികളുടെ ശേഷി പരിശോധിക്കുന്ന രീതിയിൽ വേണം നാലാം ക്ലാസ്സു വരെയുള്ള കുട്ടികളെ മൂല്യനിർണ്ണയം നടത്തുവാൻ എന്ന് ശ്രദ്ധിക്കുമല്ലോ. ഭാഷാ പരിജ്ഞാനത്തിനായി പ്രത്യേകം കോച്ചിങ്ങുകൾ നൽകുന്നതും അഭികാമ്യമാണ്.

തീരെ ചെറിയ കുഞ്ഞുങ്ങളുടെ മാതാപിതാക്കൾക്കായിരിക്കണം അദ്ധ്യാപകർ ക്ലാസ്സുകൾ നൽകേണ്ടത്. അവർ വീടുകളിൽ അതനുസരിച്ച് കുട്ടികളെ പരിശീലിപ്പിക്കട്ടെ. മൂല്യനിർണ്ണയം നടത്തുവാൻ പരീക്ഷകൾ ഒഴിവാക്കുന്നതാവും നല്ലത്, തീർത്തും പിന്നാക്കം നില്ക്കുന്ന കുട്ടികൾക്ക് തനിയെയുള്ള ക്ലാസ്സുകൾ, കൗൺസലിംഗ് എന്നിവ ക്രമീകരിക്കാം. മൂന്ന് വയസ്സിൽ താഴെയുള്ള കുട്ടികളെ ഒരു കാരണവശാലും മൊബൈൽ ഫോൺ ഉപയോഗിക്കുവാൻ അനുവദിക്കരുത്. അരമണിക്കൂറെങ്കിലും മാതാപിതാക്കൾ കുട്ടിയുമായി നേരിട്ടുള്ള സംഭാഷണത്തിലും കളികളിലും ഏർപ്പെടണം.

ഒരുകാര്യം ഉറപ്പു പറയാം, മാറി ചിന്തിക്കുവാനും മറിമായങ്ങൾ കാട്ടുവാനും കോവിഡ് നമ്മെ പ്രാപ്തരാക്കി. അക്കാര്യത്തിൽ സംശയമില്ല. അപ്പോൾ നാം വിജയിക്കുക തന്നെ ചെയ്യും! ●



# മൾട്ടിപ്പിൾ ഇന്റലിജൻസ്

## കൗമാരക്കാരുടെ ഭാവിയെ എങ്ങനെ സഹായിക്കും?




ഫാ. സ്റ്റാൻലി തെങ്ങുവേലിൽ

"പാഷൻ എന്നൊക്കെ ഇന്നത്തെ ചെറുപ്പക്കാർ പറയുന്നത് കേൾക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നാറുണ്ട്. എന്താണ് പാഷൻ? പ്രതിഫലം കിട്ടിയാൽ മാത്രം എന്തെങ്കിലും ചെയ്യുന്നതിനാണോ പാഷൻ എന്നു പറയുന്നത്? ഞാൻ എന്റെ ജീവിതം സമർപ്പിച്ച്, എത്ര കാലം വേണമെങ്കിലും ഒരു രൂപ പോലും പ്രതിഫലം വാങ്ങാതെ ഞാൻ ഇതു ചെയ്യാൻ തയ്യാറാണെന്ന് നിങ്ങൾ ഒരു തൊഴിലിനെക്കുറിച്ച് പറയുന്നുണ്ടെങ്കിൽ അതിനു മാത്രമേ ഞാൻ പാഷൻ എന്നു വിളിക്കൂ". ഇന്റർനെറ്റും, സോഷ്യൽ മീഡിയായും സുപരിചിതമാകുന്നതിനുമുമ്പ് 12 വർഷം ഒരു രൂപപോലും പ്രതിഫലം വാങ്ങാതെ 'സഞ്ചാരം' പരമ്പര സംപ്രേഷണം ചെയ്ത്, മലയാളിയെ ലോകം കാണിച്ച സന്തോഷ് ജോർജ് കുളങ്ങരയുടെ വാക്കുകളാണ് മേലുദ്ധരിച്ചത്. സ്വന്തം അഭിരുചികളെ തിരിച്ചറിഞ്ഞ്, ചെയ്യുന്ന ജോലി നൂറു ശതമാനം ആത്മാർത്ഥതയോടെ, ആസ്വദിച്ച് ചെയ്യുന്ന ഒരു മലയാളിയുടെ ഈ വാക്കുകൾ നമുക്കും പ്രചോദനാത്മകമാണ്.

കരിയർ കെട്ടിപ്പടുക്കുന്ന കൗമാരക്കാർക്കിടയിൽ പലപ്പോഴും അപചയങ്ങൾ സംഭവിക്കാറുണ്ട്. അമിത പ്രതീക്ഷയും വേണ്ടത്ര മുന്നൊരുക്കം ഇല്ലാത്തതും സ്വന്തം കഴിവുകളെയും അഭിരുചികളെയും കുറിച്ച് വ്യക്തതയില്ലാത്തതുമാണ് ഈ അപചയങ്ങൾക്കു കാരണം. ഇവിടെയാണ് ഹോവാർഡ് ഗാർഡ്ണറുടെ 'Multiple intelligence theory' നമ്മെ സഹായിക്കുക. 1983 ൽ 'Frames of mind' എന്ന തന്റെ പുസ്തകത്തിലൂടെ ഗാർഡ്ണർ അവതരിപ്പിച്ച സിദ്ധാന്തമാണത്.

ബുദ്ധിയെ സംബന്ധിച്ച് അനവധി സിദ്ധാന്തങ്ങൾ പല കാലങ്ങളായി മുന്നോട്ട് വയ്ക്കപ്പെട്ടിട്ടുണ്ട്. 1904 ൽ, ആംഗലേയ മനഃശാസ്ത്രജ്ഞനായ ചാൾസ് സ്പിയർമാൻ 'Two - Factor Theory : General Intelligence & Specific Intelligence' എന്നിങ്ങനെയാണ് ബുദ്ധിയെ പഠിപ്പിച്ചത്. 1930 ൽ, ലൂയിസ് ലിയോൺ നേഴ്സ്റ്റൺ അഭിപ്രായപ്പെട്ടത് "വ്യത്യസ്തമായ ഏഴുതരം ഘടകങ്ങൾ ചേർന്നതാണ് ബുദ്ധി

യെന്നാണ്". ഹോവാർഡ് ഗാർഡ്ണറുടെ പഠനമനുസരിച്ച് പലതരം ബുദ്ധിവൈഭവങ്ങളുണ്ട്. ഇവയെ മനസിലാക്കിയാൽ നിങ്ങൾക്ക് ആ മേഖലയിൽ കൂടുതൽ ശോഭിക്കുകയും അതുവഴി സന്തോഷം വർദ്ധിക്കുകയും ചെയ്യും.




### 1. വെർബൽ/ലിംഗ്വിസ്റ്റിക് ഇന്റലിജൻസ്

ഭാഷാപരമായ കഴിവ് വളരെ കൂടുതൽ ആയിരിക്കും. ഭാഷകൾ പഠിക്കുവാനും സാഹിത്യ രചനകളിൽ താൽപര്യവും മറ്റുള്ളവരെ കാര്യങ്ങൾ നന്നായി പറഞ്ഞു മനസിലാക്കുവാനും ഒക്കെ ഇക്കൂട്ടർക്കു സാധിക്കും. സാഹിത്യപരമായ മേഖലകളിൽ ഇവർ ശോഭിക്കും.

### 2. ലോജിക്കൽ/മാത്തമാറ്റിക്കൽ ഇന്റലിജൻസ്

ശാസ്ത്രീയ വിശകലനങ്ങളിലും കണക്കുകൾ പഠിക്കാനും കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിനും സുഡോക്കു ചെസ് കളികളിലും ഒക്കെ ഇക്കൂട്ടർ കൂടുതൽ താൽപര്യം കാണിക്കും. എഞ്ചിനീയറിംഗ് മേഖലകളിൽ നന്നായി ശോഭിക്കുവാൻ ഇവർക്കു സാധിക്കും.

### 3. വിഷ്വൽ/സ്പേഷ്യൽ ഇന്റലിജൻസ്

മാപ്പുകൾ, ചാർട്ടുകൾ, ചിത്രരചന, ഡിസൈനിംഗ് കൂടുതൽ താൽപര്യം കാണിക്കുന്നുണ്ട്. ആർക്കിടെക്ചർ, ഡിസൈനിംഗ് മേഖലകളിൽ ഇക്കൂട്ടർ കൂടുതൽ ശോഭിക്കും.

### 4. ബോഡിലി ഇന്റലിജൻസ്

കായിക ജോലികൾ ചെയ്യാൻ താൽപര്യം, സ്പോർട്സിൽ മികവ്, നൃത്തം, നാടകം ഇവയിൽ താൽപര്യം എന്നിവ ഉണ്ടായിരിക്കും. സ്പോർട്സ്, സൈനിക സേവനങ്ങൾ എന്നിവയിൽ ഇക്കൂട്ടർ ശോഭിക്കും.

### 5. നാച്ചുറലിസ്റ്റിക് ഇന്റലിജൻസ്

പ്രകൃതിയോട് കൂടുതൽ ഇഷ്ടം. മൃഗങ്ങളെ സ്നേഹിക്കാനും പരിപാലിക്കാനും താൽപര്യം. സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നിവയിൽ മികവ്. കൃഷിപ്പണിയിൽ താൽപര്യം, പരിസ്ഥിതി, ഫോറസ്റ്റ് സർവ്വീസ്, ജിയോളജിസ്റ്റ് മുതലായ മേഖലകളിൽ ഇക്കൂട്ടർ ശോഭിക്കും.

### 6. മ്യൂസിക്കൽ ഇന്റലിജൻസ്

സംഗീതം അതിവേഗം പഠിക്കുന്നു, സംഗീത ഉപകരണങ്ങൾ വായിക്കുവാനും ശബ്ദവ്യതിയാനം മനസിലാക്കുവാനും എളുപ്പത്തിൽ സാധിക്കും. സംഗീത മേഖലകളിൽ ഇക്കൂട്ടർ നന്നായി ശോഭിക്കും.

### 7. ഇന്റർ പേഴ്സണൽ ഇന്റലിജൻസ്

മറ്റ് വ്യക്തികളുമായി ഇടപഴകുവാനുള്ള കഴിവ്, വലിയ സുഹൃദ് വലയം, നല്ല ആശയവിനിമയശേഷി എന്നിവയാണ് ഇക്കൂട്ടരുടെ പ്രത്യേകത. കൗൺസിലിംഗ്, എച്ച്.ആർ., സോഷ്യൽ വർക്കർ, പൊതുപ്രവർത്തനം എന്നീ മേഖലകളിൽ നന്നായി ശോഭിക്കുവാൻ സാധിക്കും.

### 8. ഇൻട്രാ പേഴ്സണൽ ഇന്റലിജൻസ്

സ്വയം കൂടുതൽ അറിയാൻ ഇഷ്ടപ്പെടുന്നു. വലിയ ആൾക്കൂട്ടങ്ങളെ ഇഷ്ടപ്പെടുന്നില്ല. തനിച്ചിരിക്കുന്നതിൽ സന്തോഷം, സ്വന്തം കഴിവുകളെക്കുറിച്ചും നന്നായി അറിയാം. ധ്യാനം, പ്രാർത്ഥന ഇഷ്ടപ്പെടുന്നു. മതാചാര്യന്മാർ, മോട്ടിവേഷനൽ എഴുത്തുകാർ എന്നീ മേഖലകളിൽ നന്നായി ശോഭിക്കുവാൻ സാധിക്കും.

### ഉപസംഹാരം

നീണ്ട 24 വർഷത്തെ ക്രിക്കറ്റ് കരിയറിന്റെ വിടവാങ്ങൽ വേദിയിൽ ഇതിഹാസതാരം സച്ചിൻ കുറിച്ചത് ഇപ്രകാരമാണ് “My life, between 22 yards for 24 years, It is hard to believe that wonderful journey has come to an end” മനസിന് ഇഷ്ടപ്പെട്ട ജീവിതം നാം ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെ, നമ്മുടെ അഭിരുചികളെ, നമ്മുടെ കഴിവുകളെ സ്വയം തിരിച്ചറിഞ്ഞ് സ്വയം വളരുവാനും അതിലെ പോരായ്മകളെ അതിജീവിക്കുവാനും നമുക്ക് പരിശ്രമിക്കാം. അപ്പോൾ മാത്രമേ, നിങ്ങളുടെ തൊഴിലിനെ സ്നേഹിക്കുവാനും നിങ്ങളുടെ കരിയറിനെ ആസ്വദിക്കുവാനും നിങ്ങൾക്ക് സാധിക്കും.






# നന്മയും തിന്മയും



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

സാന്തസ് (XANTHUS) എന്നു പേരുള്ള ഒരു ഗുരുവിന്റെ സേവകനായി ഈസോപ്പ് (AESOP) എന്നയാൾ ഗ്രീസ് എന്നരാജ്യത്ത് 620 BC മുതൽ 564 BC വരെ ജീവിച്ചിരുന്നു എന്ന് കരുതപ്പെടുന്നു. ഒരു ദിവസം ഗുരു ഈസോപ്പിനോട് നിർദ്ദേശിച്ചു, "ഇന്ന് എന്റെ കുറേ സ്നേഹിതർ ഭക്ഷണം കഴിക്കാൻ വരുന്നുണ്ട്. ചന്തയിൽനിന്നും ലഭിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ വസ്തു കൊണ്ട് നീ ഒരു വിരുന്ന് ഒരുക്കണം." ഈസോപ്പ് ഇറച്ചിക്കടയിൽനിന്നു വാങ്ങിയ മൃഗങ്ങളുടെ നാക്ക് ഉപയോഗിച്ച് വിവിധ വിഭവങ്ങൾ ഒരുക്കി. നാക്ക് തിരഞ്ഞെടുക്കാനുള്ള കാരണം ചോദിച്ചപ്പോൾ ഈസോപ്പ് പറഞ്ഞു, "നാവാണ് ഏറ്റവും ശ്രേഷ്ഠമായ അവയവം. കാരണം നാവുകൊണ്ടാണ് നാം നന്ദി, ദയ, സത്യം, സ്നേഹം, സഹാനുഭൂതി, ആരാധന എന്നിവ പ്രകടമാക്കുന്നത്."

മറ്റൊരുദിവസം ഗുരു ഈസോപ്പിനോട് ചന്തയിൽ കിട്ടുന്ന ഏറ്റവും ഹീനമായ വസ്തു കൊണ്ട് ഇന്ന് വിരുന്നൊരുക്കണം എന്നു പറഞ്ഞു. അവൻ ചന്തയിൽനിന്നും വാങ്ങിയ നാക്കുകൾ കൊണ്ട് ഉണ്ടാക്കിയ നിരവധി വിഭവങ്ങൾ വിളമ്പി. നാവ് തന്നെ തിരഞ്ഞെടുക്കാനുള്ള കാരണം ചോദിച്ചപ്പോൾ അവൻ പറഞ്ഞു, "നാവാണ് ഏറ്റവും മോശമായ അവയവം. കാരണം, നാവുകൊണ്ടാണ് നാം അസത്യം, അനീതി, ചതി, പരദൂഷണം, വഞ്ചന, ഇടർച്ച, ശാപം, മാനഹാനി തുടങ്ങിയ അധമ വികാരങ്ങൾ വ്യക്തമാക്കുന്നത്.

അങ്ങനെ അന്ന് ഗുരു വലിയ ഒരു പാഠം ഈസോപ്പിൽനിന്നും പഠിച്ചു. ഉപയോഗിക്കുന്ന രീതി അനുസരിച്ച് നാവ് ഏറ്റവും ശ്രേഷ്ഠമായതോ ഏറ്റവും മോശമായതോ ആയിത്തീരാം. മറ്റുള്ളവരുടെ ഹൃദയങ്ങളിൽ മുറിവുണ്ടാക്കാനും അതുപോലെ തന്നെ മുറിവുകൾ ഉണക്കാനും നമ്മുടെ വാക്കുകൾക്കും സംസാരരീതിക്കും കഴിയും. നമ്മുടെ വചനങ്ങൾ സഹോദരങ്ങളെ നന്മയിലേക്ക് നയിക്കുന്നവ ആയിരിക്കട്ടെ.

" തിന്മയിൽ നിന്നു നാവിനെയും വ്യാജഭാഷണത്തിൽനിന്ന് അധരങ്ങളെയും സൂക്ഷിച്ചുകൊള്ളുവിൻ"
(സങ്കീർത്തനങ്ങൾ - 34:13).




# കാപ്പിയോ ചായയോ നല്ലത്?

ഡോ. സി. ഐറിൻ
എസ്.ഐ.സി.



ചായയോ കാപ്പിയോ കുടിച്ചുകൊണ്ടാണ് ഭൂരിഭാഗം ആളുകളും അവരുടെ ഒരു ദിവസം ആരംഭിക്കുന്നത്. ചായയും കാപ്പിയും കുടിക്കുന്നത് നല്ലതാണെന്നതുപോലെ തന്നെ സൂക്ഷിച്ചില്ലെങ്കിൽ ഇത് പാർശ്വഫലങ്ങൾ ഉണ്ടാക്കാൻ സാധ്യതയേറെയുണ്ട്. സാധാരണ ഒരു ദിവസം ഒരു കാപ്പിയോ ചായയോടുകൂടി തുടങ്ങുമ്പോൾ നമ്മുടെ തലച്ചോറിന് നല്ല ഒരു സ്റ്റിമുലേഷൻ ലഭിക്കുന്നു. നമ്മുടെ തലച്ചോറിനകത്ത് dopanicne എന്ന enzyme, അതായത് നമ്മുടെ ഹൃദയത്തിന്റെയും തലച്ചോറിന്റെയും പ്രവർത്തനം ഒരു പോലെ stimulate ചെയ്യാൻ സാധിക്കുന്ന ഒരു enzyme produce ചെയ്യാൻ കാപ്പിക്ക് കഴിവുണ്ട്. അതുകൊണ്ട് തന്നെ കാപ്പി സ്ഥിരമായിട്ട് കുടിക്കുന്നവർക്ക് അൾഷിമേഴ്സ് പോലെയുള്ള രോഗങ്ങൾ വരുന്ന സാധ്യത കുറയുന്നുയെന്ന് പഠനങ്ങളുണ്ട്. ഇതുപോലെ തന്നെ പല തെറ്റിദ്ധരിക്കുന്നവരുമുണ്ട്. കാപ്പി അധികം കുടിച്ചാൽ ഹാർട്ട് അറ്റാക്ക് വരുമെന്നുള്ള തരത്തിലുള്ള സംശയത്തിനോ സൈഡ് ഇഫക്റ്റിനോ അടിസ്ഥാനമില്ല. കാപ്പിയുടെ ഗുണങ്ങൾ പറയുകയാണെങ്കിൽ കാപ്പി പഞ്ചസാരയിട്ടോ പാല് ഒഴിച്ചോ അല്ല കുടിക്കേണ്ടത്. പകരം അധികം മധുരമില്ലാത്ത കരിപ്പെട്ടി ഉപയോഗിച്ച് കുടിക്കുന്നതാണ്. അതുപോലെ തന്നെ മധുരം ചേർക്കാതെ ലൈറ്റായിട്ട് കാപ്പി കുടിക്കുന്നതും നല്ലതാണ്.

Type 2 Diabetic, അതായത് Insulin Molicules - ന് Insulin നെ recogonize ചെയ്യുന്നതിന് പരാജയമായിട്ടുള്ള ടൈപ്പ് 2 diabetic control ചെയ്യാൻ സഹായിക്കുമെന്ന് പഠനങ്ങളുണ്ട്.

മധുരം ചേർക്കാതെ കഴിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇങ്ങനെ ഒരു ദിവസം 4 കാപ്പി വരെ കുടിക്കുന്നത് ആരോഗ്യകരമാണ്. കാപ്പി സ്ഥിരമായി കഴിക്കുന്നവർക്ക് ഫാമിലിയിൽ പ്രമേഹത്തിന്റെ സാധ്യതയുണ്ട്. എങ്കിലും, ഇതുവരാനുള്ള സാധ്യത Delay ആകും അതായത് പ്രമേഹരോഗ സാധ്യത




കുറയുന്നു എന്നു തന്നെയാണ്, പഠനങ്ങൾ തെളിയിക്കുന്നത് ഇതുമാത്രമല്ല ഇതിൽ പിത്തരസത്തിന്റെ concentration കുറയ്ക്കാൻ സഹായിക്കുന്നുണ്ട്. ഇത് അമിതമായ ഗ്യാസ് ശല്യം ഉണ്ടാകുന്നത് തടയുന്നു. കൂടാതെ പിത്താശയത്തിൽ കല്ല് രൂപപ്പെടുന്നത് തടയുന്നതിന് കാപ്പിക്ക് കഴിയും. കാപ്പി നമ്മുടെയൊക്കെ ഹൃദയത്തിന്റെ പ്രവർത്തനത്തെ ക്രമപ്പെടുത്തുന്നു എന്നുള്ള പഠനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അമിതമായാൽ കാപ്പിക്ക് ഒരു സൈഡ് എഫക്ട് ഉണ്ട്. Atrial fibrulation പോലെ, ഹൃദയത്തിന്റെ താള ക്രമത്തിന് വ്യത്യാസം ഉണ്ടാകുന്ന ചിലരോഗങ്ങൾ ഉള്ളവർ കാപ്പി കുടിക്കുന്നത് ഒരു കാർഡിയോളജിയുടെ




അഭിപ്രായം അറിഞ്ഞിട്ട് വേണം. കാപ്പി അധികമായി കുടിക്കുന്നത് ഹൃദയത്തിന്റെ പ്രവർത്തനത്തിന് ചെറിയ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഒരു ദിവസം പരമാവധി കുടിക്കാവുന്ന കാപ്പിയുടെ അളവ് 3 അല്ലെങ്കിൽ 4 ആണ്. അതിനു മുകളിൽ കുടിക്കുന്നവർക്ക് ഉറക്കകുറവ് ഉണ്ടാകാൻ സാധ്യതയുണ്ട്. Brain അമിതമായി വർക്ക് ചെയ്യുന്നവർക്ക് confusion, headache പോലെയുള്ള പ്രശ്നങ്ങൾ വരാനും സാധ്യതയുണ്ട്. അതോടൊപ്പം ഉത്കണ്ഠപോലെയുള്ള രോഗങ്ങൾ വരാനും സാധ്യതയുണ്ട്. ആയതിനാൽ ഒരു ദിവസം ആരോഗ്യകരമായി കുടിക്കാൻ സാധിക്കുന്ന കാപ്പിയുടെ അളവ് 2 അല്ലെങ്കിൽ 3 തന്നെയാണ്. അതു മാത്രമല്ല കാപ്പിക്ക് ശ്വാസകോശത്തിന്റെ smooth muscles നെ relax ചെയ്യിക്കാൻ ഒരു കഴിവുണ്ട്. അതു കൊണ്ട് ചുമയോ അലർജിയോ, ആസ്മയോ ഉള്ളവർക്ക് ലൈറ്റായിട്ട് ഒരു കാപ്പി കുടിക്കാവുന്നതാണ്. അവർക്ക് ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ ഇങ്ങനെ കുറയ്ക്കാൻ സാധിക്കും. മലയാളികൾ പണ്ട് മുതൽ മഞ്ഞുകാലത്ത് ചുമയ്ക്കും മറ്റു രോഗങ്ങൾക്കും ചുക്ക് കാപ്പി അതായത് കാപ്പിപൊടി, കരിപ്പെട്ടി, കുരുമുളക്, ചുക്ക് ഇവ ചേർത്ത് ഉണ്ടാക്കുന്ന ശീല മുണ്ടായിരുന്നു. ചുക്ക് കാപ്പിക്ക് നമ്മുടെ ശ്വാസകോശ സംബന്ധമായ രോഗങ്ങളെ കുറയ്ക്കുവാൻ കഴിവുണ്ട്. നെഞ്ചിനകത്ത് വരുന്ന വേദന, തണുപ്പ് മൂലം നെഞ്ചിൽ ഉണ്ടാകുന്ന അസ്വസ്ഥതകൾ ഒക്കെ കുറയ്ക്കുവാൻ കാപ്പി സഹായിക്കും.

കാപ്പിയെയും ചായയെയും താരതമ്യം ചെയ്യുമ്പോൾ ആരോഗ്യകാര്യത്തിൽ ഒരു പടി മുന്നിൽ നിൽക്കുന്നതു ചായ തന്നെയാണ്. ചായ എന്നത് പാലു ചേർത്തതല്ല. നമുക്ക് ഒരു ദിവസം കട്ടൻ ചായ 1 അല്ലെങ്കിൽ 2 എണ്ണം കുടിക്കുമ്പോൾ കാപ്പിയേക്കാൾ ആരോഗ്യ ഗുണങ്ങൾ കൂടുതൽ ലഭിക്കും, കാരണം കാപ്പിയേക്കാൾ Anti-oxidiants കൂടുതൽ ഉള്ളത് ചായയിലാണ്. ആയതിനാൽ ചായ കുടിക്കുന്നതാണ് കാപ്പിയേക്കാൾ ഉത്തമം. മറ്റൊരു ഗുണം skin ന് ഇരുണ്ട നിറമുള്ളവർ കാപ്പി കുടിക്കുന്നതിനേക്കാൾ ചായ കുടിക്കുന്നതാണ് ഉചിതം. കാരണം കാപ്പി അമിതമായി കുടിക്കുന്നത് skin ന്റെ നിറം അല്പം കൂടി കുറയ്ക്കുമെന്ന് പഠനങ്ങളുണ്ട്. ശരീരത്തിന്റെ metabolism മെച്ചപ്പെടുത്താൻ കാപ്പിയേക്കാൾ ചായയ്ക്ക് കഴിവുണ്ട്. അതുകൊണ്ട് രക്തത്തിൽ കൊഴുപ്പ് അടിഞ്ഞു കൂടാതെ സഹായിക്കുന്നതിന് ചായ കുടിക്കുന്നതാണ് നല്ലത്. ചായ എന്നു പറയുന്നത് പാലൊഴിച്ചിട്ടുള്ളതല്ല, കട്ടൻ ചായയാണ്. മധുരം കുറച്ച് ഉപയോഗിച്ചാൽ വളരെ നല്ലത്. ഇത്തരത്തിൽ ഒരു ദിവസം രാവിലെയും വൈകിട്ടും കുടിക്കുന്നത് നിങ്ങളുടെ energy metabolism വർദ്ധിപ്പിക്കാൻ സഹായിക്കും. ഇഞ്ചി ചേർത്ത കട്ടൻ ചായ ദിവസവും 2 നേരം കുടിക്കുന്നത് നല്ലതാണ്. ഇടവിട്ട് ഇടവിട്ട് രോഗങ്ങൾ വരുന്നവർക്കും കുട്ടികൾക്കും മുതിർന്നവർക്കും ഇടവിട്ട് വരുന്ന infection പ്രതിരോധിക്കാനും ചായയ്ക്ക് സാധിക്കും. വിട്ടു മാറാത്ത തൊണ്ടവേദനയും അതുപോലെ ത്വക്ക് രോഗങ്ങൾ, അലർജി രോഗങ്ങൾ ഇവയെല്ലാം കുറയാൻ സാധിക്കുന്നുവെന്ന് പഠനങ്ങളുണ്ട്.

●





**Philip Naduviledam**
**Diocese of Gurgaon, Delhi**

## Fr. Saimon Eluvathingal :

# The Propagator of Ivanian Spirituality

These words are echoing in my mind when we recollect the life and mission of Rev. Fr. Saimon Eluvathingal of happy memory, who was called by Lord Jesus Christ our Saviour to the lap of Heavenly Father a year back. Very Rev. Fr. Saimon Eluvathingal was an erudite priest, who was born in the Syro-Malabar Church, trained and served in Latin Catholic Church, and integrated his heart & mind in the Syro-Malankara Catholic Church. I would like to say in other words that he was officially from Syro-Malabar Church, physically with Latin Church, and mentally & spiritually by a Syro-Malankarite – as a combination & symbol of Indian Catholic Priest.

First of all, we would like to pay our loving & prayerful tributes before the noble memories of Rev. Fr. Saimon Eluvathingal, who was ripe in years & wisdom, rich in service, distinguished in many ways for his large benefactions, both of service and of means, to the cause of the Kingdom of God in the world.

At the time of demise of Fr. Saimon Eluvathingal, he was one of the Senior Priests of Diocese of Berhampur, whose valuable contributions & services in the Berahampur Diocese of Latin Catholic Church in Odisha, and also to the Missionary endeavours

*"Ah! Beside You I am not afraid of anything! I snuggle up against You and, like the lost sheep, hear the beating of Your Heart. Jesus, yet again I am Yours, Yours forever. With You, I am truly great; without You, nothing but a weak reed. Upheld by You, I am a pillar!"* **These are the words of** St Pope John XXIII (1881-1963)].

of Syro Malankara Catholic Church in general, and very particularly, in the Mission Diocese of Gurgaon were greatly appreciated by all.


Fr. Saimon Eluvathingal

Very Rev. Fr. Saimon Eluvathingal, was a renowned Biblical Scholar, Theologian and a Great Missionary among the Indian Church, who passed away on 12th December 2020 while he was undergoing the treatment for the Pandemic Covid-19 and also Post Covid ailments in Holy Family Hospital, New Delhi. His valuable contributions and glorious services towards the Church Community, especially to the Mission Diocese of Gurgaon are distinctive and imperishable, which would be remembered forever.

Fr. Saimon was born on 18th April 1966 to the Antony—Cisily Couple in the "Eluvathingal" Family at Chalakudy, Nehru Nagar, Kuriachira, Trissoor in the Syro Malabar Church in the Archdiocese of Trichur in Kerala. He had two Brothers and two Sisters. Fr. Saimon was the third among the 5 brethren in the family (i.e., Mrs. Maymol, Mr. Sajan, Fr. Saimon, Sr. Leema (CMC) and Mr. Samson). After High School & College Studies, he joined the St. Peter's Seminary at Rayagada in the Latin Catholic Diocese of Berhmpur in Odisha on 25th June 1987. He completed the course of Philosophy and Theology from Jnana Deepa Vidhyapeeth, Pune. His priestly ordination was on 5th October 1997 from the blessing hands of Bishop Joseph Das of Berhampur Diocese. Then he has done Master's Degree in Biblical Theology from Bangalore and served in the Berhampur Diocese in various capacities & responsible positions for the last 23 years. He was a Senior Priest in the Diocese of Berhampur in Odisha. He also rendered his dedicated and glorious services as Mission Co-ordinator in the Diocese of Gurgaon-Delhi of Syro Malankara Catholic Church for a two-year tenure during 2017-19. He went back to his home diocese in 2019. Even after that, Rev. Fr. Saimon was closely associated with the mission activities of the Diocese of Gurgaon and Bishop Jacob Mar Barnabas in various ways.



Fr. Saimon was a great missionary, theologian, and multi-linguistic intellect (knowing Malayalam, English, Hindi, Odiya and some tribal languages and also the foreign language of Greek and Hebrew). He was an ardent Biblical scholar, a Research scholar in the life & mission of Servant of God Archbishop Mar Ivanios, a popular Retreat Preacher, a propagator of 'Mar Ivanian Spirituality', author of 50 episodes of "Ivanian Way" of Meditational speeches on Malankara Catholic TV Youtube Channel, dedicated translator of Syro Malankara Liturgy, especially Holy Qurbono into Odiya Language, Associated Editor of 'Malankara Qurbana Taksa' into Hindi language, Learned Professor of Biblical Theology, and Editor of Fundamental Prayer Book based on Malankara Liturgy in Hindi for Mission Village Communities. Fr. Saimon was also a renowned trainer, advocate & mentor to the Mission Catechists, a zealous missionary, a willing servant of the Church & Community, and a man of determination and mission-spirit. These are only some of the many qualitative characteristics which we knew and experienced about our beloved 'Saimon-achan'.

Though Rev. Fr. Saimon was a personality with dedication in his knowledge, scholarship and divine wisdom; he was so simple & humble with his love, service & holiness; and remains a model, inspiration and challenge to the priests, religious & faithful community of the modern era. Fr. Saimon was a true friend and lover of Malankara Catholic Church, a true activist of "Punaraikyam" and also a true disciple of Archbishop Mar Ivanios.

Rev. Fr. Saimon was very close to the hearts of Malankara Catholic Community; and very particularly, to the heart of His Excellency Bishop Dr. Jacob Mar Barnabas of venerable memory; as a great source of inspiration and support. The Diocese of Gurgaon fondly remembers, recognizes and appreciates with sincere gratitude the dedicated and valuable services of Very Rev. Fr. Saimon Eluvathingal in the Mission Diocese and also the Church as a whole. He was a great lover of 'Malankara Antiochean Liturgy' and he was fortunate to celebrate his last Holy Qurbono in the Syro Malankara Liturgy as he wished and loved it too much!

His body was buried at his home-parish — St. Peter's Church, Kuriachira, Trissur, Kerala. His funeral services were officiated and attended by H.B. Cardinal Baselios Cleemis Catholicos, Archbishop Thomas Mar Koorilos, Bishop Jacob Mar Barnabas, Bishop Youhanon Mar Theodosius along with Bishop and Priests from Berhampur Diocese, Gurgaon Diocese and Archdiocese of Trissoor.



Within the short-span of few years' association with Syro-Malankara Catholic Church, Fr. Saimon could deeply study, research and master about the life & vision of Servant of God Archbishop Mar Ivanios and the concept of 'Punaraikyam'; and he evolved a new way of 'Ivanian Spirituality' and became the propagator of that spirituality. Mentally and spiritually, Fr. Saimon was a true 'Ivanian'. His dedicated services to the Mission Diocese of Gurgaon, especially in formulating and developing the mission communities as a source of inspiration to the missionaries at the grass-route level that needs to be acknowledged with praise and gratitude. No doubt, the prayers and intercession of Archbishop Mar Ivanios, Bishop Jacob Mar Barnabas and Fr. Saimon Eluvathingal – all in the heavenly glory – would be stronghold to the Mission Diocese of Gurgaon. Dear Saimon Achen, the fond memories of your words and deeds will be ever remembered and you will continue to live in the hearts & minds of Malankara Church Community. May our Good Lord give you the "Eternal Reward" ! ●

ܝܘܠܦܢܐ ܕܠܫܢܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം




ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 6 കോഫ്-റീശ്-ശീൻ-താവ്

### അക്ഷരമാലയിലെ അവസാനത്തെ നാല് അക്ഷരങ്ങൾ

| അക്കം | ഉച്ചാരണം | പേര് | അക്ഷരം |
|---|---|---|---|
| 100 | ക് | കോഫ് | ܩ |
| 200 | റ് | റീശ് | ܪ |
| 300 | ശ് | ശീൻ | ܫ |
| 400 | ത്, സ് | താവ് | ܬ |

### അക്ഷരങ്ങൾ എഴുതുന്ന വിധം



### അക്ഷരങ്ങൾക്കുണ്ടാകുന്ന രൂപഭേദങ്ങൾ

| അവസാനം | ഇടയിൽ | ആദ്യം | തനിച്ച് | അക്ഷരം |
|---|---|---|---|---|
| ـܩ | ـܩـ | ܩـ | ܩ | കോഫ് |
| ـܪ | ـܪ | ܪ | ܪ | റീശ് |
| ـܫ | ـܫـ | ܫـ | ܫ | ശീൻ |
| ـܬ | ـܬ | ܬ | ܬ | താവ് |

## വായനാ പരിശീലനം

| | | | | |
|---|---|---|---|---|
| കൊ കോ ܩ | കെ കേ ܩ | കു, കൂ ܩ | കി, കീ ܩ | ക, കാ ܩ |
| റൊ, റോ ܪ | റെ, റേ = ܪ | റു, റൂ ܪ | റി, റീ ܪ | റ, റാ ܪ |
| ശൊ, ശോ ܫ | ശെ, ശേ ܫ | ശു, ശൂ ܫ | ശി, ശീ ܫ | ശ, ശാ ܫ |
| തൊ, തോ ܬ | തെ, തേ ܬ | തു, തൂ ܬ | തി, തീ ܬ | ത, താ ܬ |

### പ്രത്യേകം ശ്രദ്ധിക്കുക

1. റീശ് (ܪ) താവ് (ܬ) എന്നിവ വലതു വശത്തെ (തൊട്ടു പുറകിലെ) അക്ഷരവുമായി മാത്രമെ ബന്ധിപ്പിച്ച് എഴുതുകയുള്ളൂ.

2. വലതുവശത്തെ അക്ഷരവുമായി ബന്ധിപ്പിച്ച് എഴുതുമ്പോൾ റീശിന്റെ (ܪ) രൂപം മാറുന്നു ( ܪ ).

3. വലതുവശത്തെ അക്ഷരവുമായി ബന്ധിപ്പിച്ച് എഴുതുമ്പോൾ താവിന്റെ (ܬ) രൂപം മാറുന്നു ( ܬ ).

4. കോഫ് (ܩ) ശീൻ (ܫ) എന്നീ അക്ഷരങ്ങൾ രണ്ട് വശങ്ങളിലെയും അക്ഷരങ്ങളുമായി ബന്ധിപ്പിച്ച് എഴുതുന്നു.

5. കോഫ് എന്ന പേരിൽ രണ്ട് അക്ഷരങ്ങളുണ്ട്. കോഫ് ( ܟ) എന്ന ഈ അക്ഷരത്തിന്റെ മുകളിലെ വര താഴോട്ട് വളഞ്ഞിരിക്കുന്നതും താഴത്തെ വരയിൽ സ്പർശിക്കാത്തതും ഉച്ചാരണം ഇംഗ്ലീഷ് അക്ഷരമായ 'k' യുടെതു പോലെയുമാണ്. എന്നാൽ കോഫ് (ܩ) എന്ന ഈ അക്ഷരത്തിന്റെ മുകളിലെ വര താഴോട്ട് വളഞ്ഞ് താഴത്തെ വരയിൽ സ്പർശിക്കുന്നതും ഉച്ചാരണം ഇംഗ്ലീഷ് അക്ഷരമായ 'q' വിന്റെതു പോലെയുമാണ്.

6. വാവ് (ܘ) എന്ന അക്ഷരത്തിന്റെ ഇടതുവശത്തേക്ക് വര ചേർത്ത് ബന്ധിപ്പിച്ചിരിക്കുന്നതു പോലെയാണ് കോഫ് (ܩ) എന്ന അക്ഷരം.

7. താവ് (ܬ) എന്ന അക്ഷരം മൃദുവായി 'സ്' എന്നും കഠിനമായി 'ത്' എന്നും ഉച്ചരിക്കുന്നു.



# മല്പാനോട് ചോദിക്കാം

## അടിയനാണോ മടിയനാണോ ശരി?

വിശുദ്ധ കുർബാനയുടെ അവസാനഭാഗത്ത് പാടുന്ന "എന്റെ കടങ്ങളശേഷം നിൻ" എന്ന ഗീതത്തിലെ

| | |
|---|---|
| **"കൃപയുള്ളവനാം കർത്താവെ** | ܚܘܣ ܡܪܝܐ ܚܘܣ ܚܢܢܐ |
| **കൃപയെൻ മേലുണ്ടാകണമെ,** | ܚܘܣ ܥܠܝ ܕܐܢܐ ܚܒܢܢܐ : |
| **കൃപയുണ്ടാകുക മടിയനതാം** | ܘܥܠ ܒܝܬܐ ܘܥܠ ܡܫܡܫܢܐ |
| **എൻമേൽ കൃപയുണ്ടാകണമെ"** | ܕܡܪܒܗ ܠܟ ܐܦ ܩܘܪܒܐ ܀ |

എന്ന സ്റ്റാൻസയിൽ മടിയനതാം എന്നത് തെറ്റാണെന്ന് സംശയിച്ച് അതിനു പകരം അടിയനതാം എന്ന് ചൊല്ലുന്നുണ്ട്. "ഹ്ബാനോനൊ" എന്ന സുറിയാനി വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം "അലസൻ, മടിയൻ, ശ്രദ്ധയില്ലാത്തവൻ എന്നൊക്കെയാണ്. അടിയനതാം എന്നതല്ല മടിയനതാം എന്നതു തന്നെയാണ് ശരി.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം,**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല 689 101**
**ഫോൺ: 9495217831 (ഫാ. ഡോ. രാജു പറക്കോട്ട്)**

## പുഷ്പഗിരി ഡയാലിസിസ് ഉദ്ഘാടനം



*മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ നാമധേയത്തിലുള്ള കർദ്ദിനാൾ ക്ലീമീസ് കാതോലിക്കോസ് ഡയാലിസിസ് ഫൗണ്ടേഷന്റെയും, പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രി ഹെൽത്ത് ടൂറിസം ഫൗണ്ടേഷന്റെയും ഉദ്ഘാടനം ബഹു. മന്ത്രി അഡ്വ. പി. എ. മുഹമ്മദ് റിയാസ് നിർവ്വഹിക്കുന്നു.*

## കുടുംബ പ്രേഷിത കാര്യാലയം – തിരുവല്ല അതിഭദ്രാസനം

**1. വിവാഹ ഒരുക്ക സെമിനാർ**

2022 ജനുവരി മാസത്തെ വിവാഹ ഒരുക്ക സെമിനാർ 11, 12, 13 തീയതികളിൽ ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. ഓൺലൈൻ ക്ലാസ്സുകളും നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്കായി ഓഫീസുമായി ബന്ധപ്പെടുക.

**ഫോൺ : 9497462813, 8078390259, 9495124446**

**2. ബൈബിൾ ക്വിസ് മത്സരം (എം.സി.എം.എഫ്.)**

എം.സി.എം.എഫ്. ന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്തി വരുന്ന ബൈബിൾ ക്വിസ് അതിഭദ്രാസന തലത്തിൽ 2022 ഫെബ്രുവരി 12-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ശാന്തിനിലയത്തിൽ വച്ചു നടത്തപ്പെടുന്നു. ലോഗോസ് ക്വിസിന്റെ പാഠ്യവിഷയങ്ങളാണ് മത്സരവിഷയം.

**3. നോമ്പുകാല ധ്യാനം (എം.സി.എം.എഫ്.)**

എം.സി.എം.ഫ്. ന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തി വരുന്ന വലിയ നോമ്പുകാല ധ്യാനം മാർച്ച് മുതൽ നടത്തുന്നു.






## പുരസ്ക്കാരം നേടി



സാഹിതി സാഹിത്യ പുരസ്ക്കാരത്തിന് രാഷ്ട്രദീപിക ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. സി. സി. ജോൺ അർഹനായി. ട്രഷർ എന്ന ഇംഗ്ലീഷ് കവിതാ സമാഹാരത്തിനാണ് പുരസ്ക്കാരം.

തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ച അച്ചന് മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

ബഹു. അച്ചൻ ഇപ്പോൾ തിരുവല്ല അതിരൂപത അഞ്ചേരി ഇടവക വികാരിയാണ്.

## നിങ്ങൾക്കും എഴുതാം...

ഐക്യദീപത്തിലേക്ക് നിങ്ങൾക്കും ചെറുകഥകൾ, കവിതകൾ എന്നിവ അയക്കാവുന്നതാണ്. അവയുടെ നിലവാരം പരിശോധിച്ചതിനുശേഷം പ്രസിദ്ധീകരണ യോഗ്യമായ രചനകൾ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ചീഫ് എഡിറ്റർ


## പരസ്യം

വിവാഹം, മാമോദീസാ, ആദ്യകുർബാന സ്വീകരണം, മരണം, ചരമദിനം, ചരമ വാർഷികം, ഉപകാരസ്മരണ, വിവാഹാലോചനകൾ എന്നിവ ഐക്യദീപത്തിലൂടെ പങ്കുവയ്ക്കാവുന്നതാണ്.

Contact: 8281293204


## അതിഭദ്രാസന പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം



*തിരുവല്ല അതിഭദ്രാസനത്തിന്റെ 17-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനവും ആഗോളസഭ മെത്രാൻ സിനഡിന്റെ അതിഭദ്രാസനതല ഉദ്ഘാടനവും 18-12-2021 ശനിയാഴ്ച ശാന്തിനിലയത്തിൽ വച്ച് തിരുവല്ല അതിഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് ഉദ്ഘാടനം ചെയ്യുന്നു.*

## ബഥനി സന്യാസിനി സമൂഹത്തിന്റെ പുതിയ സാരഥികൾ



സുപ്പീരിയർ ജനറൽ മദർ ആർദ്ര, അസിസ്റ്റന്റ് ജനറൽ മദർ ലില്ലി ജോസ്, 2nd കൗൺസിലർ - സി. കുസുമം (ബത്തേരി), 3rd കൗൺസിലർ & സെക്രട്ടറി ജനറൽ - സി. രാജിത (പത്തനംതിട്ട), 4th കൗൺസിലർ - സി. ചൈതന്യ (മൂവാറ്റുപുഴ), പ്രൊക്കുറേറ്റർ ജനറൽ - സി. ട്രീസ (ബത്തേരി)

## നിയമിതനായി



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വത്തിക്കാനിലുള്ള സഭാതല കാര്യാലയത്തിന്റെ പ്രൊക്കുറേറ്ററും ഇറ്റലിയിലുള്ള മലങ്കര സഭാമക്കളുടെ കോർഡിനേറ്ററുമായി നിയമിതനായ **ബഹു. ബെനഡിക്റ്റ് കുര്യൻ പെരുമുറ്റത്ത് അച്ചന്** അഭിനന്ദനങ്ങൾ.

# അഭിനന്ദനങ്ങൾ



മഹാത്മാഗാന്ധി യൂണിവേഴ്സി റ്റിയിൽനിന്നും ബി.എ. മ്യൂസി ക്കിൽ നാലാം റാങ്ക് കരസ്ഥമാ ക്കിയ തിരുവല്ല അതിഭദ്രാസന ത്തിലെ പ്രിയപ്പെട്ട **ഫിലിപ്പ് തായില്യം അച്ചന്** അഭിനന്ദനങ്ങൾ.



സേലം വിനായകാ മിഷൻ മെഡിക്കൽ യൂണിവേഴ്സിറ്റി യിൽനിന്ന് എം.എസ്.ഇ.എൻ.ടി. യിൽ ഒന്നാം റാങ്കും സ്വർണ മെഡലും നേടിയ താഴമൺ **ഡോ. ജിനു വി. ഐപ്പിന്** അഭിനന്ദനങ്ങൾ.



കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ അൽമായ സംഘടനയായ കേരള കത്തോ ലിക്ക കൗൺസിലിന്റെ (കെസിസി) യുടെ വൈസ് പ്രസിഡന്റ് ആയി **ശ്രീ. ടോമി ഈപ്പൻ വാളക്കുഴി** തിരഞ്ഞെ ടുക്കപ്പെട്ടു, അഭിനന്ദനങ്ങൾ

# നാമഹേതുക തിരുനാൾ – ജനുവരി

ജനുവരി 01



**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ**

ജനുവരി 08



**അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത**

ജനുവരി 11



**അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത**

ജനുവരി 17



**അഭി. തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത**

ജനുവരി 19



**അഭി. ഗീവർഗീസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്ത**

ജനുവരി 29



**അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത**

## മതബോധന കാര്യാലയം, ശാന്തിനിലയം

### കൈയ്യെഴുത്തുമാസിക

അതിഭദ്രാസന നവതിയോടനുബന്ധിച്ച് മത ബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നമ്മുടെ എല്ലാ ഇടവകളിലെയും കുട്ടികൾക്കായി ഒരു കൈയ്യെഴുത്ത് മാസിക പ്രോഗ്രാം ക്രമീകരിക്കുകയാണ്.

ഇത് കുട്ടികളുടെ രചന, സാഹിത്യ, ചിത്ര കലകളെ വളർത്തുന്നതോടോപ്പം, നവതി നിറവിൽ അവരവരുടെ ഇടവകയെക്കുറിച്ചുള്ള ഒരു ചരിത്ര പഠന അവസരം കൂടിയായി കുട്ടികൾ പ്രയോജനപ്പെടുത്തുകയാണ്.

ഇടവകയുടെ പ്രാരംഭ ചരിത്രം, ഇടവക സമൂഹ രൂപീകരണം, നേതൃത്വം നൽകിയ വ്യക്തികൾ, ഇടവക സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സവിശേഷതകൾ, ദൈവാലയ നിർമ്മാണം, ഇടവകയുടെ സ്വർഗീയ വിശുദ്ധർ, ഇടവകയുടെ അനുബന്ധ സ്ഥാപനങ്ങൾ, ഇടവകയുടെ തനതായ സവിശേഷതകൾ, ആചരിച്ചു വരുന്ന തിരുന്നാളുകൾ, പ്രത്യേക ആചാരങ്ങൾ, പാരമ്പര്യങ്ങൾ, ആഘോഷങ്ങൾ, ഇടവകയിൽ ശുശ്രൂഷ ചെയ്ത വികാരിമാർ, സന്യസ്ഥർ, ഇടവകയിൽനിന്നുള്ള ദൈവവിളികൾ, ഇടവകയുടെ ഉന്നമനത്തിനായി പ്രവർത്തിച്ച പ്രമുഖ വ്യക്തികൾ, എന്നിവയെക്കുറിച്ചുള്ള മുതിർന്നവരുമായുള്ള സംഭാഷണം, കൃത്യമായ വിവര ശേഖരണം, ഇടവകയിൽ പ്രവർത്തിക്കുന്ന വിവിധ കൂട്ടായ്മകളെയും സംഘടനകളെയും അവയുടെ പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ എന്നിവയെല്ലാം ചേർത്തുള്ള ഈ കലാസൃഷ്ടി കവിതയിലൂടെയും, ചിത്രങ്ങളിലൂടെയും, ഉപന്യാസങ്ങളിലൂടെയും, മറ്റു ക്രിയാത്മകമായ രീതിയിലും ആവിഷ്ക്കരിക്കുമ്പോൾ ഇതൊരു ഇടവക വിവരസംഹിത കൂടിയായി ഈ കൈയ്യെഴുത്ത് മാസിക തീരുമ്പോൾ, നവതി വർഷത്തിൽ അത് ഇടവകക്ക് ഒരു സ്മരണികയും, കുട്ടികൾക്ക് അനുഭവവേദ്യമായ ഒരു സംരഭവുമായി തീരും. എല്ലാ ഇടവകകളും ഈ സംരംഭത്തിൽ പങ്കെടുക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മെച്ചമായ 10 കൈയ്യെഴുത്തു മാസികകൾക്ക് അതിഭദ്രാസനതലത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്. 50 പേജിൽ കുറയാത്തതും, 100 പേജിൽ കവിയാത്തതുമായ ഈ കൈയ്യെഴുത്തു മാസിക 2022 ജനുവരി 15 നു മുമ്പായി ശാന്തിനിലയത്തിൽ എത്തിക്കേണ്ടതാണ്.

**എം.സി.സി.എൽ തെരഞ്ഞെടുപ്പ്**

| | |
|---|---|
| ഇടവക തലം | : 2022 ജനുവരി 16 |
| മേഖലാതലം | : 2022 ജനുവരി 22 |
| അതിഭദ്രാസനതലം | : 2022 ഫെബ്രുവരി 12 |

**എം.സി .സി.എൽ മേഖല സംഗമം - 2022 മാർച്ച് 1**

അതിഭദ്രാസന ഡയറക്ടർ
**ഫാ. തോമസ്കുട്ടി പതിനെട്ടിൽ**

## ആദരാഞ്ജലികൾ



**റവ. ഫാ. ഏലിയാസ് തേക്കനാൽ**

ജനനം 16-09-1930
പൗരോഹിത്യ സ്വീകരണം
13-03-1958
മരണം 08-12-2021



**വർഗീസ് വർഗീസ് (അനിയൻകുഞ്ഞ്)**

നെടുവേലിൽ, ചക്കുപള്ളം
(ബഹു. വർഗീസ് നെടുവേലിൽ
അച്ചന്റെ വത്സലപിതാവ്)



**മറിയാമ്മ വർഗീസ്**


മനയ്ക്കലേട്ട്, കടമാൻകുളം
(ബഹു. വർഗീസ് മനയ്ക്കലേട്ട്
അച്ചന്റെ വത്സലമാതാവ്)

# Remembrance - January




Fr. Alexios
Thevervelil
03 January 1987


Fr. Geevarghese
Naduviledath
06 January 1964



Fr. Kurian
Kunnamkerikalam
07 January 1996



Fr. Zacharias
Iyrattipadavil
10 January 2011




Fr. Kuriakose
Tharepattackal
21 January 1960



Fr. Abraham
Konat Makil
22 January 1943




Fr. Peter
Thekkumparampil
22 January 1989




Fr. Cherian
Powathikunnel
26 January 1990

# Remembrance - February



Fr. N.G. Kuriakose
02 February 1953



Fr. Abraham
Azhakath
05 February 1988




Fr. Thomas
Kottayil
07 February 2017



Rt. Rev. Thomas
Pathiparampil Corepiscopo
10 February 2009



Fr. Stanislaus
Kackanatt
16 February 2014



Fr. Andrew
Cheriyamadom
23 February 1943



Fr. Mathews
Pulikottil
27 February 1987



# യൂണിഫോം



അഡ്വ. വിനോദ് മാത്യു വിൽസൺ

സത്യത്തിൽ എന്താണ് കുറിക്കേണ്ടത് എന്ന സംശയത്തിലാണ്. എഴുതാനിരിക്കുമ്പോൾ മനസ്സിലേക്ക് വരുന്നത് യൂണിഫോം വിവാദമാണ്. കോഴിക്കോട് ഒരു സ്കൂളിൽ പെൺകുട്ടികൾക്ക് പാന്റ്സും ഷർട്ടും വേഷമാക്കിയിരിക്കുന്നു. ആൺ പെൺ തുല്യതയുടെ പുത്തൻ സന്ദേശം നൽകുന്ന നടപടിയെന്ന് ചിലർ. മറ്റ് ചിലർ പറയുന്നു, വസ്ത്രധാരണരീതി അടിച്ചേൽപ്പിക്കേണ്ടതല്ല. അതുകൊണ്ട് ഈ നടപടി എതിർക്കപ്പെടേണ്ടതുതന്നെയാണ്.


ഏറ്റവും വലിയ തമാശയായി തോന്നിയത് ഈ വിവാദമൊന്നുമല്ല, മറിച്ച് ഈ വസ്ത്രധാരണ/ യൂണിഫോം നടപടിക്കെതിരെ സമരത്തിനുവന്നത് പുരുഷ സംഘടനയെന്നതാണ്. പെൺകുട്ടികളുടെ വിവാഹ പ്രായം 18 ൽ നിന്ന് 21 ലേക്ക് ഉയർത്തിയപ്പോഴും സമരത്തിനിറങ്ങിയത് ഇതേ പുരുഷ കേസരികളായിരുന്നു. പെൺകുട്ടികളെ പാവാടയിൽതന്നെ കാണണമെന്ന ഇവൻമാരുടെ ചിന്തക്ക് മരുന്നുണ്ട്. പക്ഷേ, അതിവിടെ പറയാൻ കൊള്ളില്ലാത്തതുകൊണ്ട് പറയുന്നില്ല.

തുല്യതയുടെ അളവുകോലായി ഈ യൂണിഫോം നടപടിയെ പ്രകീർത്തിക്കുന്ന പുരോഗമന വാദികളോടും രണ്ട് വാക്ക്..... ബിഗ് ബി സിനിമയിൽ ബിലാൽ പറയുന്നതുപോലെ, "ബിലാൽ ഈ സീനൊക്കെ എന്നേ വിട്ടതാ...." അതായത് movements സൗകര്യപ്രദമാകുന്ന വസ്ത്രധാരണം എന്ന രീതിയിൽ എല്ലാ രാജ്യങ്ങളിലും പാന്റ്സും ഷർട്ടും പെൺകുട്ടികൾക്ക് എന്നേ അനുവദിച്ച് കഴിഞ്ഞതാണ്.

അപ്പോഴാണ് പുതുതായി ഏതാണ്ട് ചെയ്തമാതിരി കുറേപേരുടെ വാഴ്ത്ത്പാട്ട്... നിങ്ങൾ ആണായതുകൊണ്ടോ പെണ്ണായതുകൊണ്ടോ, LGBTക്കും കമ്മ്യൂണിറ്റിയിൽ ഉള്ളതായതുകൊണ്ടോ, കറുത്തതോ വെളുത്തതോ ആയതുകൊണ്ടോ, നിങ്ങൾക്കുള്ള അവകാശങ്ങളിൽ അതുപോലെ തന്നെ അവസരങ്ങളിൽ യാതൊരു വിവേചനവും ഉണ്ടായിരിക്കില്ല എന്ന് കുട്ടികളെ പഠിപ്പിക്കുന്നതാണ് തുല്യത. ഒന്നല്ലാത്ത ഒന്നിനെ ഒന്നാണ് എന്ന് പഠിപ്പിക്കുന്നതല്ല തുല്യത.

സാരിയും ചുരിദാറും നൽകുന്നതിനേക്കാൾ movements എളുപ്പമാവുന്ന വസ്ത്രധാരണ രീതിയാണ് പാന്റ്സും ഷർട്ടും. മതാന്ധത ബാധിച്ച് സ്ത്രീകളുടെ വസ്ത്രധാരണത്തേയും, വിവാഹപ്രായം ഉയർത്തുന്നതിനേയും എതിർക്കുന്നവർ കാലകാലങ്ങളായി അവർ സ്ത്രീകളുടെ മേൽ അനുഭവിച്ച് പോരുന്ന ചില അടിച്ചേൽപ്പിക്കലുകൾ ഇല്ലായ്മ ചെയ്യപ്പെടുന്ന ഭയംമൂലമാണ് അത്തരത്തിൽ ചിന്തിക്കുന്നത്....

അതുകൊണ്ട് നമുക്ക് ഈ നടപടിയെ തുല്യതയുടെ അളവ് കോലായി കാണാതെ, മറിച്ച് പെൺകുട്ടികളുടെ സൗകര്യപ്രദമായ ഒരു വസ്ത്രധാരണ രീതി എന്ന നിലയിൽ സ്വാഗതം ചെയ്യാമെന്ന് കരുതുന്നു.



Ist Birthday in Heaven
(16-12-2021)

# CHEV. VARGHESE KARIPPAYIL

**Vengal, Tiruvalla**

*We always remember you in the midst of our hearts,*
*which never fade wih prayers*

**KARIPPAYIL FAMILY**
**VENGAL**

# ആദരാഞ്ജലികൾ




## മറിയാമ്മ വർഗ്ഗീസ് (95)

മനയ്ക്കലേട്ട്, കടമാൻകുളം
കല്ലൂപ്പാറ

സന്തപ്തകുടുംബാംഗങ്ങൾ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, ബന്ധുമിത്രാദികൾ



SOUND FACTORY
A COMPLETE SOLUTION
FOR SOUND INSTALLATION
Meenadom, Kottayam
Ph. 9447445062
We Install Sound System with Utmost Responsibility in Churches, Parish Halls, Convents, Auditoriums etc.
We also hire Light and Sound for any kind of programs





Proprietor
THOMAS PULICKAL
ST. THOMAS
EMBROIDARY WORKS
(Devalokam Aramana Compound)
Devalokam P.O., Kottayam 686 038
Ph: 0481-2571663
Mob.: 9846027134, 9349500713
Email: stthomasdevalokam23@gmail.com
കാപ്പ, ചിത്തോല, വിരിക്കൂട്ട്
തിരശ്ശീല, മുത്തുക്കുടകൾ

GLORYA
COLLECTIONS

CHURCH ARTICLES
GIFT ITEMS
INTERIOR DECORATIVE ITEMS





**GLORYA COLLECTIONS**
Marigiri Shopping Complex, Opp. BSNL, Thiruvalla
Ph: 0469-2974444, Mob.: 9497199841

Date of Publication : 01-01-2022
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
January - February 2022




www.
pulimoottilonline
.com

M C Road, Thiruvalla
0469 2602221
Kollam | Kottayam
Thodupuzha | Thrissur

Pulimoottil
SILKS

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Mangalam Web Media, Kottayam, Kerala. Chief Editor: Fr. Varghese Chamakalayil